● വാർഷിക വരിസംഖ്യ: ₹80

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2021 ● നവംബർ - ഡിസംബർ ● പുസ്തകം: 04 ● ലക്കം: 06 ● RNI Regn No: KERMAL/2017/73545 ● Registered No: KL/CT/230/2019-2021

## എല്ലാ ജനതകൾക്കുമായ് മുഴങ്ങുന്ന

# ക്രിസ്തുമസ് മണിനാദം

**ക്രിസ്തുവും അവിടുത്തെ ജനനവും എല്ലാ മനുഷ്യർക്കും വേണ്ടിയാണ്; എല്ലാ കാലഘട്ടത്തിനും വേണ്ടിയാണ്. എന്റേതു മാത്രമാണ്, ഞങ്ങളുടേത് മാത്രമാണ് ക്രിസ്തു എന്നു പറഞ്ഞ് ക്രിസ്തുവിനെ നമുക്ക് ചെറുതാക്കാനാവില്ല.**



**ഫാ. ജി. കടൂപ്പാറയിൽ MCBS**
ചീഫ് എഡിറ്റർ, ലൈഫ് ഡേ

'ജീസസ് ഹോപ് ഓഫ് ദ നേഷൻസ്' എന്ന ഗാനം ബ്രിയാൻ ഡുവേർക്സെൻ എഴുതുന്നത് വലിയ അരക്ഷിതാവസ്ഥയുടെ പശ്ചാത്തലത്തിലാണ്. ലോകം മുഴുവൻ അസ്വസ്ഥതകളിലേക്കും അസമാധാനത്തിലേക്കും ആണ്ടുപോയപ്പോൾ ലോകത്തിലെ എല്ലാ ജനങ്ങൾക്കും പ്രതീക്ഷ നൽകുന്നവൻ ക്രിസ്തുവാണ് എന്ന വലിയ ആശയത്തിൽ കേന്ദ്രീകരിച്ച് എഴുതപ്പെട്ട ഗാനമാണിത്.

1999 മുതൽ ബ്രിയാൻ ഈ ഗാനം എഴുതാൻ ആഗ്രഹിച്ചതാണ്. 2000–ാം ആണ്ടിൽ വ്യത്യസ്തങ്ങളായ അസ്വസ്ഥതകളിലൂടെ കടന്നുപോയപ്പോൾ ഇത്തരമൊരു ഗാനം എഴുതണമെന്ന ആഗ്രഹം വർദ്ധിച്ചെങ്കിലും നടന്നില്ല. ഒടുവിൽ 2001 സെപ്റ്റംബർ 11 –ലെ അരക്ഷിതാവസ്ഥയുടെ പശ്ചാത്തലത്തിൽ ഈ മനോഹരഗാനം പിറവിയെടുത്തു.

*എല്ലാ രാജ്യങ്ങളുടെയും പ്രതീക്ഷ യേശുവിലാണ്*
*കരയുന്ന എല്ലാ മനുഷ്യരെയും ഈശോ ആശ്വസിപ്പിക്കുന്നു*
*ഭൂമിയെക്കുറിച്ചുള്ള സ്വർഗത്തിന്റെ പ്രതീക്ഷ ഈശോയാണ്*
*ഞങ്ങൾക്കൊപ്പം ജീവിക്കുന്ന പ്രതീക്ഷ നീയാണ്*
*ഞങ്ങൾ ദൃഢമായി ആശ്രയം വയ്ക്കുന്ന പാറയാണ് നീ*
*ലോകം മുഴുവനും വേണ്ടി പ്രകാശിക്കുന്ന വെളിച്ചമാണ് നീ...*

ഇങ്ങനെയുള്ള വരികളാൽ ഗാനം തുടരുകയാണ്. 'ജീസസ് ഹോപ് ഓഫ് ദ നേഷൻസ്' എല്ലാ രാജ്യങ്ങളുടെയും പ്രതീക്ഷ യേശുവിലാണ് എന്നു തുടങ്ങുന്ന ഗാനം മുഴുവൻ നിറഞ്ഞുനിൽക്കുന്നത് എല്ലാ ജനതകൾക്കും വേണ്ടിയുള്ള ആളാണ് ക്രിസ്തു എന്ന ആശയത്തിലാണ്.

എല്ലാ മനുഷ്യരുടെയും നായകനും നാഥനും രക്ഷകനും രാജാവും ക്രിസ്തുവാണ്. എന്റേതു മാത്രമാണ്, ഞങ്ങളുടേത് മാത്രമാണ് ക്രിസ്തു എന്നു പറഞ്ഞ് ക്രിസ്തുവിനെ നമുക്ക് ചെറുതാക്കാനാവില്ല. 1862 –ൽ പ്രസിദ്ധീകരിക്കപ്പെട്ട വിക്ടർ ഹ്യൂഗോയുടെ 'പാവങ്ങൾ' എന്ന നോവൽ അറിയപ്പെടുന്നത്, എല്ലാ കാലങ്ങളിലും അനീതിയും അവഗണനയും അനുഭവിക്കുന്നവർക്കു വേണ്ടിയുള്ള പുസ്തകം എന്ന പേരിലാണ്. ഒരു പ്രത്യേക രാജ്യത്തിനോ, ജനതയ്ക്കോ, കാലഘട്ടത്തിനോ വേണ്ടിയുള്ള പുസ്തകമല്ലിത്. എല്ലാ കാലത്തേക്കും എല്ലാ ദേശത്തേക്കും എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതാണത്. യഥാർത്ഥത്തിൽ ക്രിസ്തുവും അവിടുത്തെ ജനനവും എല്ലാ മനുഷ്യർക്കും വേണ്ടിയാണ്; എല്ലാ കാലഘട്ടത്തിനും വേണ്ടിയാണ്.

### ക്രിസ്തു എല്ലാവരുടേതും എന്നു തെളിയിച്ച ഒരു സംഭവം

2021 ഒക്ടോബർ 22 –ന് എം.എസ്.റ്റി. സമൂഹാംഗമായ ഫാ. സിബി നെല്ലൂർ മരണമടഞ്ഞു. 48 വയസ്സേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. ലൂക്കീമിയ – രക്താർബുദം ആയിരുന്നു മരണകാരണം. ഹിമാചൽപ്രദേശിലെ ഷിംലയിൽ നിന്നും 115 കിലോമീറ്റർ അകലെയുള്ള പാബർ നദി ഒഴുകുന്ന റോഡ്രു ഗ്രാമത്തിലേക്ക് ക്രിസ്തു സന്ദേശം എത്തിച്ച ആളായിരുന്നു സിബിയച്ചൻ. അവിടേക്ക് ആദ്യമായി ക്രിസ്തുവിന്റെ രക്ഷാദൂതുമായി കടന്നുചെന്ന ആളായിരുന്നു അദ്ദേഹം. 2018 –ലായിരുന്നു അത്. താൻ കണ്ട, അറിഞ്ഞ ജനങ്ങളോട് താൻ അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനെക്കുറിച്ച് അദ്ദേഹം സംസാരിച്ചു.

അങ്ങനെ 2018 –ലെ ഡിസംബർ മാസം അടുത്തുവന്നു. അപ്പോൾ സിബിയച്ചൻ, കേരളത്തിലെ ജനങ്ങൾ ക്രിസ്തുമസ് കാലത്ത് വീടുകളിൽ നക്ഷത്രങ്ങൾ തൂക്കിയിടാറുണ്ട് എന്നു പറഞ്ഞു. എന്തുകൊണ്ടാണ് അങ്ങനെ നക്ഷത്രങ്ങൾ തൂക്കുന്നത് എന്നായി റോഡ്രുവിലെ ജനങ്ങൾ.

പേജ് മൂന്നിൽ തുടരും ▸



## പ്രിയവായനക്കാർക്ക് തിരുപ്പിറവി ആശംസകൾ

## എഡിറ്റോറിയൽ

● പുസ്തകം: 4 ● ലക്കം: 6

# ഇടം തേടിയ ജനനം ഇടം ഒരുക്കിയ ജീവിതം

ക്രിസ്തുമസ് സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സന്ദേശവുമായി കടന്നെത്തുകയാണ്. വീടുകളുടെ ഉമ്മറത്ത് തിളങ്ങിയാടുന്ന നക്ഷത്രങ്ങളും വർണ്ണപ്പകിട്ടാർന്ന ക്രിസ്തുമസ് അലങ്കാരങ്ങളും ബേത്‌ലെഹെമിലെ പുൽക്കൂടിനെ ഓർമിപ്പിക്കുന്ന കുഞ്ഞു പുൽക്കൂടുകളും മനസ്സിലേക്ക് നിറയ്ക്കുന്നത് സന്തോഷം മാത്രമാണ്. ഒരിക്കൽക്കൂടി ഒരു കൂടിച്ചേരലിന്റെ മധുരം നിറഞ്ഞ ആഘോഷത്തിലേക്ക് പ്രവേശിക്കാൻ ഒരുങ്ങുകയാണ് നാമെല്ലാം.

2000 വർഷങ്ങൾക്ക് മുൻപ് നടന്ന ഒരു ജനനം ഇന്നും വലിയൊരു ജനതയുടെ ഒളിമങ്ങാത്ത ആഘോഷമായി തുടരുകയാണ്. ലോകരക്ഷകനായി ഭൂജാതനായ യേശുവിന്റെ ജനനം വ്യത്യസ്തമായത് പലവിധ കാരണങ്ങളാലാണ്. പരിശുദ്ധ മറിയത്തിന് തന്റെ കടിഞ്ഞൂൽപുത്രന് ജന്മം നൽകാൻ ഇടം കിട്ടാതെ കാലിതൊഴുത്തിലെ പുൽക്കൂട് രക്ഷകന്റെ ജന്മഗേഹമായി മാറുകയാണ്. 'അവനെ പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി. കാരണം, സത്രത്തിൽ അവർക്ക് സ്ഥലം ലഭിച്ചില്ല.' (ലൂക്ക 2: 7). ജനിക്കാൻ ഇടം തേടി അലഞ്ഞ ലോകരക്ഷകൻ, പിന്നീട് ജീവിതത്തിൽ ഇടം ലഭിക്കാതെ അലഞ്ഞ അനേകർക്ക് ഇടമൊരുക്കിയവനായി മാറുകയാണ്. അവന്റെ കര സ്പർശത്താൽ സൗഖ്യം പ്രാപിച്ച കുഷ്ഠരോഗികളും പിശാചുബാധിതരും അന്ധരും ബധിരരും തളർവാതരോഗികളുമൊക്കെ നഷ്ടമായ ഇടം തിരികെ സ്വന്തമാക്കിയവരാണ്. തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ കുടുംബത്തിലും സമൂഹത്തിലുമൊക്കെ ഇടം നഷ്ടപ്പെട്ടവർക്ക്, നഷ്ടമായ ഇടം തിരികെ നേടിക്കൊടുക്കുകയാണ് ഈശോ. ഇടം ലഭിക്കാത്തവൻ ഇടം നഷ്ടമായവന്റെ വേദനയെ അറിഞ്ഞു എന്നതാണ് സത്യം.

ഓരോ പുൽക്കൂടും ഒരു ഓർമ്മപ്പെടുത്തലാണ്, ഇന്നും ഇടം നഷ്ടമായ അനേകർ നമുക്ക് ചുറ്റിലുമുണ്ട് എന്ന്. സ്വന്തമെന്ന് കരുതിയ ഇടങ്ങളിൽ പോലും തന്റേതായ ഇടം തേടി അലയുന്ന അനേകർക്ക് ഇടം ഒരുക്കുന്നരായി മാറാം നമുക്ക്. ഈ ലോകത്ത് അംഗീകരിക്കപ്പെടാതെയും സ്നേഹിക്കപ്പെടാതെയും കഴിയുന്നവർക്കൊക്കെ ആവശ്യമായത് അല്പം ഇടം മാത്രമാണെന്ന് മറക്കാതിരിക്കാം. കരുണയോടെയുള്ള ഒരു നോട്ടവും കരുതലോടെയുള്ള ഇടപെടലും ഇടം നഷ്ടമായവർക്ക് ഇടം നേടിക്കൊടുക്കാൻ പര്യാപ്തമാണ്. ഓരോ പുൽക്കൂടും ഈ ക്രിസ്തീയ ചൈതന്യത്തിലേക്ക് നമ്മെ നയിക്കട്ടെ.

# സമാധാനത്തിന്റെ ആഘോഷം, ക്രിസ്തുമസ്



## ഇടയശബ്ദം

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

സമാധാനത്തിന്റെയും ആനന്ദത്തിന്റെയും സ്നേഹത്തിന്റെയും സന്ദേശവുമായി ഒരിക്കൽ കൂടി ക്രിസ്തുമസ് വന്നെത്തുകയാണ്. സ്വർഗ്ഗീയ ഗായക വൃന്ദങ്ങളോട് ചേർന്ന് നമുക്കും പാടാം "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം!" (ലൂക്കാ 2:14). ഓരോ ദിവ്യബലിയുടെ ആരംഭത്തിലും നാം ആവർത്തിക്കുന്ന ഈ കീർത്തനം സകല ജനത്തിനും വേണ്ടിയുള്ള രക്ഷയുടെ സദ്വാർത്ത നമ്മെ നിരന്തരം അനുസ്മരിപ്പിക്കുന്നു. മനുഷ്യനായി അവതരിച്ച വചനം ഈ ഭൂമിയിൽ സംലഭ്യമാക്കിയ കൃപയും സമാധാനവും കണ്ടെത്താനുള്ള അന്വേഷണത്തിന്റെ അവസരമാണ് ഓരോ ക്രിസ്തുമസും. നക്ഷത്രം പിന്തുടർന്ന് വന്ന ആട്ടിടയരെയും രാജാവായി പിറന്ന ക്രിസ്തുവിനെ അന്വേഷിച്ചെത്തിയ പൂജരാജാക്കന്മാരെയും പോലെ നമുക്കും രക്ഷകനെ തേടി യാത്ര തുടങ്ങാം. സമാഗതമാകുന്ന ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ ഏറെ സ്നേഹത്തോടെ എല്ലാവർക്കും ആശംസിക്കുന്നു.

ക്രിസ്തുവിലൂടെ പൂർത്തിയായ രക്ഷാകര രഹസ്യങ്ങളെ ആരാധനക്രമവത്സരത്തിന്റെ പരമമായ ആഘോഷമായ വിശുദ്ധ കുർബാനയിലാണ് നാം അനുസ്മരിക്കുന്നതും അനുഭവിക്കുന്നതും. ഓരോ ക്രിസ്തുമസ് കാലവും ഈ രക്ഷാകര രഹസ്യത്തിന്റെ ആരംഭം കുറിച്ചുകൊണ്ടാണ് കടന്നു വരുന്നത്. നോമ്പനുഷ്ഠിച്ചും, പ്രാർത്ഥിച്ചൊരുങ്ങിയും, നക്ഷത്രവിളക്കുകളും പുൽക്കൂടുകളും അണിയിച്ചൊരുക്കി നാം കാത്തിരിക്കുന്നത് ദൈവപുത്രനായ ഈശോ തുറന്നുതന്ന രക്ഷയുടെ വാതിലിലൂടെ പ്രവേശിച്ച് അവിടുത്തെ രക്ഷാകര രഹസ്യങ്ങളിൽ പങ്കുകാരാകാനാണ്. ആത്മീയമായ ഒരുക്കത്തോടെ, ലളിതവും സമുചിതവുമായ ആഘോഷങ്ങളുടെ അകമ്പടിയോടെ ഉണ്ണിയീശോയെ നമുക്ക് വരവേൽക്കാം, നമ്മുടെ ഭവനങ്ങളിലും ഹൃദയങ്ങളിലും. "അന്ധകാരത്തിൽ സ്ഥിതി ചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു. മരണത്തിന്റെ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു." (മത്തായി 4:16) അവന്റെ വരവ് പാപത്തിന്റെ അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനതയ്ക്ക് മോചനം നൽകി നന്മയുടെ വെളിച്ചത്തിലേക്ക് അവരെ നയിക്കുന്നതിനായിരുന്നു.

"അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിന് വേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു." (യോഹ. 3:16) തന്റെ കരത്താൽ സൃഷ്ടിച്ച ജനത്തെ ഓരോ തവണയും ദൈവം സന്ദർശിക്കുമ്പോഴും മനുഷ്യവംശത്തോടുള്ള അവിടുത്തെ സ്നേഹം കരകവിഞ്ഞൊഴുകുന്നു. പിതാവായ ദൈവത്തിന്റെ സ്നേഹമാണ് ക്രിസ്തു. ആ സ്നേഹം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ആവരണം ചെയ്യപ്പെട്ട് മനുഷ്യനായി അവതരിച്ച് നമ്മോടൊത്തു നിരന്തരം വസിക്കുന്നതിന്റെ ഓർമ്മയാണ് ക്രിസ്തുമസ്. ആ സ്നേഹം, പങ്കുവയ്ക്കലിന്റേതാണ്, ഒപ്പം ശൂന്യവത്കരണത്തിന്റേതും. നമ്മുടെ ഇഷ്ടങ്ങൾക്കുമേൽ ദൈവത്തിന്റെ ഇഷ്ടത്തിന് ഇടം നൽകലാണത്. കാരണം, രാജാവായ ക്രിസ്തു ജനിച്ചത് പുൽക്കൂട്ടിലാണ്; ദൈവത്തിന്റെ മഹത്വം നാം ദർശിച്ചത് ഉണ്ണിയായി പിറന്നവന്റെ നിസാരതയിലും.

നല്ല ഓർമ്മകളുടെ ഒരു വസന്തകാലം തീർത്ത് കടന്നുപോകുന്ന ആഘോഷങ്ങൾക്കുമപ്പുറം നമ്മുടെ ജീവിതത്തെ പൂർണ്ണമായി നവീകരിക്കുന്ന ആത്മീയമായ ഒരനുഭവത്തിനായി നമുക്ക് പ്രത്യാശയോടെ ഒരുങ്ങാം. സ്നേഹത്തിന്റെ സന്ദേശവുമായി ലോകത്തിലേക്ക് വന്ന ക്രിസ്തുവിനെ ഹൃദയങ്ങളിൽ പുൽക്കൂടൊരുക്കി നമുക്ക് സ്വീകരിക്കാം. കാരണം, "രക്ഷ നമ്മൾ ആരും പ്രതീക്ഷിച്ചിരുന്നതിനെക്കാൾ കൂടുതൽ അടുത്തെത്തിയിരിക്കുന്നു." (റോമാ. 13:11) ഒരിക്കൽക്കൂടി എല്ലാവർക്കും ക്രിസ്തുമസ് - പുതുവത്സര ആശംസകൾ.

# ആശംസയിൽ നിറയുന്ന നിത്യസത്യം



## അകം പുറം

കെ. എഫ്. ജോർജ്

ലളിതമായ രണ്ടു വരി ആശംസ. മനുഷ്യജന്മ സാക്ഷാൽക്കാര വഴികളെല്ലാം ഈ കുഞ്ഞൻ അക്ഷരക്കൂട്ടിൽ ഒതുങ്ങുന്നു. ദൈവത്തിന് മഹത്വവും ദൈവകൃപ ലഭിച്ചവർക്ക് സമാധാനവും ആശംസിച്ച സ്വർഗീയദൂതരുടെ അലൗകിക ഗാനം അങ്ങനെ മനുഷ്യരക്ഷയുടെ സൂത്രവാക്യമായി.

ദിവ്യശിശു വളരുമ്പോൾ എങ്ങനെയാണ് ലോകത്തിന്റെ പ്രകാശവും വഴിയുമാകാൻ പോകുന്നതെന്ന ദീർഘദർശനമായിരുന്നു ഈ ഈരടി. ഈ ആശംസ തന്നെയാണ് 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥനയിൽ മണ്ണും വിണ്ണും തമ്മിലുള്ള പാലമായി യേശു വികസിപ്പിച്ചത്. ജീവിതത്തിന്റെ അർത്ഥം അന്വേഷിക്കുന്ന മനുഷ്യനുള്ള പ്രായോഗിക പാഠമാണത്. ഇതിൽ കുറഞ്ഞതോ ഇതിൽ കവിഞ്ഞതോ ആയ മറ്റൊരു പാഠവുമില്ല.

മാലാഖമാരുടെ ആശംസ യേശുജീവിതത്തിന്റെ രത്നച്ചുരുക്കമായി. അത് മനുഷ്യകുലത്തിന് രക്ഷാവഴിയിലേക്കുള്ള ചൂണ്ടുപലകയായി.

ദൈവത്തെ 'അപ്പാ' എന്നു വിളിച്ചാണ് യേശു സന്തോഷ - സന്താപ നിമിഷങ്ങൾ പങ്കിടുന്നത്. ഉള്ളം നിറയുന്ന നിർവൃതി പൂർണ്ണതയിലും ചോര കിനിയുന്ന സങ്കീർണ സങ്കടാവസ്ഥയിലും അപ്പന്റെ ഇഷ്ടങ്ങൾ ശിരസാവഹിക്കുന്ന മകനെ കാണാം.

പ്രപഞ്ച വിസ്മയങ്ങളുടെ മുമ്പിൽ വിരണ്ടു നിന്ന മനുഷ്യൻ വിശേഷ ബുദ്ധി ഉറച്ചകാലംമുതൽ തന്നെ നിയന്ത്രിക്കുന്ന ഒരു മഹാശക്തിയുണ്ടെന്നു വിശ്വസിച്ചുപോന്നു. ശാസ്ത്രം എത്ര വളർന്നാലും രോഗവും ദുരിതവും, അവസാനം മരണവുമുണ്ടെന്നതിനാൽ അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം എന്ന് അവൻ പറഞ്ഞേക്കാം.

എന്നാൽ ആശംസയുടെ രണ്ടാം ഭാഗമാണ് പലർക്കും പാലിക്കാൻ വിഷമമുള്ളത്. കാരണം ഇവിടെ ഒരു നിബന്ധനയുണ്ട്. ദൈവകൃപ ലഭിച്ചവർക്കാണ് സമാധാന വാഗ്ദാനം. സന്മനസ്സുള്ളവർക്ക് സമാധാനം എന്നും പറയാറുണ്ടല്ലോ. നല്ല മനസ്സുള്ളവരിലേക്ക് ദൈവകൃപ ഒഴുകിയെത്തും. അവർക്കേ സമാധാനത്തിന് അർഹതയുള്ളൂ.

ദൈവകൃപയ്ക്ക് യോഗ്യത നേടാൻ ശാന്തശീലനും വിനീതഹൃദയനുമായ തന്നെ പകർത്താൻ യേശു ആഹ്വാനം ചെയ്യുന്നു. ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കാൻ തയ്യാറാകുമ്പോൾ ദൈവകൃപ തടസ്സപ്പെടുത്തുന്ന നമ്മുടെ നിലപാടുകൾ ബോധ്യപ്പെടും. അവിടെ തിരുത്തൽ വരുത്തുന്നതോടെ സമാധാനമെന്ന ഭാരരഹിതാവസ്ഥയും അതിന്റെ ലാവണ്യവും



അനുഭൂതിയും അനുഭവിക്കാനാകും.

ദുരിതകാലങ്ങൾ മനുഷ്യനെ പ്രായേണ പരസ്പര കാലുഷ്യങ്ങളിൽ നിന്ന് അകറ്റി സമാധാനം തേടാൻ പ്രേരിപ്പിക്കുന്നു. വൈരാഗ്യത്തിന്റെ നിഷ്ഫലത അപ്പോൾ കൂടുതൽ തെളിമയാർന്നു വരേണ്ടതാണ്. പക്ഷേ, കോവിഡും അടിയ്ക്കടിയുള്ള പ്രളയവും അനുഭവിക്കുമ്പോഴും വീടുകളിലും സമൂഹത്തിലും അക്രമങ്ങൾ കൂടിവരുന്നു. ഗാർഹിക പീഡനങ്ങളുടെയും സ്വയംഹത്യകളുടെയും ദാരുണ സംഭവങ്ങൾ മാധ്യമങ്ങളിൽ നിറയുന്നു.

രാഷ്ട്രീയ നേതൃത്വങ്ങളിൽ സന്മനസ്സുള്ളവർ കുറയുമ്പോൾ രാജ്യക്ഷേമം അപകടത്തിലാകും. തൻകാര്യക്കാരായ നേതൃനിര സ്വന്തം പാർട്ടിയെ മാത്രമല്ല, ഒരു നാടിനെ തന്നെയാണ് കുരുതി കൊടുക്കുന്നത്.

മതങ്ങൾ തമ്മിലും മതങ്ങൾക്കുള്ളിലും അസ്വാസ്ഥ്യങ്ങൾ പുകയുന്നു. മറുവശം ഗൗനിക്കാതെ നിയമങ്ങളും ചട്ടങ്ങളും അടിച്ചേൽപ്പിക്കുമ്പോൾ ജീർണതയുടെ വിത്തുകളായിരിക്കാം അറിയാതെ കുഴിച്ചിട്ടുപോകുന്നത്. ഏതു നിയമവും മനുഷ്യനുവേണ്ടി ആയിരിക്കണമെന്ന ഗുരുമൊഴിക്ക് ഇവിടെ ക്ഷതമേൽക്കുന്നു.

സമാധാനമുണ്ടാക്കാൻ ശ്രമിച്ചവർക്ക് ജീവൻ നഷ്ടപ്പെട്ടതായി ചരിത്രവഴികളിൽ കാണുന്നു. സ്വന്തം ചോരകൊണ്ടാണ് അവർ ശാന്തിചരിത്രം കുറിച്ചുവച്ചത്. പക്ഷേ അവർ ഒരിക്കലും പരാജിതരല്ല. സമാധാനമുണ്ടാക്കുന്നവരെ ദൈവപുത്രരുടെ പദവിയിലേക്കാണ് യേശു ഉയർത്തിയത്.

ലോകം മുന്നോട്ടുപോകാൻ സമാധാനമെന്ന ദൈവകൃപ ഉണ്ടായേ തീരൂ. കാരണം ജീവജാലങ്ങളെയും സസ്യങ്ങളെയും ജീവൻ നിലനിർത്താനുള്ള ഊർജത്തേയുമെല്ലാം പരസ്പരം യോജിച്ചു പോകാൻ പാകത്തിലാണ് ഇവിടെ വിന്യസിച്ചിട്ടുള്ളത്. ഇവയുടെ സ്ഥാനവും താളവും തെറ്റിക്കാൻ ശ്രമിക്കുന്നത് മനുഷ്യനാണ്. ദൈവക്രമത്തിന് ഭംഗം വരുത്തുന്ന പാപം അവൻ ചെയ്തുകൊണ്ടേയിരിക്കുന്നു.

സമാധാനത്തിന്റെ പ്രാധാന്യമാണ് ബത്‌ലഹത്ത് ഉയർന്ന ഈരടിയിൽ നിറഞ്ഞു നിന്നത്. അതിനുവേണ്ട കൃപയ്ക്കായി എപ്പോഴും ശ്രമിക്കണമെന്ന് പുൽക്കൂട് നിരന്തരം ഓർമിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

# ചേർത്തു നിർത്തുന്ന ക്രിസ്തു സ്നേഹം

**എല്ലാവരെയും ചേർത്തുപിടിക്കേണ്ടത് ക്രിസ്ത്യാനി എന്ന നിലയിൽ എന്റെ കടമയാണ്. വ്യത്യസ്ത മതസമൂഹങ്ങളുള്ള കേരളത്തിലും ഒരു ക്രിസ്ത്യാനിയുടെ ധർമ്മം ക്രിസ്തുവിന്റേതു തന്നെയാണ്. ആരെയും മാറ്റിനിർത്താതിരിക്കുക.**

▸ പേജ് ഒന്നിൽ നിന്നു തുടർച്ച

ക്രിസ്തുവിന്റെ ജനനം ആഘോഷിക്കാനാണ് നക്ഷത്രങ്ങൾ അങ്ങനെ ഭവനങ്ങളിൽ അലങ്കരിക്കുന്നത് എന്ന് സിബിയച്ചൻ മറുപടി നൽകി. അങ്ങനെയെങ്കിൽ ക്രിസ്ത്യാനികൾ മാത്രം അത് ചെയ്താൽ പോരേ, ക്രിസ്തു ക്രിസ്ത്യാനികളുടേതല്ലേ എന്നായി റോഡ്രുവിലെ അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ. അപ്പോൾ സിബിയച്ചൻ മറുപടി നൽകി,

“ക്രിസ്തു ക്രിസ്ത്യാനികളുടേതു മാത്രമല്ല. ക്രിസ്തു എല്ലാവരുടേതുമാണ്. എല്ലാ ജനങ്ങൾക്കും വേണ്ടിയാണ് ക്രിസ്തു ജനിച്ചിരിക്കുന്നത്. ഈ ലോകത്തിലെ എല്ലാ തരത്തിലുമുള്ള ജനങ്ങൾക്കായി, എല്ലാ കാലങ്ങളിലേക്കുമുള്ള ജനങ്ങൾക്കായി. സമ്പന്നനും ദരിദ്രനും ആരോഗ്യവാനും രോഗിക്കും ഉയർന്നവനും താഴ്ന്നവനും കറുത്തവനും വെളുത്തവനും പൊക്കം കൂടിയവനും പൊക്കം കുറഞ്ഞവനും എല്ലാവർക്കുമായാണ് അദ്ദേഹത്തിന്റെ ജനനം. അതിനാൽ ആ ജനനം എല്ലാവരും ഓർമ്മിക്കുന്നത് നല്ലതാണ്. ആ ഓർമ്മയിൽ നക്ഷത്രങ്ങൾ ഉയർത്തുന്നത് മനോഹരവും.”

ഇത് കേട്ടപ്പോൾ ആളുകൾക്ക് മനസിലായി, ക്രിസ്തു എല്ലാവർക്കും വേണ്ടി ജനിച്ചയാളാണ് എന്ന്. ആ ബോധ്യം അവരുടെ ഉള്ളിൽ പ്രവേശിച്ചു. അവർ പറഞ്ഞു:

“ഞങ്ങൾക്ക് നക്ഷത്രങ്ങൾ വേണം. ഞങ്ങളുടെ ഭവനങ്ങളിൽ തൂക്കിയിടാനായി ഞങ്ങൾക്ക് നക്ഷത്രങ്ങൾ വേണം.”

അച്ചൻ കേരളത്തിൽ നിന്നും നക്ഷത്രങ്ങളെത്തിച്ചു. ആ ഗ്രാമത്തിലെ എൺപതോളം ഭവനങ്ങളിൽ 2018 ഡിസംബറിൽ നക്ഷത്രങ്ങൾ ഉയർന്നു എന്നത് ചരിത്രം.

എല്ലാവർക്കും വേണ്ടിയുള്ളവനാണ് ക്രിസ്തു എന്ന സത്യം ജനങ്ങളിലേക്ക് എത്തിച്ചുകൊടുക്കാൻ അദ്ദേഹത്തിന് സാധിച്ചതുകൊണ്ടാണ് അത്തരമൊരു മാറ്റം ആ ഗ്രാമത്തിൽ വന്നത്.

ഇപ്പോൾ മൂന്നു വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഈ 2021 –ലെ ക്രിസ്തുമസിന് റോഡ്രുവിൽ ആദ്യമായി നക്ഷത്രം ഉയർത്തിയ ഫാ. സിബി നെല്ലൂർ നമ്മോടൊപ്പമില്ല. പക്ഷേ, ആ ഗ്രാമത്തിലെ ജനങ്ങൾ, സിബിയച്ചൻ പരിചയപ്പെടുത്തിയ എല്ലാ ജനങ്ങൾക്കും വേണ്ടി ജനിച്ച ക്രിസ്തുവിന്റെ ജനനം ഈ വർഷവും ആഘോഷിക്കുമെന്ന് തീർച്ചയാണ്. ക്രിസ്തു തങ്ങളുടേതും കൂടെയാണെന്ന് അവർക്ക് മനസിലായി എന്നത് തീർച്ചയാണ്.

## എല്ലാവർക്കുമായി വന്നയാൾ

ലോകത്തിന് ക്രിസ്തുവിനെ പരിചയപ്പെടുത്താനുള്ള ഏറ്റവും നല്ല വിശേഷണം അദ്ദേഹം എല്ലാവരുടേതുമാണ് എന്നതാണ്. ഈ ലോകത്തിലെ എല്ലാ മനുഷ്യർക്കും വേണ്ടിയാണ് അദ്ദേഹം ഭൂമിയിൽ വന്നതും ജീവിച്ചതും മരിച്ചതും ഉയിർത്തതും. ക്രിസ്തു ഒരു മതത്തിന്റെയോ, സംസ്കാരത്തിന്റെയോ, കാലഘട്ടത്തിന്റെയോ മാത്രം ആളല്ല. അങ്ങനെ ചിന്തിക്കുന്നത് ശരിയല്ലതാനും.

“ഇതാ, സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു.” (ലൂക്കാ 2,10) എന്ന വചനം ക്രിസ്തു എല്ലാവർക്കും വേണ്ടിയുള്ളവനാണ്, ക്രിസ്തുവിന്റെ സന്ദേശം എല്ലാവർക്കും വേണ്ടിയുള്ളതാണ് എന്ന സത്യത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ്. ആരെയും മാറ്റിനിർത്താതെ, എല്ലാവരെയും ചേർത്തുപിടിക്കാനുള്ള ഒരു വരവായിരുന്നു ക്രിസ്തുവിന്റേത്.



ഇതുപോലെ മറ്റൊരാൾ ഭൂമിയിൽ ഉണ്ടായിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. മഹാന്മാരും ശ്രേഷ്ഠരുമായി നമ്മൾ ചരിത്രത്തിൽ പലരെയും കാണുന്നുണ്ടെങ്കിലും ക്രിസ്തുവിനെപ്പോലെ എല്ലാവർക്കുമായി വരികയും ജീവിക്കുകയും പീഡ സഹിക്കുകയും ഉയിർക്കുകയും ചെയ്ത മറ്റൊരാളില്ല.

## എല്ലാവർക്കുമായി ജനനം

വയലുകളിൽ രാത്രികാലങ്ങളിൽ ആടുകളെ കാത്തുകൊണ്ടിരിക്കുന്ന ഇടയന്മാരോടാണ് കർത്താവിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ട് സകല ജനത്തിനും വേണ്ടിയുള്ള ഈ സദ്വാർത്ത അറിയിക്കുന്നത്. ഇടയന്മാർ ക്രിസ്തുവിന്റെ ജനനം അറിയുന്നു, സന്ദർശിക്കുന്നു. ജ്ഞാനികൾ ക്രിസ്തുവിന്റെ ജനനം അറിയുന്നു, സന്ദർശിക്കുന്നു. ജ്ഞാനികളുടെ വരവിൽനിന്നും ഹേറോദേസ്, ക്രിസ്തുവിന്റെ ജനനം അറിയുന്നു. സമൂഹത്തിലെ വിവിധ തട്ടുകളിലുള്ളവർ അവന്റെ ജനനം അറിയണം എന്നതുതന്നെ അവന്റെ ജനനത്തിന്റെ സാർവ്വത്രികമാനം വെളിപ്പെടുത്തുന്ന കാര്യമാണ്. എല്ലാ വിഭാഗങ്ങളിലും പെട്ടവർ അവന്റെ ജനനം അറിയുന്നു. അതിൽ പണ്ഡിതരും പാമരരുമുണ്ട്. സമ്പന്നരും ദരിദ്രരുമുണ്ട്. ശത്രുക്കളും മിത്രങ്ങളുമുണ്ട്. എല്ലാ ജനങ്ങൾക്കുമായി അവൻ ജനിക്കുകയാണ്.

## എല്ലാവർക്കുമായി ജീവിതം

ക്രിസ്തുവിന്റെ ജീവിതത്തിലൂടെ കടന്നുപോകുമ്പോൾ നമ്മൾ കാണുന്ന ഒരു പ്രത്യേകത, അദ്ദേഹം എല്ലാത്തരം മനുഷ്യരുമായി ബന്ധം പുലർത്തിയിരുന്നു എന്നതു തന്നെ. ഫരിസേയർ, സദുക്കായർ, യഹൂദപ്രമാണികൾ, മുക്കുവർ, ചുങ്കക്കാർ, കുഷ്ഠരോഗികൾ, ദരിദ്രർ, സ്ത്രീകൾ, കുട്ടികൾ, വിധവകൾ തുടങ്ങി അക്കാലത്ത് ആ സമൂഹത്തിലുണ്ടായിരുന്ന എല്ലാ തലങ്ങളിലുമുള്ള ആളുകളുമായി ക്രിസ്തു ഇടപെട്ടിരുന്നു. അവന്റെ പ്രസംഗങ്ങൾ ശ്രവിക്കാൻ എല്ലാ തരത്തിലുംപെട്ട ആളുകൾ വന്നിരുന്നു.

എല്ലാ വിഭാഗങ്ങളിലുംപെട്ട ആളുകൾ അവനിൽ നിന്നും സൗഖ്യം പ്രാപിക്കുകയും ചെയ്തു. എല്ലാവരെയും ഉൾപ്പെടുത്തുന്ന ജീവിതവീക്ഷണവും ചൈതന്യവുമായിരുന്നു ക്രിസ്തുവിന്റേത്. അവന്റെ പാഠശാലയിൽ എല്ലാവർക്കും ഇരിപ്പിടമുണ്ടായിരുന്നു. അവന്റെ പന്തിയിൽ എല്ലാവർക്കും വിരുന്ന് വിളമ്പിയിരുന്നു. അവന്റെ ആകാശത്ത് എല്ലാവർക്കും വേണ്ടി വെളിച്ചം തെളിഞ്ഞിരുന്നു.

## ക്രിസ്തു ചൈതന്യം

ക്രിസ്തുവിന്റേതല്ലാതായി ആരും ഉണ്ടാകാൻ പാടില്ല എന്ന ഒരു ചിന്ത ക്രിസ്തുവിനുണ്ടായിരുന്നു എന്ന് നമ്മൾ മനസിലാക്കണം. അന്ത്യത്താഴവേളയിൽ ഒറ്റിക്കൊടുക്കാനിരുന്നവനെയും തള്ളിപ്പറയാനിരുന്നവനെയും അവിടുന്ന് ഒഴിവാക്കുന്നില്ല; അവരെയും ചേർത്തുനിർത്തുകയാണ്. ഒറ്റിക്കൊടുക്കുന്ന യൂദാസ്, സ്വയമേ അന്ത്യത്താഴമേശയിൽ നിന്നും ഇറങ്ങിപ്പോവുകയാണ് ചെയ്യുന്നത്. വിഘടിച്ചു നിൽക്കുന്നവനും വീഴുന്നവനും ഇടം നൽകിയവനാണ് ക്രിസ്തു എന്നതാണ് ഈ ലോകത്തിലെ മറ്റെല്ലാ വ്യക്തികളിൽ നിന്നും അദ്ദേഹത്തെ വ്യതിരിക്തനാക്കുന്നത്.

നമ്മളും ഓർമ്മിക്കുക, എല്ലാവർക്കും വേണ്ടി വന്നവന്റെ കൂട്ടത്തിൽ നിന്നും ആരെയും മാറ്റിനിർത്താൻ നമുക്ക് അവകാശവും അധികാരവുമില്ല എന്ന യാഥാർത്ഥ്യം. ക്രിസ്തുവിന്റെ പക്കൽ നിന്നും ആളെ മാറ്റാൻ നമുക്ക് എന്തു യോഗ്യതയാണുള്ളത്. ‘ശിശുക്കൾ എന്റെ അടുത്തു വരട്ടെ; അവരെ തടയേണ്ട’ എന്ന് പണ്ട് ക്രിസ്തു തന്റെ ശിഷ്യന്മാരോടു പറഞ്ഞതുപോലെ, ഇന്ന് നമ്മളോടും പറയാൻ ഇടവരാതിരിക്കട്ടെ.

ക്രിസ്തുവിനെ വേലികൾ കെട്ടി, അതിരുകളിൽ നിർത്താൻ നമുക്ക് യാതൊരു യോഗ്യതയും ഇല്ലായെന്നത് നമ്മൾ എപ്പോഴും ഓർമ്മിക്കേണ്ടതാണ്. മറ്റുള്ളവർ വ്യത്യസ്ത കാരണങ്ങളാൽ നമ്മെ അകറ്റിനിർത്തിയേക്കാം. പക്ഷേ, എല്ലാവരെയും ചേർത്തുപിടിക്കേണ്ടത് ക്രിസ്ത്യാനി എന്ന നിലയിൽ എന്റെ കടമയാണ്. വ്യത്യസ്ത മതസമൂഹങ്ങളുള്ള കേരളത്തിലും ഒരു ക്രിസ്ത്യാനിയുടെ ധർമ്മം ക്രിസ്തുവിന്റേതു തന്നെയാണ്. ആരെയും മാറ്റിനിർത്താതിരിക്കുക.

## നമ്മുടെ കടമ

‘എല്ലാ ജനത്തിനും വേണ്ടിയുള്ള സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു.’ എന്നാണ് മാലാഖ ഇടയന്മാരോടു പറയുന്നത്. അപ്പോൾ, ആ വാർത്ത മറ്റുള്ളവരെ അറിയിക്കുക എന്നത് ഇടയന്മാരുടെ കടമയായി മാറുകയാണ്. ഈ ദൗത്യം ഇക്കാലത്ത് ഏൽപിക്കപ്പെട്ടിരിക്കുന്നത് നമ്മെയാണ്. എല്ലാ ജനത്തിനും വേണ്ടി ജനിച്ച ക്രിസ്തുവിനെ എല്ലാ ജനത്തിനും എത്തിച്ചുകൊടുക്കുക എന്റെ ഉത്തരവാദിത്വമാണ് എന്ന് ഓരോരുത്തരും മനസിലാക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യണം. ഞാൻ അറിഞ്ഞ സദ്വാർത്ത ഞാൻ മറ്റുള്ളവരെ അറിയിക്കുന്നുണ്ടോ എന്ന ചോദ്യത്തിന് നാം ഉത്തരം നൽകണം.

## എ മാൻ ഫോർ ഓൾ സീസൺസ്

‘എ മാൻ ഫോർ ഓൾ സീസൺസ്’ എന്നത് വിശുദ്ധ തോമസ് മൂറിനെക്കുറിച്ചുള്ള ഒരു നാടകമാണ്. റോബർട്ട് ബോൾട്ടാണ് ആ നാടകത്തിന്റെ രചയിതാവ്. ഈ നാടകത്തെ ആസ്പദമാക്കി 1966 –ൽ ഒരു സിനിമയും ഇറങ്ങി. വിശുദ്ധ തോമസ് മൂറിന്റെ സ്വഭാവഗുണങ്ങൾ മൂലം അദ്ദേഹത്തെ വിശേഷിപ്പിക്കുന്ന പദമാണ് ‘എ മാൻ ഫോർ ഓൾ സീസൺസ്’ – എല്ലാ കാലങ്ങളിലേക്കുമുള്ള മനുഷ്യൻ. യഥാർത്ഥത്തിൽ ഈ പ്രയോഗം വിശുദ്ധ തോമസ് മൂറിനെക്കുറിച്ച് ആദ്യം ഉപയോഗിച്ചത് വിശുദ്ധന്റെ സമകാലീനനായിരുന്ന റോബർട്ട് വിറ്റിംഗ്ടൺ ആണ്; 1520 –ൽ.

‘എല്ലാ കാലങ്ങളിലേക്കുമുള്ള മനുഷ്യൻ’ എന്ന് വിശുദ്ധ തോമസ് മൂറിനെ വിശേഷിപ്പിക്കാമെങ്കിൽ ക്രിസ്തുവിനെ നമ്മൾ എങ്ങനെ വിശേഷിപ്പിക്കും. എല്ലാ കാലങ്ങൾക്കും ദേശങ്ങൾക്കും എല്ലാ ജനതകൾക്കും വേണ്ടിയുള്ള ദൈവ–മനുഷ്യൻ. അതാണ് ക്രിസ്തു. അതിൽ നിന്നും അദ്ദേഹത്തെ ആരും കുറച്ചുകാട്ടരുത്.

1985 –ൽ ക്രിസ് വാൻ അൾസ്ബുർഗ്, കുട്ടികൾക്കായി എഴുതിയ പുസ്തകമാണ് ‘ദ പോളാർ എക്സ്പ്രസ്.’ 2004 –ൽ അതേ പേരിൽ ഒരു കമ്പ്യൂട്ടർ ആനിമേറ്റഡ് ക്രിസ്മസ് മ്യൂസിക്കൽ ഫിലിം റിലീസായി. ടോം ഹാങ്ക്സ് എന്ന വിശ്വപ്രസിദ്ധ നടന്റെ സാന്നിധ്യമുള്ള സിനിമയാണത്. നായകനായ ആൺകുട്ടി ക്രിസ്തുമസ് തലേന്ന് ഉത്തരധ്രുവത്തിലേക്ക് ഒരു മാജിക്കൽ ട്രെയിനിൽ നടത്തുന്ന യാത്രയാണ് സിനിമയുടെ ഇതിവൃത്തം. ആ യാത്രയിൽ സാന്താക്ലോസിനെക്കുറിച്ചുള്ള അവന്റെ സംശയങ്ങളെല്ലാം മാറി അവൻ ഒരു വിശ്വാസിയായി മാറുന്നു. സാന്താക്ലോസ് അവനൊരു മണി നൽകുന്നു. ആദ്യം അതിന്റെ സ്വരം അവന് കേൾക്കാൻ പറ്റുന്നില്ലെങ്കിലും പിന്നീട് കേൾക്കാൻ സാധിക്കുന്നു. സാന്താ ആ മണി അവന് സമ്മാനിക്കുകയാണ്. പക്ഷേ, അവന് അത് നഷ്ടപ്പെടുന്നു.

ക്രിസ്തുമസ് പുലരിയിൽ അവൻ ഉണരുമ്പോൾ തനിക്കു നഷ്ടമായ മണി അവന് ക്രിസ്തുമസ് സമ്മാനമായി ലഭിക്കുകയാണ്. അതിന്റെ മധുരമായ സ്വരം അവന് കേൾക്കാൻ സാധിക്കുന്നുണ്ട്. അവന്റെ കുഞ്ഞുസഹോദരി സാറായ്ക്കും മണിശബ്ദം ശ്രവിക്കാൻ പറ്റി. പക്ഷേ അവരുടെ മാതാപിതാക്കൾക്ക് അത് കേൾക്കാനാവുന്നില്ല! കാരണം അവർക്ക് വിശ്വാസമില്ല.

സിനിമയുടെ അവസാനത്തിൽ നായകനായ കുട്ടിയുടെ ഒരു ആത്മഗതം ഉണ്ട്. അവന് പ്രായമായതിനു ശേഷം നടത്തുന്നതാണത്. മനോഹരമായ ആ ഭാഗം ഇങ്ങനെയാണ്. ‘ഒരു കാലത്ത് എന്റെ എല്ലാ കൂട്ടുകാർക്കും ആ മണിയടി ശബ്ദം കേൾക്കാമായിരുന്നു. പക്ഷേ, വർഷങ്ങൾ കഴിഞ്ഞപ്പോൾ അവർക്ക് ആ ശബ്ദം കേൾക്കാൻ പറ്റാതെ വന്നു. സാറായ്ക്കും ഒരു വർഷത്തെ ക്രിസ്തുമസ് മുതൽ ആ മധുരസ്വരം ശ്രവിക്കാൻ സാധിച്ചില്ല. എനിക്ക് പ്രായമായെങ്കിലും ആ മണിനാദം ഇപ്പോഴും എനിക്കായി മുഴങ്ങിക്കൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ വിശ്വസിക്കുന്നു എല്ലാവർക്കുമായി അത് മുഴങ്ങിക്കൊണ്ടിരിക്കുന്നു.’

എല്ലാവർക്കുമായി ക്രിസ്തുമസിന്റെ, ക്രിസ്തുവിന്റെ നാദം മുഴങ്ങിക്കൊണ്ടിരിക്കുന്നു. നമ്മൾ അതിനായി കാതുകൾ തുറന്നു വയ്ക്കുമ്പോൾ നമുക്കത് ശ്രവിക്കാനാവും. ആ നാദത്തിൽ നിന്നും ആരും അകലെയല്ല. ആരുടെയും മുമ്പിൽ അത് മുഴങ്ങാതിരിക്കുകയുമില്ല. എല്ലാവർക്കും വേണ്ടി മുഴങ്ങുന്ന മധുരമണിനാദമാണ് ക്രിസ്തുമസ്.

# താജ്മഹലിനുള്ളിലെ കരോൾ ഗാനം

അനു ഫെബിൻ ഇരുവേലിക്കുന്നേൽ



ക്രിസ്തുമസ് ചെറുകഥ രചനാ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ കഥ

പാതിരാകുർബ്ബാന കഴിഞ്ഞിറങ്ങുമ്പോൾ ടോമിയുടെ മുഖം മ്ലാനമായിരുന്നു. എന്തൊക്കെയോ ആകുലതകൾ അയാളെ മദിച്ചു. കാറിന്റെ ഡോർ തുറന്നടയുന്ന ശബ്ദത്തിൽ നിന്നും അവളും കുട്ടികളും കാറിൽ കയറി എന്നയാൾ മനസിലാക്കി. ചെറിയ ഒരു കുലുക്കത്തോടെ പള്ളിമുറ്റം കടന്ന് കാർ മെയിൻ റോഡിലേക്കിറങ്ങി.

ബാക്ക് സീറ്റിലിരുന്ന് കുട്ടികൾ വാതോരാതെ സംസാരിക്കുന്നു. പള്ളിയിലെ പുൽക്കൂടിന്റെ മനോഹാരിതയെ വർണ്ണിക്കുകയാണവർ. ബത്‌ലഹേം കുന്നുകളും, അരുവികളും മഞ്ഞിൽ പുതഞ്ഞ് ഈറനായി നിൽക്കുന്നതും കാണുമ്പോൾ തന്നെ, കിടുകിടാ ഉള്ളിൽ കുളിരുകോരും.

“അച്ചന്റെ ഇന്നത്തെ പ്രസംഗം നീ ശ്രദ്ധിച്ചോ?” പെട്ടെന്നാണയാൾ ഭാര്യയോടു ചോദിച്ചത്, യാതൊരു ഭാവഭേദവുമില്ലാതെ അവളിരുന്നു. സ്റ്റിയറിങ് മെല്ലെയൊന്നയച്ച് അവളുടെ മുഖത്തേക്ക് നോക്കി. ഉറങ്ങുകയാണെന്ന് തോന്നുന്നു. നാട്ടിൽ വന്നതിൽ പിന്നെ തിരക്കായിരുന്നല്ലോ.

കാർ, പോർച്ചിൽ കയറ്റിയിട്ട് റൂമിൽ കയറി വേഗം കിടന്നു. പ്രഭാതത്തിൽ നേരത്തെ ഉണരണം എന്നയാൾ കണക്കുകൂട്ടി.

പക്ഷേ! കുട്ടികൾ വിളിക്കുമ്പോഴാണയാൾ ഉണരുന്നത്. “ഡാഡി ഗുഡ്മോർണിംഗ്..ഹാപ്പി ക്രിസ്തുമസ് മൈ ഡിയർ ഡാഡ്. എണീക്കൂ ഡാഡി...” ഇന്നലെ ഡാഡി പറഞ്ഞ എല്ലാ ഫുഡ് ഐറ്റംസും മമ്മി ഉണ്ടാക്കിയിട്ടുണ്ട്. ടേബിളിൽ എല്ലാം ഒരുക്കിയിരിക്കുന്നു. വേഗം എണീറ്റുവാ.. മക്കൾ തിടുക്കം കൂട്ടി.

അയാൾ വേഗം എണീറ്റു കണ്ണാടിക്ക് മുന്നിൽ നിന്നും മുടിചീകി. കറുത്ത മുടിയിഴകൾക്കുള്ളിൽ ഒളിച്ചിരിക്കുന്ന വെള്ളി നാരുകൾ. ഷോക്കേയ്സിലെ വിവാഹ ഫോട്ടോയിലേക്കും പിന്നെ കണ്ണാടിയിലേക്കും മാറി മാറി നോക്കി. കാലം വ്യതിയാനങ്ങൾ വരുത്തിയിരിക്കുന്നു.

“നിങ്ങളൊന്നു വരുന്നുണ്ടോ ടോം... കുട്ടികൾ കുറേനേരമായി കാത്തിരിക്കുന്നു.” ഭാര്യയാണ്. അയാൾ ഡൈനിങ് ടേബിളിനരികിലേക്ക് നടന്നു.

ടേബിളിൽ പലനിറങ്ങൾ കോരി നിറച്ച ഭക്ഷണമേള, അലങ്കരിച്ച കേക്കിൽ “താജ്മഹൽ സൗധം” എഴുന്നു നിൽക്കുന്നു. പെട്ടെന്നയാൾ തിരിഞ്ഞു നടന്നു.

“ടോമിച്ചായനെങ്ങോട്ടാ...? കുട്ടികൾക്കു വിശക്കുന്നുണ്ട്...” “നീ വാ.. കുട്ടികളെയും കൂട്ടിക്കോ.. വേഗം വരാം...”

പറഞ്ഞു തീർന്നതും അയാൾ കാറിൽ കയറി സ്റ്റിയറിങ്ങിൽ തലയമർത്തിയിരുന്നു. പുറത്തെ മഞ്ഞിന്റെ തണുപ്പിലും തുറന്നു കിടന്ന കാറിൽ എസി ഓൺ ചെയ്തു.

യാഥാർത്ഥ്യവും സത്യവുമായി ഇപ്പോൾ അയാൾക്ക് പലതും അനുഭവപ്പെടാൻ തുടങ്ങി. പോറലുകൾ നിരന്തരം വീണ കുറേ വർഷങ്ങൾ. ‘പാതിയിൽ മുറിഞ്ഞുപോയ താരാട്ട്’ പിന്നെ, വളർന്നതും കുഞ്ഞിക്കാലുകൾ അടിവച്ചതുമെല്ലാം അപ്പന്റെ കൈകളിലൂടെ. വിശുദ്ധമായതത്രയും ആവാഹിച്ച് കുഞ്ഞിച്ചിറകുകൾ വിടർത്തി തന്നെ പറക്കാൻ പഠിപ്പിച്ചതും അപ്പൻ.

ചിറകുകൾ വളർച്ച പ്രാപിച്ചപ്പോൾ ആ ചിറകുകൾക്കിടയിൽ ഒരു പെൺകിളി ഇടം നേടി. പുഴയുടെ ഗതിമാറി... കാറ്റിന്റെ ദിശമാറി...

ജോലിയും കുടുംബവും അവളുടെ തനിച്ചിരുന്നുള്ള മുറുമുറുപ്പ്: “നോക്ക് നമുക്ക് മക്കൾ ഉണ്ട്, അവരുടെ പഠനം, ഭാവി... ഇവിടിങ്ങനെ അപ്പനേം നോക്കിയിരുന്നാൽ... എനിക്കുമടുത്തു... തോമസ് പറഞ്ഞ ആ വിസയില്ലേ... ആ വഴിയൊന്നു ശ്രമിച്ചു നോക്കിയാലോ...”

ജീവിതം അങ്ങനെയാണ് ‘ഒന്ന് ഓൺ ചെയ്യുമ്പോൾ ഒന്ന് ഓഫ് ആക്കേണ്ടിവരും’ അവളെ എതിർത്തു പറഞ്ഞില്ല... ‘ജീവിതം അങ്ങനെയാണ് ഒന്ന് ഓൺ...’

പിന്നീട് വൃദ്ധസദനത്തിന്റെ പടികൾ തിരികെയിറങ്ങുമ്പോൾ വ്യക്തമായും കണ്ടു, ‘അപ്പന്റെ കണ്ണിലെ നിർവികാരമായ നോട്ടം’ അതിലെ ചുവന്ന അഗ്നിനാളം അണഞ്ഞു പോവുന്നതും...

പിന്നീടങ്ങോട്ട് കിനാവുകണ്ട ആകാശയാത്രകൾ, അപ്പാർട്ട്മെന്റുകൾ, ഫ്ളാറ്റുകൾ, ഒഴിവുദിനങ്ങൾ, ജങ്കാർ യാത്രകൾ... ജീവിതം ആസ്വദിക്കുകയായിരുന്നു. ഒരിക്കലെങ്കിലും തിരികെ വരണമെന്ന് തോന്നിയതേയില്ല. ആഗ്രഹങ്ങളുടെ ഒരായിരം വിത്തുകൾ തളിരും പൂവും വിടർത്തി വൻ മരങ്ങളായി... ഫിക്സഡ് അക്കൗണ്ട് കനം കൂടി. എപ്പോഴോ ഡിസംബറിന്റെ രണ്ടാമത്തെ വാരത്തിൽ കുട്ടികളാണ് ആവശ്യമുന്നയിച്ചത്.

“ഡാഡി കേരളത്തിലെ ഡാഡിയുടെ ഒരു ഓൾഡ് ഹൗസ് ഇല്ലേ... ഇത്തവണ ക്രിസ്തുമസ് അവിടെയാക്കാം! തോടും പുഴയും മീനുകളുമൊക്കെയുണ്ടല്ലോ..ഇവിടെ മടുത്തു.”

ഭാര്യയും പറഞ്ഞു. “ശരിയാണ്, കുട്ടികൾക്ക് ഒരു ചെയ്ഞ്ചാവട്ടെ..”

അപ്പനുണ്ടാക്കിയ വീട്... അവിടെ ഊർന്നുവീണത് അപ്പന്റെ വിയർപ്പുതുള്ളികൾ. അലങ്കരിച്ച ആ താജ്മഹൽ കേക്ക് ആ ടേബിളിൽ വയ്ക്കാൻ തനിക്ക് അർഹതയുണ്ടോ? അയാൾ നെഞ്ചു തടവി ഞെളി പിരികൊണ്ടു.

കാറിന്റെ ഡോർ അടയുന്ന ശബ്ദം കേട്ട് അയാൾ കണ്ണു തുറന്നു. തോളിൽ കുലുക്കിവിളിക്കുന്ന ഭാര്യയുടെ ഭീതികലർന്ന സ്വരം... “നിങ്ങൾക്കെന്താ പറ്റിയത്? ഹോസ്പിറ്റലിലേക്ക് പോണോ? അല്ല... പിന്നെയെങ്ങോട്ടാണെന്ന് ഒന്നു പറയാമോ?” അവളുടെ അക്ഷമ നിറഞ്ഞ ശബ്ദം... “കരുണാലയത്തിലേക്ക്.” അയാളുടെ സ്വരം പതറിയിരുന്നു.

“പാതിരാക്കുർബ്ബാനയ്ക്ക് അച്ചന്റെ പ്രസംഗം നീ ശ്രദ്ധിച്ചോ?” അയാളുടെ ചോദ്യത്തിന്റെ അടിവേരുകൾ പടർന്നു ചെന്ന് അവളിൽ പൊട്ടിമുളയ്ക്കുന്നതയാൾ കണ്ടു. അയാളുടെ തണുത്ത കൈപ്പത്തിയിൽ വിരലമർത്തി അവളുടെ ഇടറിയ ശബ്ദം.

“കേട്ടു... നിങ്ങളോട് പറയണമെന്ന് ഞാൻ വിചാരിച്ചിരിക്കുകയായിരുന്നു... വരൂ... നമുക്ക് പോകാം...” അയാളുടെ കൈപ്പത്തികൾ ചൂടായിത്തുടങ്ങി. സ്റ്റിയറിങ് വേഗത്തിൽ തിരിഞ്ഞു. മുറ്റത്തെ വെയിൽ നാളങ്ങളെ കീറിമുറിച്ചുകൊണ്ട് കാർ റോഡിലേക്കിറങ്ങി.

ഡൈനിങ് ടേബിളിലെ താജ്മഹൽ സൗധത്തിനുള്ളിൽ ഇപ്പോൾ വല്ല്യപ്പനും, മക്കളും, പേരക്കിടാങ്ങളും ഒരുമിച്ചിരുന്നു കരോൾ ഗാനം പാടുന്നതയാൾ വ്യക്തമായും കണ്ടു. ക്രിസ്തുമസ് പുലർച്ചയിൽ ആ ശരണാലയത്തിന്റെ ഗേറ്റ് അവർക്കായി മലർക്കെ തുറന്നു കിടന്നിരുന്നു.

## മലബാർ വിഷൻ ക്രിസ്മസ് ചെറുകഥാ മത്സര വിജയികൾ



**ഒന്നാം സമ്മാനം**

അനു ഫെബിൻ ഇരുവേലിക്കുന്നേൽ
ഫാത്തിമ മാതാ ഇടവക, തേക്കുംകുറ്റി



**രണ്ടാം സമ്മാനം**

ആൻസ്റ്റിയ ജോസഫൈൻ സാബു
മടുക്കാക്കുഴി,
സെന്റ് ജോർജ് ഇടവക, വിലങ്ങാട്



**മൂന്നാം സമ്മാനം**

അഡ്വ. ജോസ് ഓലിക്കൽ
സെന്റ് മേരീസ് ഇടവക, പന്തല്ലൂർ

2-ാം ചരമ വാർഷികം
06-12-2021



വി. ജെ. തോമസ് (കൊച്ചായിച്ചേട്ടൻ)
വളവനോലിക്കൽ, മുക്കം
ജനനം: 02-02-1939 മരണം: 06-12-2019
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

സ്വർഗ്ഗത്തിൽ 9-ാം പിറന്നാൾ
15-12-2021



ജിന്റോ തോമസ്
അരീക്കൽ, കൂരാച്ചുണ്ട്
ജനനം: 18-06-1989 മരണം: 15-12-2012
ഞങ്ങൾ സ്നേഹിച്ചിരുന്ന ഞങ്ങളെ സ്നേഹിച്ചിരുന്ന സ്നേഹദീപം നിലച്ചിട്ട് ഇന്ന് 9 വർഷം
നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളുടെ ജിന്റോ മോനെയും ഓർക്കണമേ
അപ്പച്ചൻ, അമ്മച്ചി, ചേട്ടായി, ചേച്ചി, ജോമിറ്റ്, ജിയമോൾ, ജോയൽ, കുടുംബാംഗങ്ങൾ

# 'ഒരുമിച്ച് നടക്കേണ്ട സഭ'

## 2023 ലെ മെത്രാന്മാരുടെ ആഗോളസിനഡ്

**ഫ്രാൻസിസ് മാർപാപ്പയുടെ നേതൃത്വത്തിൽ ആഗോള മെത്രാന്മാരുടെ പതിനാറാമത് പൊതുസമ്മേളനം 2023 ഒക്ടോബറിൽ നടക്കുകയാണ്. സമ്മേളനത്തിൽ 'ഒരു സിനഡൽ സഭയ്ക്കായി: കൂട്ടായ്മ, പങ്കാളിത്തം, ദൗത്യം' എന്ന വിഷയത്തെപ്പറ്റി ചിന്തിക്കാനാണ് മാർപാപ്പ ആവശ്യപ്പെടുന്നത്. കൃത്യമായും മൂന്നാം സഹസ്രാബ്ദത്തിലെ സഭയിൽ നിന്ന് ദൈവം പ്രതീക്ഷിക്കുന്നത് ഈ 'സിനഡാലിറ്റി'യാണെന്ന് അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു.**



റവ. ഡോ. രഞ്ജിത്
ചക്കുംമൂട്ടിൽ
(ഡയറക്ടർ, പിഎംഒസി)

സാർവത്രിക സുനഹദോസുകളുടെ ചെറിയ പതിപ്പായി, മെത്രാന്മാരുടെ ആലോചനാ സമ്മേളനം എന്ന വിധത്തിൽ വിശുദ്ധ പോൾ ആറാമൻ മാർപാപ്പ 1965 ൽ 'അപ്പൊസ്തോലിക്ക സോളിചിത്തുദൊ' എന്ന സ്വാധികാര (Motu proprio) അപ്പസ്തോലിക പ്രമാണ രേഖവഴിയാണ് സാർവത്രിക സഭയുടെ മെത്രാൻ സിനഡ് രൂപീകരിച്ചത്. ഇത്തരത്തിലുള്ള മെത്രാന്മാരുടെ പതിനാറാമത് പൊതു സമ്മേളനം 2023 ഒക്ടോബർ മാസത്തിൽ വത്തിക്കാനിൽ വച്ച് നടക്കുകയാണ്. 1965 ലെ പോൾ ആറാമൻ മാർപാപ്പയുടെ പ്രമാണരേഖയുടെ തുടർച്ചയായി 2018 ൽ ഫ്രാൻസിസ് മാർപാപ്പ പുറപ്പെടുവിച്ച 'എപ്പിസ്കോപാലിസ് കൊമ്മ്യൂണിയോ' എന്ന പ്രമാണ രേഖ ആഗോള സഭയുടെ മെത്രാൻ സിനഡിനെ മൂന്നു ഘട്ടങ്ങളിലായി സജ്ജീകരിക്കാൻ ആവശ്യപ്പെടുന്നു. ഒരുക്കത്തിന്റെ ഘട്ടം, കൂടിയാലോചനകളുടെ ഘട്ടം, തീരുമാനങ്ങൾ നടപ്പിലാക്കുന്ന ഘട്ടം എന്നിവയാണവ. ഇവയിൽ കൂടിയാലോചനകളുടെ ഘട്ടത്തിലും തീരുമാനങ്ങൾ നടപ്പിലാക്കുന്ന ഘട്ടത്തിലും പ്രാദേശിക സഭകൾക്ക്, പ്രത്യേകിച്ച് രൂപതകൾക്ക് സവിശേഷമായ ഉത്തരവാദിത്വവും പങ്കാളിത്തവുമുണ്ട്.

ഫ്രാൻസിസ് മാർപാപ്പയുടെ ഈ പുതിയ പ്രമാണരേഖയുടെ അടിസ്ഥാനത്തിൽ വിളിച്ചു ചേർക്കപ്പെടുന്ന ആദ്യത്തെ മെത്രാന്മാരുടെ പൊതുസമ്മേളനമാണ് 2023 ൽ നടക്കാൻ പോകുന്നത്. ഈ സമ്മേളനത്തിന്റെ കൂടിയലോചനകൾക്കായി രണ്ട് വർഷക്കാലമാണ് നൽകപ്പെട്ടിരിക്കുന്നത്.

2023 ഒക്ടോബർ മാസത്തിൽ നടക്കുന്ന മെത്രാന്മാരുടെ പതിനാറാമത് സമ്മേളനത്തിൽ "ഒരു സിനഡൽ സഭയ്ക്കായി: കൂട്ടായ്മ, പങ്കാളിത്തം, ദൗത്യം" എന്ന വിഷയത്തെപ്പറ്റി ചിന്തിക്കാനാണ് ഫ്രാൻസിസ് മാർപാപ്പ ആവശ്യപ്പെടുന്നത്. കൃത്യമായും മൂന്നാം സഹസ്രാബ്ദത്തിലെ സഭയിൽ നിന്ന് ദൈവം പ്രതീക്ഷിക്കുന്നത് ഈ 'സിനഡാലിറ്റി'യാണെന്ന് അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു.

'സിനഡാലിറ്റി' എന്ന വാക്കുകൊണ്ട് സഭയുടെ ജീവിതത്തിലും ദൗത്യത്തിലും മുഴുവൻ ദൈവജനത്തിന്റെയും പങ്കാളിത്തം എന്ന ആശയമാണ് സൂചിപ്പിക്കപ്പെടുന്നത്. സിനഡ് എന്ന പദം ഗ്രീക്ക് ഭാഷയിലെ സിനോദോസ് എന്ന പദത്തിൽ നിന്നുമാണ് ഉത്ഭവിക്കുന്നത്. ഗ്രീക്കിലെ സിൻ (syn), ഹോദോസ് (hodos) എന്നീ രണ്ട് പദങ്ങളുടെ സങ്കലനമാണ് ഇത്. 'സിൻ' എന്നാൽ ഒരുമിച്ച് എന്നും ഹോദോസ് എന്നാൽ വഴി, യാത്ര എന്നുമാണ് അർത്ഥം. അതായത് സിനോദോസ് എന്നാൽ ഒരുമിച്ച് യാത്ര ചെയ്യുകയെന്നർത്ഥം.

'ഒരു സിനഡൽ സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം' എന്ന പേരിൽ ഈ കൂടിയാലോചനകളെ സഹായിക്കുന്നതിനുവേണ്ടി 2021 സെപ്റ്റംബർ ഏഴിന് തയ്യാറെടുപ്പിനുള്ള മാർഗ്ഗരേഖയും പ്രവർത്തന മാർഗ്ഗരേഖയും വത്തിക്കാനിൽ നിന്ന് പ്രസിദ്ധീകൃതമായി. 2021 ഒക്ടോബർ 10ന് ഫ്രാൻസിസ് മാർപാപ്പ കൂടിയാലോചനകളുടെ ഘട്ടം ഉദ്ഘാടനം ചെയ്യുകയുണ്ടായി. തുടർന്നു വരുന്ന മാസങ്ങളിൽ കത്തോലിക്കാ സഭയിലെ ലോകമാസകലമുള്ള വിവിധ രൂപതകളിലും സന്യാസ സമൂഹങ്ങളിലും ഈ കൂടിയാലോചനകൾ ആരംഭിച്ചു കഴിഞ്ഞു. ഈ രേഖകൾ സൂചിപ്പിക്കുന്നതുപോലെ കൂട്ടായ്മയുടെയും പങ്കാളിത്തത്തിന്റെയും പുതുപ്രേഷിതത്വത്തിന്റെയും വസന്തകാലത്തിലേക്ക് സഭ കാലെടുത്തുവയ്ക്കാൻ വീണ്ടും ഒരുങ്ങുകയാണ്. വത്തിക്കാൻ സിനഡൽ കാര്യാലയത്തിൽ നിന്നുള്ള നിർദേശമനുസരിച്ച്, 2022 ആഗസ്റ്റ് 15നുള്ളിൽ കൂടിയാലോചനകളുടെ റിപ്പോർട്ടുകൾ സിനഡൽ കാര്യാലയത്തിനു നൽകണം.




### പ്രാദേശിക സഭകളിലെ കൂടിയാലോചനകൾ

പ്രാദേശിക സഭയിൽ കൂടിയാലോചനകൾ നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ പറ്റി മാർഗനിർദേശക രേഖയിൽ കൃത്യമായി പറയുന്നുണ്ട്.

രൂപതയിലെ വൈദികർ, സന്യസ്തർ, അല്മായർ, മറ്റ് ക്രൈസ്തവ സഭാംഗങ്ങൾ, മറ്റു മതസ്ഥർ തുടങ്ങി സമൂഹത്തിലെ എല്ലാ മനുഷ്യരെയും കേൾക്കുന്ന, സഭയെക്കുറിച്ചുള്ള അവരുടെ പ്രതീക്ഷകളും അഭിപ്രായങ്ങളും ഉത്കണ്ഠകളും വിമർശനങ്ങളും, വിലയിരുത്തലുകളും, തിരുത്തലുകളും പങ്കുവയ്ക്കപ്പെടുന്ന വേദികളായി ഈ പ്രാദേശിക (രൂപതാതല) കൂടിയാലോചനകൾ മാറണം എന്ന് ഈ രേഖ ഉദ്ബോധിപ്പിക്കുന്നു. ഏറ്റവും പ്രധാനമായി സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാറ്റിനിറുത്തപ്പെട്ടവരും അവഗണിക്കപ്പെട്ടവരും എന്നിങ്ങനെ സാധാരണമായി കേൾക്കപ്പെടാതെ പോകുന്ന സ്വരങ്ങളെ കേൾപ്പിക്കാനുള്ള ശ്രമം ബോധപൂർവ്വകമായി ഉണ്ടാകണമെന്ന് ഓർമപ്പെടുത്തുന്നു.

പലപ്പോഴും ഹയരാർക്കിയുടെ അധികാര സ്ഥാപന ശൈലി പിന്തുടരുന്നതിലേക്ക് വീണുപോകുന്ന സഭാ സംവിധാനങ്ങളെ പങ്കാളിത്ത ശൈലിയുടെ, ഒരുമിച്ചുള്ള യാത്രയുടെ, എല്ലാവരെയും കേൾക്കുന്ന തുറന്ന മനോഭാവത്തിന്റെ പുത്തൻശൈലിയിലേക്ക് പരിവർത്തനം ചെയ്യിക്കുകയെന്ന ഉത്തരവാദിത്വമാണ് ഫ്രാൻസിസ് മാർപാപ്പ ഈ സമ്മേളനത്തെ ഭരമേൽപ്പിച്ചിരിക്കുന്നത്.

ഓരോ രൂപതയും പ്രാദേശിക സഭകളും തങ്ങളുടെ പ്രത്യേക സാഹചര്യങ്ങൾ മനസിലാക്കിക്കൊണ്ട് കൂടിയാലോചനകളുടെ ഈ ഘട്ടം നിർവഹിക്കേണ്ടതുണ്ട്. കൂടിയാലോചനകൾക്കുവേണ്ട കൃത്യമായ മാർഗദർശനങ്ങൾ പ്രവർത്തനമാർഗ്ഗരേഖയുടെ അഞ്ചാം ഭാഗം നൽകുന്നുണ്ട്. അവയിൽ നിന്ന് ഓരോ രൂപതയും പ്രാദേശിക സഭകളും തങ്ങൾക്ക് പ്രസക്തമായ വിഷയങ്ങൾ തിരഞ്ഞെടുക്കുകയും അതാത് പ്രദേശങ്ങൾക്ക് പ്രസക്തമായ തനതു വിഷയങ്ങൾ കണ്ടെത്തുകയും ചെയ്യേണ്ടതുണ്ട്.

തയ്യാറെടുപ്പിനു വേണ്ടിയുള്ള സഹായക ഗ്രന്ഥത്തിന്റെ മുപ്പതാമത്തെ ഖണ്ഡികയിൽ സജീവമായ ചർച്ചകളിലേക്ക് വഴിതെളിക്കാൻ സഹായിക്കുന്ന പത്ത് പ്രമേയങ്ങളെ അവതരിപ്പിച്ചിട്ടുണ്ട്. ഒരുമിച്ച് യാത്ര ചെയ്യുന്ന സുഹൃത്തുക്കൾ, കേൾക്കാനുള്ള മനസ്, സംസാരിക്കാനുള്ള ധൈര്യവും സത്യസന്ധതയും, ഒരുമിച്ചുള്ള യാത്രയെ ശക്തിപ്പെടുത്തുന്ന വിശുദ്ധ കുർബാനയുടെ ആഘോഷം, പ്രേഷിത ദൗത്യത്തിലെ സഹവർത്തിത്വവും സഹ ഉത്തരവാദിത്വവും, സംവാദങ്ങൾക്കുള്ള തുറന്ന വേദികൾ, മറ്റ് ക്രിസ്തീയ സഭകളോടുള്ള സഹകരണം, അധികാരവും പങ്കാളിത്തവും, വിവേചനാശക്തിയും ശരിയായ തീരുമാനങ്ങളും, ഒരുമിച്ചു നടക്കാൻ സ്വയം പരിശീലിപ്പിക്കൽ എന്നിവയാണു ആ പത്തു പ്രമേയങ്ങൾ

സുവിശേഷവത്കരണം ലക്ഷ്യമാക്കിയുള്ള സഭയുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും പരിശുദ്ധാത്മാവിന്റെ നിമന്ത്രണങ്ങൾക്കനുസരിച്ച് ഒരുമിച്ച് യാത്ര ചെയ്യാൻ ദൈവജനത്തെ ഒന്നാകെ ഒരുക്കുകയെന്ന ലക്ഷ്യമാണ് വരാൻ പോകുന്ന ഈ സിനഡ് മുന്നോട്ടുവയ്ക്കുന്നത്.






# മാനേജ്മെന്റ് പഠനത്തിന് ക്യാറ്റ്, മാറ്റ്, സി-മാറ്റ്, സാറ്റ്...



**മാസ്റ്റേഴ്സ് ഇൻ ബിസിനസ് അഡ്മിനിസ്ട്രേഷൻ (MBA) അടക്കമുള്ള മാനേജ്മെന്റ് കോഴ്സുകൾക്കുള്ള പ്രധാന പ്രവേശന പരീക്ഷകളാണ് ക്യാറ്റ്, മാറ്റ്, സി-മാറ്റ്, സാറ്റ്, ഇർമ്മ-സാറ്റ്, സ്നാപ് തുടങ്ങിയവ**



പ്രഫ. ചാർലി കട്ടക്കയം
ഫോൺ: 9447 315674

യുവതലമുറയുടെ ഇഷ്ട കോഴ്സായി എംബിഎ അടക്കമുള്ള മാനേജ്മെന്റ് കോഴ്സുകൾ മാറിയിരിക്കുകയാണ്. വിവിധ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് കോഴ്സുകൾക്കുള്ള പ്രവേശനം നടത്തുന്നത് ക്യാറ്റ്, മാറ്റ്, സി-മാറ്റ്, കെ-മാറ്റ്, സാറ്റ് തുടങ്ങിയ പ്രവേശന പരീക്ഷകളുടെ സ്കോറിന്റെ അടിസ്ഥാനത്തിലാണ്.

എല്ലാ പ്രവേശന പരീക്ഷകളുടെയും സിലബസ് ഏതാണ്ട് സമാനമായതിനാൽ ഒന്നിൽ കൂടുതൽ പരീക്ഷകൾ എഴുതുന്നതും എളുപ്പമാണ്. മാർക്കറ്റിങ്, ഫിനാൻസ്, ടൂറിസം, ഐടി, ഹ്യൂമൻ റിസോഴ്സ്, ഇൻഷൂറൻസ്, ഡിസാസ്റ്റർ, ഹോട്ടൽ, ഹോസ്പിറ്റൽ, ഹെൽത്ത് കെയർ, എജ്യൂക്കേഷൻ, ഫോറിൻട്രേഡ് തുടങ്ങിയ വളരെയധികം വിഷയങ്ങളിൽ മാനേജ്മെന്റ് പഠനം സാധ്യമാണ്.

## ക്യാറ്റ്

കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ കീഴിൽ വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റുകളിലേക്കുള്ള (ഐഐഎം) പ്രവേശന പരീക്ഷയാണ് കോമൺ അഡ്മിഷൻ ടെസ്റ്റ് (CAT). ഐഐഎമ്മുകൾ നടത്തുന്ന പിജി, പിജിപി-എംബിഎ, പിജിപി-പിജിഡിസിഎം, പിജിപി-പിജിഡിഎം തുടങ്ങിയ പിജി കോഴ്സുകൾക്കും ഐഐഎം നടത്തുന്ന പിഎച്ച്ഡിക്ക് തുല്യമായ ഫെലോഷിപ്പ് പ്രോഗ്രാമുകൾക്കും അഡ്മിഷന് ക്യാറ്റ് സ്കോറാണ് പരിഗണിക്കുക.

ഐഐഎമ്മുകൾക്കു പുറമേ ഐഐടികൾ, എൻഐടികൾ എന്നിവ നടത്തുന്ന മാനേജ്മെന്റ് കോഴ്സുകൾക്കും ക്യാറ്റ് സ്കോറാണ് പരിഗണിക്കുക.

ഓഗസ്റ്റ് -സെപ്റ്റംബർ മാസങ്ങളിലാണ് ഓൺലൈൻ കമ്പ്യൂട്ടർ ബേസ്ഡ് ക്യാറ്റ് പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടത്. 2200 രൂപയാണ് പരീക്ഷാ ഫീസ്. നവംബർ മാസത്തിലാണ് എല്ലാവർഷവും പരീക്ഷ നടക്കുന്നത്. എൻജിനീയറിങ് ഉൾപ്പെടെ ഏതെങ്കിലും വിഷയത്തിൽ അൻപത് ശതമാനം മാർക്കോടെ ബിരുദമുള്ളവർക്കും, അവസാന വർഷ ബിരുദ ക്ലാസിൽ പഠിക്കുന്നവർക്കും പരീക്ഷ എഴുതാം.

ഏതെങ്കിലും ഐഐഎമ്മിനാവും ഓരോ വർഷവും പരീക്ഷാ ചുമതല. വിശദവിവരങ്ങൾ എല്ലാ ഐഐഎമ്മുകളുടെയും വെബ്സൈറ്റിൽ ലഭിക്കും. കോഴിക്കോട് ഐഐഎം വെബ്സൈറ്റ് www.iimk.ac.in

## മാറ്റ്

ഓൾ ഇന്ത്യാ മാനേജ്മെന്റ് അസോസിയേഷൻ (AIMA) നടത്തുന്ന മാനേജ്മേന്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (MAT) സ്കോറിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യയിലെ അറുനൂറോളം പ്രമുഖ മാനേജ്മെന്റ് സ്ഥാപനങ്ങളിലെ എംബിഎ അഡ്മിഷൻ നടക്കുന്നത്. യുജിസി അംഗീകൃത സർവകലശാല ബിരുദമുള്ളവർക്കും അവസാന വർഷ ബിരുദക്കാർക്കും അപേക്ഷിക്കാം.

മറ്റ് പരീക്ഷകളിൽ നിന്നും വ്യത്യസ്തമായി മാറ്റ് പരീക്ഷ വർഷത്തിൽ നാല് പ്രാവശ്യം നടന്നുവരുന്നു. ഫെബ്രുവരി, മെയ്, സെപ്റ്റംബർ, ഡിസംബർ മാസങ്ങളിലാണ് പരീക്ഷ നടക്കുന്നത്. എത്ര തവണ വേണമെങ്കിലും പരീക്ഷ എഴുതാം. ഒരു പ്രാവശ്യം പ്രവേശന പരീക്ഷ വിജയിച്ചാൽ സ്കോറിങ് കാലാവധി ഒരു വർഷമാണ്. ഒരു മാർക്ക് വീതമുള്ള 200 ചോദ്യങ്ങളാണ് പ്രവേശന പരീക്ഷയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അഞ്ച് വിഭാഗത്തിൽ നിന്നുമാണ് ചോദ്യങ്ങൾ പ്രധാനമായും ചോദിക്കുന്നത്.

1. Language comprehension
2. Mathematical skill
3. Data analysis
4. Inteligence and critical reasoning
5. Indian and global environment

ഓരോ ഭാഗത്തുനിന്നും 40 ചോദ്യങ്ങൾ.

മാറ്റ് പരീക്ഷ പേപ്പർ ബേസ്ഡ്, കംപ്യൂട്ടർ ബേസ്ഡ് എന്നീ രണ്ടു മോഡുകളിൽ നടന്നുവരുന്നു. തിരുവനന്തപുരം, കോട്ടയം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ പരീക്ഷാ കേന്ദ്രങ്ങളുണ്ട്. 1650 രൂപയാണ് പരീക്ഷാഫീസ്. www.apps.aima.in എന്ന വെബ്സൈറ്റിൽ കൂടുതൽ വിവരങ്ങൾ ലഭ്യമാണ്.

## സി-മാറ്റ്

ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ (എഐസിടി) അംഗീകാരമുള്ള മാനേജ്മെന്റ് കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നതിന് ആവശ്യമായ പ്രവേശന പരീക്ഷയാണ് കോമൺ മാനേജ്മെന്റ് അഡ്മിഷൻ ടെസ്റ്റ് (സി-മാറ്റ്) നാഷണൽ ടെസ്റ്റിംഗ് അതോറിറ്റി (NTA) ആണ് ഈ പരീക്ഷ നടത്തുന്നത്. അംഗീകൃത സർവകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവർക്കും ഇപ്പോൾ അവസാനവർഷ ബിരുദക്ലാസിൽ പഠിക്കുന്നവർക്കും പരീക്ഷ എഴുതാം.

അടുത്ത പ്രവേശന പരീക്ഷയ്ക്ക് ഡിസംബർ 31 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. ഫെബ്രുവരി ആദ്യവാരമാണ് പ്രവേശന പരീക്ഷ. മൂന്ന് മണിക്കൂർ ദൈർഘ്യമുള്ള കപ്യൂട്ടർ ബേസ്ഡ് ഓൺലൈൻ പരീക്ഷയാണിത്. കേരളത്തിൽ തിരുവനന്തപുരത്താണ് പരീക്ഷാ കേന്ദ്രമുള്ളത്. പരീക്ഷയ്ക്ക് ക്വാളിറ്റേറ്റീവ് ടെക്നിക്സ്, ലോജിക്കൽ റീസണിങ്, ലാംഗ്വേജ്, ജനറൽ അവയർനസ്, ഇന്നവേഷൻ ആന്റ് എന്റർപ്രനേർഷിപ്പ് എന്നിങ്ങനെ അഞ്ച് വിഭാഗങ്ങളിൽ നിന്നായി നൂറ് മാർക്കിന്റെ MCQ ഫോർമാറ്റ് ചോദ്യങ്ങൾ ഉണ്ടാകും.

ക്യാറ്റ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ എഴുതുന്ന പരീക്ഷയാണ് സി-മാറ്റ്. ക്യാറ്റ് പരീക്ഷയേക്കാൾ കുറച്ചുകൂടി എളുപ്പമാണ് സി-മാറ്റ് പരീക്ഷ. കൂടുതൽ വിവരങ്ങൾ www.aicte-cmat.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

## സാറ്റ്

ജാംഷഡ്പൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കാത്തലിക്ക് മാനേജ്മെന്റിന് കീഴിലുള്ള സേവ്യർ ലേബർ റിലേഷൻ ഇൻസ്റ്റിറ്റ്യൂട്ട് (XLRI) നടത്തുന്ന ദേശീയതല പ്രവേശന പരീക്ഷയാണ് സേവ്യർ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (XAT).

ഈ പ്രവേശന പരീക്ഷയ്ക്ക് നവംബറിൽ അപേക്ഷിക്കണം. ജനുവരി മാസത്തിലാണ് മൂന്ന് മണിക്കൂർ ദൈർഘ്യമുള്ള എഴുത്തു പരീക്ഷ. കേരളത്തിൽ കൊച്ചിയാണ് പരീക്ഷാകേന്ദ്രം. മാത്തമാറ്റിക്കൽ എബിലിറ്റി, ഇംഗ്ലീഷ് ലാംഗ്വേജ്, ലോജിക്കൽ റീസണിങ്, ജനറൽ നോളജ് എന്നിവ പരീക്ഷയുടെ ഭാഗമാണ്.

XLRIയുമായി അസോസിയേറ്റ് ചെയ്തിട്ടുള്ള രാജ്യത്തെ നൂറ്റമ്പതോളം മികച്ച ഇൻസ്റ്റിറ്റ്യൂട്ടുകൾ സാറ്റ് സ്കോറാണ് എംബിഎ അഡ്മിഷന് പരിഗണിക്കുന്നത്. ഇതിൽ കൂടുതലും ക്രിസ്ത്യൻ മാനേജ്മെന്റ് സ്ഥാപനങ്ങളാണ്. കൂടുതൽ വിവരങ്ങൾക്ക് www.xatonline.net.in ൽ ലഭ്യമാണ്.

## കെ-മാറ്റ് കേരള

കേരളത്തിലെ യൂണിവേഴ്സിറ്റി സെന്ററുകളിലും യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളജുകളിലെയും എംബിഎ പ്രവേശനത്തിന് അർഹത നേടുന്നതിനുവേണ്ടിയുള്ള പ്രവേശന പരീക്ഷയാണ് കെ-മാറ്റ്. കേരള സർവകലാശാലയാണ് ഈ പരീക്ഷ നടത്തുന്നത്. 2022 മാർച്ചിലാണ് കെ-മാറ്റ് പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടത്. ഏപ്രിൽ രണ്ടാംവാരത്തിലാണ് പരീക്ഷ. കൂടാതെ മെയ് മാസം അപേക്ഷ ക്ഷണിച്ച് ജൂലൈയിൽ ഒരു പരീക്ഷ കൂടി നടത്തും. കംപ്യൂട്ടർ ബേസ്ഡ് ഓൺലൈൻ മോഡലിലാണ് പരീക്ഷ. ഫീസ് 1000 രൂപയാണ്. കെ-മാറ്റ് കേരള, സി-മാറ്റ്, ക്യാറ്റ് എന്നീ പരീക്ഷകളിൽ ഏതെങ്കിലും ഒന്നിൽ അർഹത നേടിയവർക്ക് മാത്രമേ കേരളത്തിലെ സർവകലാശാലകളിലും അതിനു കീഴിലുള്ള കോളജുകളിലും പ്രവേശനം ലഭിക്കൂ. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനും വിവരങ്ങൾക്കും www.kmatkerala.in.

## ഇർമ്മ-സാറ്റ്

ഗുജറാത്തിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ്, ആനന്ദ് (IRMA) നടത്തുന്ന വിവിധ മാനേജ്മെന്റ് പ്രോഗ്രാമുകൾക്കുള്ള പ്രവേശന പരീക്ഷയാണ് ഇർമ്മ സോഷ്യൽ അവയർനെസ് ടെസ്റ്റ് (IRMASAT) പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാം ഇൻ റൂറൽ മാനേജ്മെന്റ്, പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ റൂറൽ മാനേജ്മെന്റ്, ഫെലോ പ്രോഗ്രാം ഇൻ റൂറൽ മാനേജ്മെന്റ്, സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ഡയറി മാനേജ്മെന്റ് എന്നിവയാണ് പ്രധാന മാനേജ്മെന്റ് പ്രോഗ്രാമുകൾ. ഫെബ്രുവരി രണ്ടാം വാരം നടക്കുന്ന പ്രവേശന പരീക്ഷയ്ക്ക് ഡിസംബർ 31 വരെ ഓൺലൈനായി അപേക്ഷിക്കാം. 1400 രൂപയാണ് അപേക്ഷാ ഫീസ്. കൊച്ചിയിലും തിരുവനന്തപുരത്തും പരീക്ഷാ കേന്ദ്രങ്ങൾ ഉണ്ട്. വിവരങ്ങൾക്ക്: www.irma.ac.in

## സ്നാപ്പ്

സിംബയോസിസ് ഇന്റർനാഷണൽ യൂണിവേഴ്സിറ്റിക്കു കീഴിലുള്ള 15 ഓളം കോളജുകളിലെ മാനേജ്മെന്റ് കോഴ്സുകൾക്കുള്ള പ്രവേശനം നടത്തുന്നത് യൂണിവേഴ്സിറ്റി നടത്തുന്ന സിംബയോസിസ് നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (SNAP) സ്കോറിന്റെ അടിസ്ഥാനത്തിലാണ്. ഡിസംബർ-ജനുവരി മാസങ്ങളിൽ നടക്കുന്ന ഓൺലൈൻ പരീക്ഷയ്ക്ക് ഇപ്പോൾ ഓൺലൈനായി അപേക്ഷിക്കാം. മറ്റ് മാനേജ്മെന്റ് പ്രവേശന പരീക്ഷകൾക്ക് സമാനമാണ് സ്നാപ്പിന്റെ സിലബസും.

ഉപകാരസ്മരണ

ജോഷ്ബ- കുളത്തുവയൽ

ഉപകാരസ്മരണ

ജോഷ്ബ- കുളത്തുവയൽ

ഉപകാരസ്മരണ

ജോഷ്ന- തോട്ടുമുക്കം

ഉപകാരസ്മരണ

ജോസ് താമരശ്ശേരി

# ഒരേ സ്ഥാപനത്തിൽ നിന്ന് ഒരേ സമയം പിഎച്ച്ഡി നേടി ദമ്പതികൾ

ഒരുമിച്ച് ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് ഒരേ സമയത്ത് പിഎച്ച്ഡി നേടി അപൂർവ നേട്ടം കൈവരിച്ച് ദമ്പതികൾ. വെല്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ അസിസ്റ്റന്റ് പ്രൊഫസർമാരായ വി. പി. ലിജോയും ഭാര്യ ജാസ്മിൻ ടി. ജോസും വെല്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്നും കമ്പ്യൂട്ടർ സയൻസിലാണ് ഡോക്ടറേറ്റ് കരസ്ഥമാക്കിയത്. ലിജോ. സെന്റിമെന്റ് അനാലിസിസിലും ജാസ്മിൻ വീഡിയോ പ്രോസസിങ്ങിലുമാണ് ഗവേഷണം നടത്തിയത്.



ഡോ. വി. പി. ലിജോയും ഭാര്യ ഡോ. ജാസ്മിൻ ടി. ജോസും

"പിഎച്ച്ഡി നേടുകയെന്നത് ഒരുമിച്ചെടുത്ത തീരുമാനമായിരുന്നു. വ്യത്യസ്ത സമയങ്ങളിലാണ് ഞങ്ങൾ ഗവേഷണം ആരംഭിച്ചത്. പൂർത്തീകരിച്ചത് ഒരേ സമയം ആയി എന്നത് യാദൃശ്ചികമായിരുന്നു. കുടുംബത്തോടൊപ്പം കൂടുതൽ സമയം ചെലവഴിക്കാൻ സാധിച്ചിരുന്നില്ല എന്നത് വെല്ലുവിളി തന്നെയായിരുന്നു. സമയക്കുറവുമൂലം പഠനം തീർക്കാൻ കഴിയാത്തതിന്റെ ടെൻഷനും അലട്ടിയിരുന്നു. കുടുംബസമ്മേളനങ്ങളിലും മറ്റു ഒത്തുചേരലുകൾക്കും പങ്കെടുക്കുവാൻ പലപ്പോഴും കഴിഞ്ഞിരുന്നില്ല. രണ്ടു പേർക്കും പരസ്പരം മനസ്സിലാക്കാൻ കഴിഞ്ഞതുകൊണ്ട് ഈ വെല്ലുവിളികളെയെല്ലാം അതിജീവിക്കാനായി.

ചെറിയ ചെറിയ ടാർജറ്റുകൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുവാനാണ് പരിശ്രമിച്ചത്. സമയബന്ധിതമായി തന്നെ കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചിരുന്നു. എത്ര തിരക്കാണെങ്കിലും മക്കളോടൊപ്പം കുറച്ച് സമയം ചെലവഴിക്കുവാൻ ഞങ്ങൾ ശ്രദ്ധിച്ചിരുന്നു. നാലു മക്കളാണ് ഞങ്ങൾക്ക്. പിഎച്ച്ഡി പഠനം തുടങ്ങുമ്പോൾ രണ്ടു മക്കളായിരുന്നു. പഠന കാലയളവിലാണ് രണ്ടു കുട്ടികൾക്കു കൂടി ജന്മം നൽകിയത്. കൂടുതൽ മക്കൾ ഉള്ളതിന്റെ അനുഗ്രഹം മനസ്സിലാക്കിയ കാലഘട്ടമായിരുന്നു അത്. മുതിർന്ന കുട്ടികൾ ഇളയ കുട്ടികളുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതും സഹായിക്കുന്നതും ഞങ്ങളെ ഏറെ സന്തോഷിപ്പിച്ചു. ഞങ്ങളുടെ മാതാപിതാക്കളുടെ പിന്തുണയായിരുന്നു ഞങ്ങളുടെ കരുത്ത്. ഏതു പ്രതികൂല സാഹചര്യങ്ങളെയും ദൈവവിശ്വാസത്തിലൂടെ മറികടക്കുവാൻ സാധിക്കുമെന്ന് ഞങ്ങൾക്ക് അറിയാമായിരുന്നു.

വിവാഹ ശേഷം പഠനത്തിന് താൽപ്പര്യമുള്ള ദമ്പതിമാരോട് പറയാനുള്ളത് ആലോചിച്ച് സമയം കളയാതെ ഉറച്ച തീരുമാനമെടുക്കുകയെന്നതാണ്. നമ്മുടെ തീരുമാനം ഉറച്ചതാണെങ്കിൽ നമ്മുടെ ചുറ്റുപാടുകൾ അതിനെ പിന്തുണയ്ക്കും. ഉത്തരവാദിത്വങ്ങളെല്ലാം നിറവേറ്റിയ ശേഷമോ അതല്ലെങ്കിൽ ഉത്തരവാദിത്വത്തെ മറന്നോ പഠനത്തിലോ ജോലിയിലോ മുഴുകണം എന്നല്ല, ഉത്തരവാദിത്വങ്ങളും നമ്മുടെ കാര്യങ്ങൾക്കൊപ്പം നിറവേറ്റണം.

വേനപ്പാറ ഇടവകാംഗങ്ങളായ വെള്ളപ്പാക്കൽ പൗലോസ് –മേരി ദമ്പതികളുടെ മകനാണ് ലിജോ. തലശ്ശേരി അതിരൂപത മേരിപുരം ഇടവകാംഗങ്ങളായ തയ്യിൽ ജോസഫ് – മേരി ദമ്പതികളുടെ മകളാണ് ജാസ്മിൻ. ആഡ്‌ലിയോ, ആൽവിനോ, ആദിലിൻ, എയ്റിൻ എന്നിവർ മക്കളാണ്.

# സൂക്ഷ്മം, സൂക്ഷ്മകൃഷി

**ഓരോ ചെടിക്കും ആവശ്യത്തിനു മാത്രം നനവും ആവശ്യത്തിനുമാത്രം വളവും മതി. ഇവ ശ്രദ്ധാപൂർവം നൽകിയാൽ വിളവ് കുറയില്ല. ചെലവ് കുറയുകയും ചെയ്യും.**



വീട്ടുകൃഷി

ജോസ് കെ. വയലിൽ

കുറച്ചു വെള്ളവും വളവും കുറഞ്ഞ അധ്വാനവും കൊണ്ട് നിശ്ചിത സ്ഥലത്തുനിന്നു പരമാവധി ഉത്പാദനം ഉണ്ടാക്കുന്ന പുത്തൻ കൃഷിസമ്പ്രദായമാണ് പ്രിസിഷൻ ഫാമിങ് അഥവാ സൂക്ഷ്മ കൃഷി. മികച്ച വിളവും കുറഞ്ഞ ചെലവും ഉറപ്പു വരുത്തുന്ന രീതിയാണ് സൂക്ഷ്മ കൃഷിയിൽ അവലംബിക്കുന്നത്. വളമിടാനോ വെള്ളം ഒഴിക്കാനോ ആരും വേണ്ട. വളവും വെള്ളവും സസ്യസംരക്ഷണ പ്രവർത്തനങ്ങളുമൊക്കെ ഈ സമ്പ്രദായത്തിലെ ഇൻലൈൻ ഡ്രിപ്പർ വഴി വിളകളുടെ വേരുപടലത്തിലേക്കു നേരിട്ട് എത്തിക്കുന്നതാണ് പ്രിസിഷൻ കൃഷിരീതി.

ഒരു നിശ്ചിത സ്ഥലത്ത് ഇന്ന വിളയിൽനിന്നും ഇത്ര ഉത്പാദനം ലക്ഷ്യമിട്ട് അതിനാവശ്യമായ ഉത്പാദന ഉപാധികൾ ആ വിളയ്ക്കു നൽകി വിളവെടുക്കുക എന്ന കിറുകൃത്യതയാണ് പ്രിസിഷൻ രീതി. വിളകളുടെ വേരുപടലം ഉള്ള സ്ഥലത്തു മാത്രം വളമിടുകയും വെള്ളമൊഴിക്കുകയും ചെയ്യുന്ന ഈ രീതി ലാഭകരമാണ്. ഓരോ തുള്ളി വെള്ളവും അമൂല്യമായി കരുതുന്ന മരുഭൂമിയായ ഇസ്രയേലിൽ പിറവിയെടുത്തതാണ് ഈ സമ്പ്രദായം. ടൺ കണക്കിനു വളവും ഗ്യാലൻകണക്കിനു ജലവും നഷ്ടപ്പെടുത്തിയുള്ള പരമ്പരാഗത കൃഷിരീതികൾക്കു പകരം കുറച്ചു ജലവും കുറച്ചു വളവും കുറഞ്ഞ അധ്വാനവുംകൊണ്ടു കൂടുതൽ ഉത്പാദനം ഉണ്ടാക്കുന്ന തരത്തിലാണ് ഇതിന്റെ ആസൂത്രണം. മുൻകൂട്ടി തയാറാക്കിയ തൈകളാണ് പ്രിസിഷനിൽ ഉപയോഗിക്കുന്നത്. രോഗകീടബാധയെ ചെറുക്കുന്നതും ഉയർന്ന വിളവു തരുന്നതുമായ വിത്തുകൾതന്നെ ഉപയോഗിക്കണം.

## ജലസംവിധാനത്തിന്റെ ലേ ഔട്ട്

കൃഷിസ്ഥല മാപ്പിങ് നടത്തിയിട്ടാണ് ജലസംവിധാനം ഒരുക്കുന്നത്. ലാറ്ററൽ പൈപ്പുകൾ, ഡ്രിപ്പറുകൾ, അരിപ്പ, വെഞ്ചുറി പൈപ്പ്, പമ്പ് സെറ്റ് തുടങ്ങിയവ എവിടെയൊക്കെ എങ്ങനെ വേണമെന്നു മാപ്പിങ്ങിലൂടെ നേരത്തെതന്നെ ലേ ഔട്ട് ചെയ്തിരിക്കും. ഒരേ മർദത്തിലാണ് വെള്ളം ചെടിച്ചുവട്ടിലേക്ക് എത്തുന്നത്. അതിനായി പ്രഷർ മീറ്റർ ലൈനിൽ ഘടിപ്പിച്ചിട്ടുണ്ടാവും. ഒരേക്കറിൽ ഈ സംവിധാനങ്ങളൊക്കെ ഒരുക്കുന്നതിന് 20,000 മുതൽ 50,000 രൂപവരെ ചെലവു വരും. സംസ്ഥാന കൃഷിവകുപ്പും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനും ഇതിനായി സഹായധനം ചെയ്തു വരുന്നുണ്ട്. ഒരിക്കൽ ഈ സംവിധാനം ഒരുക്കിയാൽ അഞ്ചു പത്തു വർഷത്തേക്ക് മറ്റു ചെലവുകൾ ഒന്നുമില്ല. അതുകൊണ്ടു തന്നെ പ്രാരംഭ ചെലവായി ഇതിനെ കരുതാം. പ്രിസിഷൻ രീതിയുടെ മേന്മയായോ ന്യൂനതയായോ പറയാവുന്ന ഒരു സംഗതി ഇത്തരത്തിൽ കൃഷി ചെയ്യുമ്പോൾ കൃഷി വിദഗ്ധന്റെ സേവനം കൂടിയേതീരൂ എന്നുള്ളതാണ്. കൃഷിക്കാർക്ക് സ്വന്തമായി സ്വതന്ത്രമായി പ്രിസിഷൻ നടത്താൻ കഴിയില്ല. ഓരോ ഘട്ടത്തിലും നൽകേണ്ട വെള്ളവും വളവും മരുന്നും നിശ്ചയിക്കേണ്ടത് അഗ്രിക്കൾച്ചർ പ്രൊഫഷനൽ തന്നെയാണ്. കൃഷിവകുപ്പിന് നൽകാൻ കഴിയുന്ന സേവനമാണിത്.

## എല്ലാ ഒരുക്കവും കിറുകൃത്യം

പ്രിസിഷനിൽ കൃഷി ചെയ്യുമ്പോൾ രണ്ടു കാര്യത്തിനു മാത്രമേ തൊഴിലാളികൾ വേണ്ടിവരുന്നുള്ളു. ഒന്ന് നടുന്നതിന്, രണ്ട് വിളവെടുക്കുന്നതിന്. രണ്ടു രീതിയിൽ ഇന്ന് പ്രിസിഷൻ ഫാമിങ് നടത്തിവരുന്നു. ഒന്ന് തുറന്ന സമ്പ്രദായം. രണ്ട് പോളി ഹൗസ് (മറ കൃഷി) ഫാമിങ്. പോളി ഹൗസ് കൃഷിരീതിയിൽ ഏതു കൃഷിയും എപ്പോൾ വേണമെങ്കിലും ചെയ്യാം. ഈ കൃഷിരീതിയിൽ കൃഷിയുടെ എല്ലാവശങ്ങളും കൃത്യമാക്കുന്നു. മണ്ണും വെള്ളവും ആദ്യംതന്നെ പരിശോധിച്ചു മണ്ണിന്റെയും വെള്ളത്തിന്റെയും അമ്ലത കുറയ്ക്കുന്നു. ആഴത്തിലുള്ള ഉഴവിനൊപ്പം അമ്ലത ലഘൂകരിക്കുവാനുള്ള കുമ്മായ വസ്തുക്കൾ ചേർത്താണ് ഇതു സാധ്യമാക്കുക. പിന്നീട് വീണ്ടും നടത്തുന്ന ഉഴവു കഴിഞ്ഞ് വിളകൾ നടുന്ന തടങ്ങൾ മാത്രമായി ജൈവവളങ്ങൾ അടിവളമായി നൽകുന്നു.

ഉണങ്ങിപ്പൊടിഞ്ഞ ചാണകം, കമ്പോസ്റ്റ്, മണ്ണിരക്കമ്പോസ്റ്റ്, ചകിരിച്ചോർ വളം എന്നിവയെല്ലാം കൂടി നന്നായിത്തന്നെ തടങ്ങളിൽ നിക്ഷേപിക്കുന്നു. മുകളിൽ മൾചിങ് ഷീറ്റ് വിരിക്കുന്നതായാൽ കളശല്യം ഒഴിവാക്കാം; ഒപ്പം ജലനഷ്ടവും. ഷീറ്റ് വിരിക്കുമ്പോഴുണ്ടാകുന്ന ആർദ്രത രോഗ കീടങ്ങളെ നിയന്ത്രിക്കാനുള്ള മാർഗമാവുന്നു. ഷീറ്റിനടിയിലൂടെത്തന്നെ ഇൻലൈൻ ഡ്രിപ്പർ വിന്യസിക്കാം.

മൾചിങ് ഷീറ്റിൽ നടേണ്ട സ്ഥലം മാത്രം ചെറിയ ദ്വാരമുണ്ടാക്കി തൈ നടാം. സൂക്ഷ്മ ജലസേചനത്തിലൂടെ വിളവു വർധിപ്പിക്കുന്നതോടൊപ്പം ഉൽപാദനചെലവ് കുറയ്ക്കാം. മണ്ണു നിരപ്പാക്കേണ്ട ആവശ്യമില്ലാത്തതിനാൽ കൂടുതൽ ജോലി ആവശ്യമില്ല. തൊഴിലാളിക്ഷാമം അനുഭവപ്പെടുന്ന സാഹചര്യത്തിൽ സൂക്ഷ്മജലസേചനവും സൂക്ഷ്മകൃഷിയും കൃഷിക്കാരന് സഹായമാണ്. കൂലിയിനത്തിൽ വൻ കുറവുണ്ടാവും, വിളവ് കുറയുകയുമില്ല.


## ഒന്നാം ചരമവാർഷികം

(27 – 11 – 2021)



ത്രേസ്യാമ്മ തോമസ്

മാടപ്പാട്ട്, പടത്തുകടവ്

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

## ഉപകാരസ്മരണ



ബിനു എം. സെബാസ്റ്റ്യൻ, കോടഞ്ചേരി

## ഉപകാരസ്മരണ



ഒരു വിശ്വാസി– താമരശ്ശേരി

## ഉപകാരസ്മരണ



ഒരു വിശ്വാസി– വിലങ്ങാട്

## ഉപകാരസ്മരണ



വിശ്വാസി– പെരിന്തൽമണ്ണ

## ഉപകാരസ്മരണ

**അത്ഭുത പ്രാർത്ഥന**

കർത്താവായ യേശുവേ, കുരിശു വഹിച്ചുകൊണ്ടുള്ള അങ്ങേ യാത്രയിൽ അങ്ങ് ഏറ്റവും വേദന അനുഭവിച്ചത് തിരുത്തോളിലെ മുറിവിൽ നിന്നായിരുന്നല്ലോ. ആ മുറിവിന്റെ ശ്രേഷ്ഠതയാലും യോഗ്യതയാലും "നീ ചോദിക്കുന്നതെന്തും സഫലമായി തീരും" എന്ന് വി. ബർണ്ണാർദിനോട് അങ്ങ് പറഞ്ഞിട്ടുണ്ടല്ലോ. വാഗ്ദാനങ്ങളിൽ അങ്ങ് വിശ്വസ്തനാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ആരാലും അറിയപ്പെടാത്ത ആ തിരുത്തോളിലെ മുറിവിനെ വണങ്ങുകയും ആരാധിക്കുകയും ചെയ്യുന്നവരുടെ ലഘു പാപങ്ങൾ പൂർണ്ണമായും ക്ഷമിക്കപ്പെടുകയും മാരക പാപങ്ങൾ മറന്നുകളയുകയും ചെയ്യുമെന്ന് അവിടുന്ന് പറഞ്ഞിട്ടുണ്ടല്ലോ. ആ വാക്ക് അനുസരിച്ച് ഞാൻ ചോദിക്കുന്ന എന്റെ ഈ കാര്യം (നിയോഗം പറയുക) അങ്ങേയ്ക്ക് ഇഷ്ടമുണ്ടെങ്കിൽ സാധിച്ചുതരണമെന്ന് ഞാൻ ഏറ്റവും താഴ്മയായി അപേക്ഷിക്കുന്നു. അങ്ങ് ഇന്നുവരെ എനിക്ക് തന്ന എല്ലാ അനുഗ്രഹങ്ങൾക്കും പ്രപഞ്ചത്തിലുള്ള ഓരോ തന്മാത്രക്കും എണ്ണാവുന്നതിന്റെ പരമാവധി എണ്ണത്തോളം ഞാൻ നന്ദിയും സ്തുതിയും പറയുന്നു.

അജിലു മരിയ ജോസ് – മരുതോങ്കര




# ജീവസമൃദ്ധി അടുക്കളത്തോട്ട മത്സരം ഉദ്ഘാടനം ചെയ്തു

**കോഴിക്കോട്:** ജീവന്റെ സമൃദ്ധിക്കായി പ്രവർത്തിക്കുന്ന മരിയൻ പോലൈഫ് മൂവ്മെന്റ് താമരശേരി രൂപതാ സമിതി വർഷം തോറും നടത്തി വരുന്ന ജൈവ അടുക്കളത്തോട്ടമത്സരത്തിന്റെ പുതിയ പതിപ്പിന് തുടക്കമായി. രൂപതാ ഭവനിൽ നടന്ന ചടങ്ങിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുൻവർഷജേതാവ് ജോസഫ് പാലക്കീലിന് പച്ചക്കറി തൈകൾ വിതരണം ചെയ്തുകൊണ്ട് ഉദ്ഘാടനം ചെയ്തു.

ജീവൻ ദൈവത്തിന്റെ ദാനവും സമ്മാനവുമാണെന്ന് തിരിച്ചറിയുന്ന സമയം അനുഗ്രഹങ്ങൾ നമുക്ക് ലഭിക്കുമെന്നും മരണ സംസ്ക്കാരത്തിനെതിരെ ശക്തമായ പ്രവർത്തനങ്ങളാണ് മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് സംഘടിപ്പിക്കുന്നതെന്നും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പറഞ്ഞു.

ഗ്രാമങ്ങളുടെ പുനഃസൃഷ്ടിക്ക് ജൈവ ഭക്ഷ്യ സംസ്കാരം വളർത്തിയെടുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും വിഷ രഹിത ഭക്ഷണ ശീലം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടത്തി വരുന്ന മത്സരത്തിന് ആകർഷക സമ്മാനങ്ങളാണ് നൽകി വരുന്നതെന്നും മരിയൻ പ്രോ-ലൈഫ് ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ പറഞ്ഞു. ഒന്നാം സമ്മാനം 15000 രൂപയും രണ്ടും മൂന്നുംസമ്മാനമായി യഥാക്രമം 10000, 7000 രൂപ വീതം നൽകുന്നു. ഫൊറോന തലത്തിൽ ഒന്നാം സമ്മാനാഹർക്ക് പ്രത്യേക ക്യാഷ് അവാർഡും നൽകുന്നുണ്ട്.



ജീവസമൃദ്ധി പച്ചക്കറിത്തോട്ട മത്സരം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുൻ വർഷത്തെ ജേതാവ് ജോസഫ് പാലക്കീലിന് പച്ചക്കറി തൈകൾ നൽകി ഉദ്ഘാടനം ചെയ്യുന്നു

ഈ വർഷം സന്യാസ ഭവനങ്ങൾക്ക് പ്രത്യേക മത്സരമുണ്ടായിരിക്കും. മത്സരത്തിൽ പങ്കെടുക്കുന്നവർ ഡിസംബർ 15 ന് മുമ്പായി ഇടവകാ വികാരിയിൽ നിന്ന് അപേക്ഷാ ഫോം വാങ്ങി പൂരിപ്പിച്ച് 8157044414 എന്ന നമ്പറിലേക്ക് വാട്സ് ആപ്പ് ചെയ്യണം. 200 രൂപ രജിസ്ട്രേഷൻ ഫീസ് താഴെ പറയുന്ന അക്കൗണ്ടിലേക്ക് അയക്കുകയോ, 8157044414 എന്ന നമ്പറിലേക്ക് ഗൂഗിൾ പേ ചെയ്യുകയോ വേണം. Account number: 10805000100008. Federal Bank, Thiruvambady IFSC code : FDRL0001954

## സൗജന്യ മാട്രിമോണിയൽ വെബ്സൈറ്റ്

**ദേവഗിരി:** കോഴിക്കോട് ആസ്ഥാനമായി കുടുംബങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്ന വീഫോർ ലൈഫ് ട്രസ്റ്റ് എന്ന സംഘടനയുടെ നേതൃത്വത്തിൽ www.v4marry.com എന്ന പേരിൽ സൗജന്യ മാട്രിമൊണിയൽ വെബ്സൈറ്റ് പ്രവർത്തനം ആരംഭിച്ചു. ദേവഗിരി സ്ഥാപനങ്ങളുടെ മാനേജറും ഇടവക വികാരിയുമായ ഫാ. ബിജു ചക്കാലക്കൽ സിഎംഐ വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു. അവിവാഹിതർ, അവരെ പരിചയപ്പെടുത്തുന്ന വികാരിയച്ചന്റെ കത്ത് സഹിതം വിശദവിവരങ്ങൾ നൽകി വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം. പെൺകുട്ടികൾ നിർബന്ധമായും മാതാപിതാക്കളുടെ ഫോൺ നമ്പർ മാത്രമേ നൽകാൻ പാടുള്ളൂ. വിവരങ്ങൾക്ക് ഫോൺ: 9447316203.

## വനിതാ സംഗമവും കേശദാനവും

**താമരശ്ശേരി:** കെസിവൈഎം രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ വനിതാ സംഗമവും ക്യാൻസർ രോഗികൾക്കായി കേശദാന യജ്ഞവും നടത്തി.

മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ നടന്ന സമ്മേളനം കോഴിക്കോട് കോർപ്പറേഷൻ മേയർ ഡോ. ബീന ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. രൂപതാ വൈസ് പ്രസിഡന്റ് സിമി തേവടിയിൽ അധ്യക്ഷത വഹിച്ചു. കോഴിക്കോട് കോർപ്പറേഷൻ കൗൺസിലർ അൽഫോൻസാ മാത്യു ആശംസകൾ അറിയിച്ച് സംസാരിച്ചു.

തൃശൂർ അമല ക്യാൻസർ സെന്ററുമായി സഹകരിച്ച് നടത്തുന്ന കേശദാനയജ്ഞത്തിൽ നൂറോളം പേർ ഇതുവരെ കേശദാനം നടത്തി. സ്ത്രീകളുടെ മാനസിക ആരോഗ്യത്തെ സംബന്ധിച്ച് സിസ്റ്റർ ജിനു എംഎസ്ജെ ക്ലാസെടുത്തു. ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ, സിസ്റ്റർ ഷാർലറ്റ് റോസ് സിഎംസി, സെക്രട്ടറി അമൃത തെങ്ങനാൽ എന്നിവർ നേതൃത്വം നൽകി.

## പുസ്തക പ്രകാശനം

**തിരുവമ്പാടി:** അൽഫോൻസ കോളേജിലെ ബിഎ ഇംഗ്ലീഷ് വിദ്യാർഥിനിയായ ഹെലന കാതറിൻ രചിച്ച My Night World കവയിത്രി ഡോ. ആര്യ ഗോപി പ്രകാശനം ചെയ്തു. അൽഫോൻസ കോളേജ് ഡയറക്ടർ ഫാ. ജോസഫ് പാലക്കാട്, പ്രിൻസിപ്പൽ ഡോ. കെ. വി. ചാക്കോ, മാനേജർ ഫാ.സജി മങ്കരയിൽ, വൈസ് പ്രിൻസിപ്പൽ ഫാ. ഷെനിഷ് അഗസ്റ്റിൻ തുടങ്ങിയവരും പങ്കെടുത്തു. കൊറോണ കാലവും, ജീവിതാനുഭവങ്ങളും, സ്വപ്നങ്ങളുമാണ് പുസ്തകത്തിന്റെ ഇതിവൃത്തം.

### 3-ാം ചരമ വാർഷികം
(05-11-2021)



**സതീഷ് ജോർജ്ജ്**
നെടുംതകിടി, വയലട
പ്രാർത്ഥനയോടെ, കുടുംബാംഗങ്ങൾ

### 1-ാം ചരമ വാർഷികം
(01-11-2021)



**ചാക്കോ**
റാണിക്കാട്ട്, കല്ലുരുട്ടി
ജനനം: 22-04-1932 മരണം: 01-11-2020
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

### 41-ാം ചരമദിനം
(27-11-2021)



**അന്നക്കുട്ടി**
ചെറുപിള്ളേട്ട്, കുളത്തുവയൽ
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

## താമരശ്ശേരി രൂപതയുടെ ഹെൽപ് ഡെസ്ക്

# എയ്ഡർ ഫൗണ്ടേഷൻ പ്രവർത്തനം ആരംഭിച്ചു

സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികൾ, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, വായ്പാ പദ്ധതികൾ, പിഎസ്‌സി വിജ്ഞാപനങ്ങൾ, വിവിധ കത്തോലിക്ക രൂപതകളുടെ സ്ഥാപനങ്ങളിൽ ലഭ്യമാകുന്ന വിദ്യാഭ്യാസ സേവനങ്ങൾ തുടങ്ങിയവ കൃത്യമായും സമയബന്ധിതമായും രൂപതാംഗങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ രൂപതയുടെ പബ്ലിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ആരംഭിച്ച ഹെൽപ് ഡെസ്ക് 'എയ്ഡർ ഫൗണ്ടേഷൻ' തലശ്ശേരി അതിരൂപതാ ആർച്ച്ബിഷപ് മാർ ജോർജ്ജ് ഞെരളക്കാട്ട് ഉദ്ഘാടനം ചെയ്തു.

കുടുംബ പ്രശ്നങ്ങളുടെയും വ്യക്തിഗത പ്രതിസന്ധികളുടെയും പഠന വൈകല്യങ്ങളുടെയും മേഖലകളിൽ കൗൺസിലിങ്ങും വ്യക്തിഗത സഹായവും തേടുന്നവരെ സഹായിക്കുക, നിയമ സഹായം ആവശ്യമുള്ളവർക്ക് അവ നൽകുക, പ്രകൃതി ദുരന്തങ്ങളെയും മറ്റ് അടിയന്തര സാഹചര്യങ്ങളെയും നേരിടാൻ വേണ്ട തയ്യാറെടുപ്പുകൾ നടത്തുക തുടങ്ങിയവയാണ് എയ്ഡർ ഫൗണ്ടേഷന്റെ മറ്റു ലക്ഷ്യങ്ങൾ.

EWS സേവനങ്ങൾ, സാമൂഹിക ക്ഷേമ പദ്ധതികൾ, വിദ്യാഭ്യാസ സേവനങ്ങൾ, ജാഗ്രതാ സമിതി, ദുരന്തനിവാരണ സേവനങ്ങൾ എന്നിങ്ങനെ എയ്ഡർ ഫൗണ്ടേഷന്റെ സേവനങ്ങൾ അഞ്ച് മേഖലകളിലായി കേന്ദ്രീകരിച്ചിരിക്കുന്നു.

സർക്കാർ പദ്ധതികളെയും ഇടവകാംഗങ്ങളേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ആശയവിനിമയ ഉപാധിയായി പ്രവർത്തിക്കുക എന്നതാണ് എയ്ഡർ ഫൗണ്ടേഷൻ ലക്ഷ്യം വയ്ക്കുന്നത്. ഈ ഹെൽപ് ഡെസ്ക് സംവിധാനം വഴി പദ്ധതികളെ സംബന്ധിക്കുന്ന കൃത്യമായ അറിയിപ്പുകൾ നൽകുകയും ആവശ്യമെങ്കിൽ പദ്ധതി നേടിയെടുക്കുന്നതിന് ആവശ്യമായ തുടർ സഹായങ്ങൾ നൽകുകയും ചെയ്യുമെന്ന് ഡയറക്ടർ ഫാ. മാത്യു തൂമ്മുള്ളിൽ പറഞ്ഞു.

രൂപതാ തലം, ഫൊറോന തലം, ഇടവകാ തലം എന്നിങ്ങനെ മൂന്ന് തലങ്ങളിലാണ് എയ്ഡർ ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

വിവിധ സേവനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്. പുതിയ പദ്ധതികൾ വെബ്സൈറ്റിൽ ചേർക്കുമ്പോൾ അത് സംബന്ധിക്കുന്ന വിവരങ്ങൾ വാട്സാപ് മെസേജ് വഴി രൂപാതാംഗങ്ങൾക്ക് ലഭ്യമാകും. പദ്ധതികളെ കുറിച്ച് കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നവർക്ക് വ്യക്തിപരമായ സഹായങ്ങൾ ചോദിക്കുവാനുള്ള സംവിധാനവും വെബ്സൈറ്റിൽ ഒരുക്കിയിട്ടുണ്ട്.

തിങ്കൾ മുതൽ ശനി വരെ രാവിലെ 10 മുതൽ നാലു വരെ പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ സംവിധാനം രൂപതാ ഓഫീസിൽ ക്രമീകരിച്ചിട്ടുണ്ട്. വെബ്സൈറ്റിൽ നൽകിയിരിക്കുന്ന പദ്ധതികളെ സംബന്ധിച്ച് കൂടുതൽ അറിയാൻ ഹെൽപ്പ് ലൈൻ നമ്പറിലേക്ക് (9446788884) വിളിക്കാവുന്നതാണ്.

വെബ് വിലാസം: www.aiderfoundation.org

അഞ്ച് സേവന മേഖലകളിൽ ഓരോന്നിനും ഓരോ വൈദികരും അഞ്ച് അൽമായരുമാണ് രൂപതാ തലത്തിൽ നേതൃത്വം നൽക്കുന്നത്. അതതു മേഖലകളിൽ പുതിയ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ഹെൽപ്പ് ഡെസ്കിന് ആവശ്യമായ വിവരങ്ങൾ ഇവർ നൽകും. താമരശ്ശേരി മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്.

*എയ്ഡർ ഫൗണ്ടേഷന്റെ വെബ്സൈറ്റ് സന്ദർശിക്കാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*
*ഹെൽപ് ലൈൻ നമ്പർ: 9446788884*
*ഇമെയിൽ:* infoaiderfoundation@gmail.com

## പ്രീ-കാനാ കോഴ്സ്

താമരശ്ശേരി രൂപത ഫാമിലി അപ്പോസ്തലേറ്റ് സംഘടിപ്പിക്കുന്ന ഓൺലൈൻ പ്രീകാനാ കോഴ്സ് ഡിസംബർ 10 മുതൽ 12 വരെയും ജനുവരി 7 മുതൽ 9 വരെയും നടക്കും. ഓൺലൈനായാണ് ക്ലാസുകൾ. ഇടവക വികാരിയുടെ കത്ത്, പങ്കെടുക്കുന്നയാളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സൈറ്റിൽ അപ്‌ലോഡ് ചെയ്യണം. ക്യൂആർ കോഡ് സ്കാൻ ചെയ്ത് പ്രീകാനാ കോഴ്സ് ബുക്ക് ചെയ്യാം. ഫോൺ: **8547191056**







**തിരുബാലസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച തിരുവഴിയേ തിരുവചസ്സുമായ് മത്സരത്തിൽ ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടിയവർ: 1. അന്ന മരിയ സാജൻ പെരുംമ്പള്ളിൽ (മൈലെള്ളാംപാറ) 2. ടിൽജോ ജോസഫ് തറേക്കടവിൽ (മഞ്ഞക്കുന്ന്) 3. ഇഷാ അന്നാ സ്മിത്ത് മരോട്ടിക്കൽ (മഞ്ഞുവയൽ). പ്രോത്സാഹന സമ്മാനം: സ്റ്റാറാ സറ്റാൻലി കാഞ്ഞിരത്തിങ്കൽ (കൂടത്തായ്), സെറ മേരി സതീഷ് നരിക്കുഴിയിൽ (കുണ്ടായിത്തോട്). സുവിശേഷത്തിലെ 41 ഉപമകളിലെ ഓരോ വചനം ഹൃദിസ്ഥമാക്കി പറയുക എന്നതായിരുന്നു മത്സരം.**

## നേട്ടം



● ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ നിന്നും എം.ടെക്കിന് ഒന്നാം റാങ്കും ഗോൾഡ് മെഡലും നേടിയ റോസ്മേരി അഗസ്റ്റിൻ. ഹൈദരാബാദ് കേന്ദ്ര പ്രതിരോധ ഗവേഷണ സ്ഥാപനത്തിൽ (DRDO) സയന്റിസ്റ്റാണ്. പാറോപ്പടി മടത്തോട്ടത്തിൽ അഗസ്റ്റിൻ-റോസമ്മ ദമ്പതികളുടെ മകളും വെറ്റിലപ്പാറ ഇഞ്ചനാനിയിൽ ജയിംസ് പോളിന്റെ ഭാര്യയുമാണ്. കോഴിക്കോട് എൻഐടിയിൽ നിന്നും ബി.ടെക്ക് ഒന്നാം റാങ്ക് ജേതാവുമാണ് റോസ്മേരി.



● കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് ദീർഘകാല സേവനത്തിനുള്ള അവാർഡ് നേടിയ ചക്കിട്ടപാറ ഇടവകാംഗം സിൽവി ബി. ജേക്കബ് കിഴക്കേക്കര. കുളത്തുവയൽ സെന്റ്. ജോർജ് ഹൈസ്കൂൾ അധ്യാപികയാണ്.



● കെ സി ബി സി പ്രോലൈഫ് സമിതി സംസ്ഥാന ട്രഷററായി തെരഞ്ഞെടുക്കപ്പെട്ട കൂടരഞ്ഞി ഇടവകാംഗം ടോമി പ്ലാത്തോട്ടത്തിൽ.



● കെ സി ബി സി പ്രോലൈഫ് സമിതി സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ചെമ്പനോട ഇടവകാംഗം സെമിലി സുനിൽ അറയ്ക്കപ്പറമ്പിൽ

## ആൽഫയിൽ കെ-ടെറ്റ് പരിശീലനം

**തിരുവമ്പാടി:** കെ-ടെറ്റ് പരീക്ഷാ പരിശീലനം ഓൺലൈനായി ആൽഫാ അക്കാദമിയിൽ ആരംഭിച്ചു.
വിവരങ്ങൾക്ക്: **7907028758, 9497567689**
പത്താം ക്ലാസ്, പ്ലസ് ടു സയൻസ് ട്യൂഷനും എൻട്രൻസ് പരിശീലനവും ഓൺലൈൻ വഴി ആരംഭിച്ചു. ഹോസ്റ്റൽ സൗകര്യം ഉണ്ടായിരിക്കും. പത്താം ക്ലാസ് ട്യൂഷൻ ക്ലാസ് ഓഫ് ലൈനായി ആൽഫയിൽ ആരംഭിച്ചു. വിവരങ്ങൾക്ക്: **0495 2962180**

ഓർമ്മയിൽ 10 വർഷം
(13-12-2021)



ചെറിയാൻ പാലക്കിയിൽ
അങ്ങാടിപ്പുറം, പെരിന്തൽമണ്ണ
ജനനം: 12-12-1952 മരണം: 13-12-2011
ദുഃഖാർദ്രരായ കുടുംബാംഗങ്ങൾ

3-ാം ചരമ വാർഷികം
(19-12-2021)



മേരി ജോസ്
മാടപ്പള്ളിക്കുന്നേൽ
ദേവഗിരി, കോഴിക്കോട്.
നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും കൂടി ഓർക്കണമേ

സ്നേഹസ്മരണകളോടെ
42-ാം ചരമവാർഷികം (21-10-2021)
17-ാം ചരമവാർഷികം (24-12-2021)




ദേവസ്യ മലേക്കുന്നേൽ കണ്ണോത്ത്
അന്നമ്മ ദേവസ്യ മലേക്കുന്നേൽ കണ്ണോത്ത്
പ്രാർത്ഥനയോടെ മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

# ആത്മബന്ധങ്ങളുടെ തോഴൻ

**ഒരിക്കൽ കണ്ടുമുട്ടിയാൽ ആർക്കും ഒരിക്കലും മറക്കുവാൻ കഴിയാത്ത വിധം അവരുടെ ഹൃദയത്തിലേക്ക് പ്രവേശിക്കുകയും സ്വാധീനിക്കുകയും ആകർഷിക്കുകയും ചെയ്യുന്ന അതുല്യ പ്രതിഭാസമ്പന്നനായിരുന്നു കഴിഞ്ഞ സെപ്റ്റംബർ 30 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ഫാ. ജോൺ മണലിൽ.**

**ഫാ. തോമസ് ചുവപ്പുങ്കൽ**

ഷിമോഗ കുടിയൊഴിപ്പിക്കലിന്റെ ബാക്കിപത്രമായി കുടിയിറക്കപ്പെട്ട മുള്ളൂർ കുടുംബത്തിലെ ജോസഫ് എന്ന കുട്ടി ഹൈസ്കൂൾ പഠനത്തിനായി എത്തിപ്പെട്ടത് വേനപ്പാറ ബാലഭവനിലാണ്. അക്കാലത്താണ് കാലിന് ഗുരുതരപരിക്കുമായി ഫാ. ജോൺ മണലിൽ വേനപ്പാറയിൽ വിശ്രമത്തിന് എത്തിയത്. ഇരുവരും അന്നു പരിചയപ്പെട്ടു. അന്ന് തുടങ്ങിയ സൗഹൃദം നാലു തലമുറകൾ കടന്ന് ജോണച്ചന്റെ മരണം വരെ തുടർന്നു.

ജീവിതത്തിലെ പ്രധാന സംഭവങ്ങളിലെല്ലാം ഇരുവരും പരസ്പരം പങ്കുകൊണ്ട് സൗഹൃദം ശക്തിപ്പെടുത്തി. ജോസഫിന്റെ വിവാഹം നടത്തിക്കൊടുത്തതും മക്കളുടെയും പേരക്കിടാങ്ങളുടെയും വിവിധ കൂദാശകൾ പരികർമ്മം ചെയ്തതും ജോണച്ചൻ തന്നെയായിരുന്നു. ഇതായിരുന്നു ഫാ. ജോൺ മണലിലിന്റെ സൗഹൃദ ശൈലി. കൂട്ടായി വരുന്നവനെ കൂടോടെ ജീവനുതുല്യം മരണം വരെയും സ്നേഹിക്കുമായിരുന്നു അദ്ദേഹം.

പാവങ്ങളെ സൗഹൃദംകൊണ്ട് ധന്യമാക്കുക എന്നത് അച്ചന് ഏറെ ഹരമായിരുന്നു. ജോണച്ചൻ പയ്യനാട് പള്ളിയിൽ വികാരിയായിരിക്കവേ ഒരിക്കൽ അച്ചന്റെ ജ്യേഷ്ഠൻ നാട്ടിൽ നിന്നും ജോണച്ചനെ സന്ദർശിക്കുവാൻ എത്തി. നട്ടുച്ച സമയത്ത് അവർ അങ്ങനെ സംസാരിച്ചിരിക്കെ ഭിക്ഷ യാചിച്ച് ഒരു മനുഷ്യൻ അവിടെയെത്തി. ഒരു നേരത്തെ ഭക്ഷണത്തിനുള്ള പൈസയാണ് ധർമ്മം തേടി വന്നവൻ പ്രതീക്ഷിച്ചത്. എന്നാൽ അവനെ അച്ചന്റെയും ജ്യേഷ്ഠന്റെയും ഒപ്പമിരുത്തി അവർക്കായി വെച്ച ഭക്ഷണം പകുത്തുനൽകി ആ യാചകനെ അമ്പരപ്പിച്ചു.

പടത്തുകടവിൽ വികാരിയായിരിക്കവേ ജന്മംകൊണ്ട് ഹൈന്ദവനും ജീവിതംകൊണ്ട് ക്രിസ്ത്യാനിയുമായ വിജയൻ പതിവായി ജോണച്ചനെ കാണാൻ എത്തുമായിരുന്നു. വിജയൻ ശാലോം ശുശ്രൂഷകളിലും മറ്റു പ്രവർത്തനങ്ങളിലും ഏറെ ആകൃഷ്ടനും കൂടെക്കൂടെ നവീകരണ ധ്യാനങ്ങളിൽ പങ്കെടുക്കുന്ന വ്യക്തിയുമാണ്. അഭിഷിക്തനെ കണ്ട് ആത്മീയ സംഭാഷണങ്ങളിൽ ഏർപ്പെടുക എന്നത് ജീവിതത്തിൽ ഏറെ ധന്യത ലഭിക്കുന്ന കാര്യമായി വിജയൻ കരുതിയിരുന്നു. ജോണച്ചന്റെ ഒഴിവുവേളകൾ കണ്ടെത്തി മണിക്കൂറുകളോളം ഈ ശ്വരചിന്തയിൽ ലയിക്കുവാൻ വിജയൻ ഏറെ ശ്രദ്ധാലുവായിരുന്നു. ഈ ആത്മീയ സംഭാഷണങ്ങൾ തന്റെ വിശ്വാസജീവിത പാതയിൽ തിരുപാഥേയം പോലെയാണു വിജയൻ സ്വീകരിച്ചിരുന്നത്. അങ്ങിനെ നശ്വരമായ വിശപ്പിനേക്കാൾ വലുതാണ് ആത്മീയ വിശപ്പ് എന്ന് കണ്ടറിഞ്ഞവരാണ് അച്ചനും വിജയനും. പിന്നീട് അച്ചൻ സ്ഥലം മാറിയിട്ടും വിജയന്റെ മനസ്സിൽ ആ സൗഹൃദം മായാതെ നിലകൊണ്ടു.

ജോണച്ചൻ കുപ്പായക്കോട് വികാരിയായിരിക്കവേ ഒരു പള്ളിത്തിരുനാൾ വേളയിൽ സംഭവിച്ച ഒരു കുഞ്ഞുകാര്യം കൂടി കുറിക്കുകയാണ്: പ്രധാന തിരുനാൾ ദിനത്തിൽ രൂപതാധ്യക്ഷൻ ദിവ്യബലി അർപ്പിക്കുന്ന വേളയിൽ പിതാവിന് കുടിക്കാനായി ഒരു ഗ്ലാസ് ചൂടുവെള്ളം സങ്കീർത്തിക്ക് സമീപത്തു ദേവാലയ ശുശ്രൂഷി വച്ചിരുന്നു. അമ്മവീട്ടിൽ പെരുന്നാൾ കൂടുവാൻ കൊതിയോടെ വന്ന ഒരു കുഞ്ഞ് ദാഹംകൊണ്ട് അലമുറയിട്ടു. പെട്ടെന്ന് കുഞ്ഞിന്റെ അപ്പൻ അവിടെയിരുന്ന ചൂടുവെള്ളം കുഞ്ഞിനു കുടിക്കാൻ നൽകി. ഇത് കണ്ട ചിലർ അവർക്ക് സമീപത്തേക്ക് വന്നു. ഭാര്യയുടെ ഇടവകയിൽ വച്ച് അപമാനിതനാകുമെന്ന് ആ കുഞ്ഞിന്റെ അപ്പന് തോന്നി. സ്തബ്ധനായി നിൽക്കുന്ന കുഞ്ഞിന്റെ അപ്പന്റെ സമീപത്തേക്ക് വികാരിയായ ജോണച്ചനെത്തി ശാന്തമായി പറഞ്ഞു: "കുഞ്ഞിന്റെ വായ് പൊള്ളാതെ നോക്കണേ."

അതോടെ രംഗം ശാന്തമായി. വലിയൊരു അപമാനത്തിന്റെ വക്കിൽ നിന്ന് വികാരിയച്ചന്റെ സമയോചിതവും സ്നേഹനിർഭരവുമായ ഇടപെടലിലൂടെ അപ്പനും കുഞ്ഞും രക്ഷപ്പെട്ടു. ഇന്നും ഭാര്യയുടെ ഇടവകയിൽ വരുമ്പോഴെല്ലാം അദ്ദേഹം ഓർക്കും വലിയ മനസ്സുള്ള ആ വികാരിയച്ചനെ.

ഒരിക്കൽ കണ്ടുമുട്ടിയാൽ ആർക്കും ഒരിക്കലും മറക്കുവാൻ കഴിയാത്ത വിധം അവരുടെ ഹൃദയത്തിലേക്ക് പ്രവേശിക്കുകയും സ്വാധീനിക്കുകയും ആകർഷിക്കുകയും ചെയ്യുന്ന വ്യക്തിത്വമായിരുന്നു ജോണച്ചന്റേത്.

ചങ്ങനാശേരി അതിരൂപതയിൽ കുട്ടനാട്ടിലെ മുട്ടാർ ഇടവകയിൽ മണലിൽ ദേവസ്യ – ക്ലാരമ്മ ദമ്പതികളുടെ നാലു മക്കളിൽ രണ്ടാമനായി 1943 ജൂൺ ഒന്നിന് ജനിച്ചു. മുട്ടാറിൽ ആയിരുന്നു സ്കൂൾ വിദ്യാഭ്യാസം. 1959 ൽ പാലാ രൂപതയുടെ ഗുഡ് ഷെപ്പേഡ് സെമിനാരിയിൽ തലശ്ശേരി രൂപതയ്ക്കുവേണ്ടി വൈദിക വിദ്യാർത്ഥിയായി. തുടർന്ന് തലശ്ശേരി സെന്റ് ജോസഫ് മൈനർ സെമിനാരി, ആലുവ പൊന്തിഫിക്കൽ മേജർ സെമിനാരി എന്നിവിടങ്ങളിൽ വൈദിക പഠനം പൂർത്തിയാക്കി. 1968 ഡിസംബർ 20ന് ആലുവ സെമിനാരിയിൽ വച്ച് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. കുട്ടനാട്ടിലെ മുട്ടാർ ഇടവകയിൽ പ്രഥമ ദിവ്യബലിയർപ്പിച്ചു. തുടർന്ന് മിഷൻ സ്വപ്നങ്ങളോടെ മലബാറിലേക്ക് വണ്ടി കയറി. മാനന്തവാടി രൂപതയിലെ മണിമൂളി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി ആദ്യനിയമനം. അതോടൊപ്പം സ്റ്റേഷൻ പള്ളിയായിരുന്ന പാലാങ്കരയുടെ ചുമതലയും ജോണച്ചനായിരുന്നു. ഒരു വർഷത്തിനുള്ളിൽ പാലാങ്കരയുടെ വികാരിയായി. വികസനം എത്താത്ത ദേശമായിരുന്നു പാലാങ്കര. കാളവണ്ടി ആയിരുന്നു അവിടുത്തെ പ്രധാന വാഹനം. വിശ്വാസികൾ സാധാരണക്കാരായ കർഷകർ. കപ്പയാണ് പ്രധാന കൃഷി. പള്ളിമുറി ഇല്ലാതിരുന്നതിനാൽ സങ്കീർത്തിയിലായിരുന്നു അച്ചന്റെ താമസം. ഒരിക്കൽ അവിടുത്തെ സൺഡേസ്കൂൾ അധ്യാപകർക്കായി ഒരു ടൂർ സംഘടിപ്പിച്ചു. 1973 ഏപ്രിൽ ഒന്നിന് അധ്യാപകർക്കൊപ്പം മൈസൂരിലേക്ക് യാത്ര പുറപ്പെട്ടു. മൈസൂർ എത്താൻ ഏതാനും കിലോമീറ്റർ മാത്രം ശേഷിക്കേ നിയന്ത്രണംവിട്ട ജീപ്പ് മരത്തിലിടിച്ചു മറിഞ്ഞു. ജീപ്പിൽ ഉണ്ടായിരുന്നവർ കാര്യമായ

**നഗരകേന്ദ്രമായ താമരശ്ശേരിയിൽ ഒരു പള്ളി വേണമെന്ന വള്ളോപ്പിള്ളി പിതാവിന്റെ ആഗ്രഹപ്രകാരം 1976 ൽ താമരശ്ശേരി ടൗണിനോടനുബന്ധിച്ച് എട്ടു സെന്റ് സ്ഥലത്ത് പള്ളി സ്ഥാപിച്ചത് ജോണച്ചനായിരുന്നു. മഞ്ചേരി നഗരത്തിലെ വിശ്വാസികളെ സംഘടിപ്പിച്ചു ഇടവക രൂപീകരിച്ച് പള്ളി നിർമ്മിക്കുവാൻ നേതൃത്വം നൽകിയതും ജോണച്ചനാണ്.**



ഫാ. ജോൺ മണലിൽ

പരുക്കേൽക്കാതെ രക്ഷപ്പെട്ടു. പക്ഷേ ജോണച്ചന്റെ വലതുകാൽ മുട്ടിനുതാഴെ ഒടിഞ്ഞു തൂങ്ങി. വേദനകൊണ്ട് പുളഞ്ഞ അച്ചനെ നാട്ടുകാർ മൈസൂർ കൃഷ്ണരാജേന്ദ്ര ആശുപത്രിയിലെത്തിച്ചു. രൂപതാ കേന്ദ്രത്തിൽനിന്ന് സഹായത്തിനായി ജോസഫ് കാപ്പിലച്ചനെ വള്ളോപ്പിള്ളി പിതാവ് മൈസൂരിലേക്ക് അയച്ചു. നാലു ദിവസങ്ങൾക്ക് ശേഷം തുടർ ചികിത്സയ്ക്കായി അച്ചനെ മഞ്ചേരി കൊരമ്പയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തുടർന്ന് ഒന്നരവർഷം വേനപ്പാറ ബാലഭവനിൽ വിശ്രമത്തിലായിരുന്നു അദ്ദേഹം.

1975 ൽ ഈരൂട് വികാരിയായി കർമ്മമണ്ഡലത്തിലേക്ക് തിരിച്ചെത്തി. നഗരകേന്ദ്രമായ താമരശ്ശേരിയിൽ ഒരു പള്ളി വേണമെന്ന വള്ളോപ്പിള്ളി പിതാവിന്റെ ആഗ്രഹപ്രകാരം 1976 ൽ താമരശ്ശേരി ടൗണിനോടനുബന്ധിച്ച് എട്ടു സെന്റ് സ്ഥലം കണ്ടെത്തി പള്ളി സ്ഥാപിച്ചത് ജോണച്ചനായിരുന്നു. ഈരൂട് വികാരി ആയിരിക്കെ തന്നെ പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ താമരശ്ശേരിയിൽ ആരംഭിച്ച പുതിയ ദേവാലയത്തിലെ ശുശ്രൂഷകൾക്കും അച്ചൻ നേതൃത്വം നൽകി.

1980 –ൽ പയ്യനാട് വികാരിയായി സ്ഥലം മാറി. കൂമൻകുളം സ്റ്റേഷൻ പള്ളിയുടെ ചാർജ്ജും ജോണച്ചനായിരുന്നു. മഞ്ചേരി ടൗണിൽ അന്ന് പള്ളിയില്ല. നഗരത്തിലെ വിശ്വാസികളെ സംഘടിപ്പിച്ചു പള്ളി നിർമ്മിക്കുവാൻ അച്ചൻ തീരുമാനിച്ചു. 1986–ൽ തലശ്ശേരി രൂപത വിഭജിച്ച് താമരശ്ശേരി രൂപത നിലവിൽവന്നു. മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പ്രഥമ ബിഷപ്പായി. അതേ വർഷം നവംബറിൽ പണികൾ പൂർത്തിയാകുന്നതിനു മുമ്പ് തന്നെ മഞ്ചേരി പള്ളി വെഞ്ചരിച്ചു ദിവ്യബലി ആരംഭിച്ചു. 1987– ൽ ജോണച്ചൻ മഞ്ചേരി ഇടവക വികാരിയായി സ്ഥാനമേറ്റു. സ്റ്റേഷനായ കൂമൻകുളത്ത് പള്ളി നിർമ്മിക്കുന്നതിന് അച്ചൻ മുൻകൈയെടുത്തു. 1988– ഫെബ്രുവരിയിൽ കൂമൻകുളത്ത് പുതിയ പള്ളി നിർമ്മാണം പൂർത്തിയാക്കി. 1990–ൽ മരഞ്ചാട്ടി ഇടവക വികാരിയായി സ്ഥലം മാറി. അവിടെയും പള്ളിയും പള്ളിമുറിയും ഉണ്ടായിരുന്നില്ല. സ്കൂളിലെ ഒരു ക്ലാസിൽ ഇടദിവസങ്ങളിൽ കുർബാനയർപ്പിച്ചു. ശനിയാഴ്ചയും ഞായറാഴ്ചയും സ്കൂൾ ഹാളിലായിരുന്നു ദിവ്യബലി. ഇടവക ജനങ്ങളുടെ സഹകരണത്തോടെ പുതിയ പള്ളിയുടെ നിർമ്മാണം ആരംഭിച്ചു. 1995 ഡിസംബർ 16ന് പുതിയ പള്ളി കൂദാശ ചെയ്തു.

1996 –ൽ കട്ടിപ്പാറ വികാരിയായി. രണ്ടായിരത്തിൽ കുളിരാമുട്ടിയിലേക്ക് സ്ഥലം മാറി. ഒരു വർഷത്തോളം സേവനം ചെയ്ത ശേഷം ആരോഗ്യപരമായ കാരണങ്ങളാൽ വാലില്ലാപ്പുഴയിലേക്ക് സ്ഥലം മാറി. സൺഡേസ്കൂൾ ഷെഡ്ഡിന്റെ രണ്ടാം നിലയിൽ ആയിരുന്നു അന്ന് പള്ളി. പുതിയ പള്ളി നിർമിക്കുന്നതിന് വികാരി അച്ചന്റെ നേതൃത്വത്തിൽ ഇടവക സമൂഹം ഒറ്റക്കെട്ടായി പ്രവർത്തിച്ചു. മേൽക്കൂരയും മുഖവാരവും പണിതീർത്തു. ഇതിനിടെ ജോണച്ചന് ബൈപ്പാസ് സർജറി നടത്തേണ്ടിവന്നു. ആരോഗ്യ പ്രശ്നങ്ങളെ തുടർന്ന് പള്ളി പണി തീരും മുമ്പേ ചുണ്ടത്തുംപൊയിലിലേക്ക് സ്ഥലം മാറി. തുടർന്ന് കുപ്പായക്കോട്, പടത്തുകടവ്, കല്ലുരുട്ടി ഇടവകകളിലും വികാരിയായി.

തിരുപ്പട്ടം സ്വീകരിച്ച് മൂന്നു വർഷങ്ങൾ കഴിഞ്ഞപ്പോൾ തന്നെ നേരിടേണ്ടി വന്ന വലിയ അപകടം വലതുകാലിന് ഏൽപ്പിച്ച പരിക്ക് ഏറെ ഗൗരവമുള്ളതായിരുന്നു. പിന്നീട് ജീവിതത്തിലുടനീളം അല്പം മുടന്തുള്ള കാലോടുകൂടിയാണ് ജീവിതം മുന്നോട്ടു പോയത് എങ്കിലും അതെല്ലാം വിളിച്ചവനോടുള്ള സ്നേഹത്തെപ്രതിയാതൊരു പരാതിയും പരിഭവവും ഇല്ലാതെ സഹിക്കുന്ന ശാന്തപ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്.

2014 മെയ് 11 മുതൽ മേരിക്കുന്ന് ഗുഡ് ഷെപ്പേഡ് പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. 2021 സെപ്റ്റംബർ 15ന് കോവിഡ് ബാധിതനായി. കോഴിക്കോട് മിംസ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ സെപ്റ്റംബർ 30 വ്യാഴാഴ്ച രാവിലെ 4.15ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

മേരിക്കുന്നിലുള്ള വൈദിക വിശ്രമ മന്ദിരത്തിൽ കഴിഞ്ഞിരുന്ന ജോണച്ചൻ അവിടെ വരുന്ന സന്ദർശകരോട് കുശലം പറയുന്നതിനും പരിചയപ്പെടുന്നതിനും ഏറെ മുന്നിലായിരുന്നു. പ്രീസ്റ്റ് ഹോമിനെ ചടുലമായി നിലനിർത്തുന്നതിൽ അച്ചൻ വലിയ പങ്കുവഹിച്ചു. ആത്മീയ ജീവിതത്തിലോ അനുദിന ഉത്തരവാദിത്വങ്ങളിലോ ഒരു മുടക്കവും വരുത്താതെയും ആർക്കും ഒരു ഭാരമാകാതെയും ജീവിക്കുവാൻ അച്ചൻ പരിശീലിച്ചിരുന്നു. ഉച്ചത്തിൽ ചിരിച്ചുകൊണ്ട് സംസാരിക്കുന്ന, ചാപ്പലിൽ ഉയർന്ന സ്വരത്തിൽ പ്രാർത്ഥിക്കുന്ന ജോണച്ചൻ വൈദിക വിശ്രമ മന്ദിരത്തിന് ശബ്ദവും ഊർജവും ആയിരുന്നു.

2018–ൽ ജോണച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണജൂബിലി ആഘോഷത്തിൽ മണലിൽ കുടുംബം പുറത്തിറക്കിയ 'സഹനത്തിന്റെ വഴിത്താരയിൽ' എന്ന പുസ്തകം അച്ചന്റെ ജീവിത കഥ വ്യക്തമാക്കുന്നു.

പലവട്ടം മരണത്തെ മുഖാഭിമുഖംകണ്ട ജോണച്ചൻ കഴിഞ്ഞ ജൂണിൽ അസുഖ ബാധിതനായി വെന്റിലേറ്ററിലായിരുന്നു. കുറച്ചു ദിവസങ്ങൾക്ക് ശേഷം പൂർണ്ണ ആരോഗ്യവാനായി അദ്ദേഹം തിരിച്ചെത്തി. ഇനി ഞാൻ മരണത്തിന് എപ്പോഴും ഒരുങ്ങിയിരിക്കുകയാണെന്ന് ജോണച്ചൻ പറയുമായിരുന്നു. കോവിഡ് ബാധയെത്തുടർന്ന് ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ വർധിച്ചപ്പോൾ തന്റെ ജീവിതത്തിന്റെ അവസാന മണിക്കൂറുകളിലേക്ക് പ്രവേശിച്ചുവെന്ന് തിരിച്ചറിഞ്ഞ അച്ചൻ ആത്മീയമായി സമ്പൂർണ്ണ ഒരുക്കത്തിൽ രോഗീലേപനം സ്വീകരിച്ചു.

താൻ അനുഭവിച്ച ദൈവസ്നേഹം കലവറയില്ലാതെ പകർന്നുനൽകിയവൻ, ലാളിത്യം ജീവിതവ്രതമാക്കിയവൻ, കരുണാമയന്റെ നേർക്കാഴ്ചയായവൻ, ക്രിസ്ത്വാനുകരണം പോലെ ധന്യമായ ജീവിതം. സ്വർഗ്ഗത്തിലേക്കുള്ള യാത്രയിൽ നമുക്കും പ്രചോദനമാകട്ടെ ആ പാവന ജീവിതം.

# 'വചനമാകുന്ന പാറമേൽ ജീവിതം കെട്ടിപ്പടുക്കുന്നവനാണ് യഥാർത്ഥ ശിഷ്യൻ'

ഫാ. ജോസഫ് കളത്തിൽ



*"നിത്യതയിലേക്ക് ഈശോയെ നോക്കി കൊണ്ടാകണം നാം തീരുമാനങ്ങൾ എടുക്കേണ്ടത്."*

ക്രിസ്തുശിഷ്യൻ തിരുവചനമാകുന്ന പാറമേൽ ജീവിതം കെട്ടിപ്പടുക്കണമെന്നും നിത്യതയിലേക്ക് നോക്കിക്കൊണ്ട് ജീവിതത്തെ സംബന്ധിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളണമെന്നും ഫ്രാൻസിസ് മാർപാപ്പ ഉദ്ബോധിപ്പിച്ചു.

കാണുകയും സ്പർശിക്കുകയും ചെയ്യുന്നതിനെ മുറുകെപിടിക്കാൻ നാം പ്രലോഭിതരാകും. അത് നമുക്ക് സുരക്ഷിതമാണെന്നുതോന്നും. അത് മാനുഷികമായ കാര്യമാണ്. അതിനെയാണ് നാം പ്രലോഭനം എന്നു വിളിക്കുന്നത്. എന്നാൽ അത് ഒരു ചതിയാണ്. കാരണം പ്രപഞ്ചത്തിലുള്ള സകലതും കടന്നുപോകും പക്ഷേ, അവിടുത്തെ വചനം മാത്രം കടന്നു പോകില്ല. മണലിൽ നാം ജീവിതം കെട്ടിപ്പടുക്കരുതെന്നാണ് ഇതിലൂടെ ഈശോ പറയുന്നത്.

ഈശോയെ സംബന്ധിച്ച് തന്റെ വചനമാകുന്ന പാറമേൽ ജീവിതം കെട്ടിപ്പടുക്കുന്നവനാണ് യഥാർത്ഥ ശിഷ്യൻ. നന്മ ചെയ്യുന്നവൻ ഈ ലോകത്തിൽ നിത്യതയ്ക്കായി മുതൽ മുടക്കുകയാണ് ചെയ്യുന്നത്. ഉദാരരും, സേവന സന്നദ്ധരും, സൗമ്യരും ക്ഷമാശീലരും അസൂയപ്പെടാത്തവരും വ്യർത്ഥഭാഷണത്തിൽ ഏർപ്പെടാത്തവരും ആത്മപ്രശംസ ചെയ്യാത്തവരും അഹങ്കാരമില്ലാത്തവരും അനാദരവ് കാണിക്കാത്തവരുമാണ് ഭൂമിയിൽ സ്വർഗ്ഗം പണിയുന്നതെന്ന് മാർപാപ്പ ഓർമിപ്പിച്ചു. അതുപോലെ നിത്യതയിലേക്ക് ഈശോയെ നോക്കിക്കൊണ്ടാകണം നാം നമ്മുടെ തീരുമാനങ്ങൾ എടുക്കേണ്ടത്. ഇത് എളുപ്പമുള്ള കാര്യമല്ല, എന്നാൽ അതുമാത്രമാണ് ഉറപ്പുള്ള വഴിയെന്ന് നാം മനസിലാക്കണമെന്ന് പാപ്പ കൂട്ടിച്ചേർത്തു.

## ദൈവനാമത്തിൽ സത്യപ്രതിജ്ഞ തുടരണം: യൂറോപ്യൻ മനുഷ്യാവകാശ കോടതി



പ്രസിഡൻഷ്യൽ പദവിയിലേക്കും കൗൺസിൽ ഓഫ് സ്റ്റേറ്റ് അംഗമായും തിരഞ്ഞെടുക്കപ്പെടുമ്പോൾ ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്യണമെന്ന ഭരണഘടന അനുച്ഛേദത്തിനെതിരെ ഐറിഷ് രാഷ്ട്രീയ പ്രവർത്തകൻ നൽകിയ പരാതി യൂറോപ്യൻ മനുഷ്യാവകാശ കോടതി നിരുപാധികം തള്ളി. പ്രസിഡന്റായും കൗൺസിൽ അംഗങ്ങളായും സ്ഥാനമേൽക്കുമ്പോൾ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാനും ഭരണഘടനാനുസൃതം പ്രവർത്തിക്കാനുമുള്ള സന്നദ്ധത 'സർവശക്തനായ ദൈവത്തിന്റെ നാമത്തിൽ' പ്രതിജ്ഞ ചെയ്യുന്നത് തുടരണമെന്ന് വ്യക്തമാക്കിയാണ് ഏഴംഗ ബെഞ്ച് വിധി പ്രസ്താവിച്ചത്.

ഐറിഷ് ഭരണഘടനയിലെ ചില അനുച്ഛേദങ്ങൾ അനുശാസിക്കുന്ന 'സർവശക്തനായ ദൈവം' എന്ന സത്യപ്രതിജ്ഞാ വാചകം അക്രൈസ്തവരും അവിശ്വാസികളുമായ കൗൺസിൽ അംഗങ്ങളുടെ ബോധ്യങ്ങൾ പരിഗണിക്കാത്തതാണെന്നായിരുന്നു പരാതിക്കാരുടെ വാദം. ഐറിഷ് സിവിൽ സൊസൈറ്റിയിലെ രാഷ്ട്രീയക്കാരും അംഗങ്ങളുമെന്ന നിലയിൽ നിയമപരമായി നിയമിക്കപ്പെടാനാണ് തങ്ങൾ ആഗ്രഹിക്കുന്നതെന്നും മതപരമായ സത്യപ്രതിജ്ഞ തടയണമെന്നുമാണ് അവർ വാദിച്ചത്. എന്നാൽ നിലവിലുള്ള സത്യപ്രതിജ്ഞാവാചകങ്ങൾ തങ്ങളെ ഏതെങ്കിലും തരത്തിൽ നേരിട്ടു ബാധിക്കുന്നുണ്ടെന്ന് വസ്തുതാപരമായി തെളിയിക്കുന്നതിൽ പരാതിക്കാർ പരാജയപ്പെട്ടെന്നും വിശ്വസനീയവും സ്വീകാര്യവുമായ കാര്യങ്ങളൊന്നും പരാതിക്കാർ സമർപ്പിച്ചിട്ടില്ലെന്നും ചൂണ്ടിക്കാട്ടിയാണ് കോടതി അവരുടെ പരാതി തള്ളിയത്.

## 'സുവിശേഷ ദൗത്യത്തിൽ യുവജനങ്ങളുടെ പങ്ക് നിർണായകം'

തിരുസഭയുടെ പ്രധാന ശുശ്രൂഷയായ സുവിശേഷവത്കരണ ദൗത്യത്തിൽ യുവജനങ്ങൾ നിർണായക ഭാഗഭാക്കുകളാകണമെന്ന് ഫ്രാൻസിസ് മാർപാപ്പ. ക്രിസ്തുരാജത്വത്തിരുന്നാൾ ദിനത്തിൽ ലോകയുവജനദിനം ആഘോഷിക്കുന്ന സാഹചര്യത്തിൽ നൽകിയ സന്ദേശത്തിലായിരുന്നു മാർപാപ്പ ഇപ്രകാരം പറഞ്ഞത്. യുവജനങ്ങൾ തിരുസഭാകുടുംബത്തിലെ പ്രധാന വക്താക്കളാണെന്ന് വ്യക്തമാക്കുന്ന വിധത്തിൽ രണ്ടു യുവജനങ്ങളെ ഇരുവശത്തും ചേർത്തു നിർത്തിയാണ് പാപ്പ തന്റെ സന്ദേശം നൽകിയത്. സഭയുടെ സജീവസാന്നിധ്യമാണെന്ന അനുഭവതലത്തിലേക്കും സഭാദൗത്യത്തിന്റെ പ്രധാനികളാണെന്ന ബോധ്യത്തിലേക്കും ലോകമെമ്പാടുമുള്ള യുവജനങ്ങൾ വന്നണയണമെന്നാണ് പ്രത്യാശിക്കുന്നതെന്ന് പാപ്പ ചൂണ്ടിക്കാട്ടി. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയാണ് 1985 ൽ യുവജന ദിനത്തിന് തുടക്കമിട്ടത്.

## പുസ്തക പരിചയം

### ● ജൂതഭാരതം



'ജൂതഭാരതം' ഡോ ഏബ്രഹാം ബെൻഹർ എഴുതിക്കൊണ്ടിരിക്കുന്ന 'മഹാജനപദം' എന്ന പുസ്തകത്തിന്റെ ആദ്യഭാഗമാണ്. ഇസ്രയേലിൽ നിന്ന് പുറപ്പെട്ട് ബാബിലോണും പേർഷ്യയും അഫ്ഗാനിസ്ഥാനും ബലൂചിസ്ഥാനും കടന്ന് ഗുജറാത്ത് മഹാരാഷ്ട്ര, കർണാടക, വയനാട്, കോയമ്പത്തൂർ വഴി കേരള തീരത്തുവന്നു ചേർന്ന ഏതാനും ജൂതന്മാർ തോമാശ്ലീഹയിൽ നിന്ന് സുവിശേഷം സ്വീകരിച്ച് ക്രിസ്ത്യാനികളായ ചരിത്രം ഇതിൽ വിവരിക്കുന്നു. ക്രിസ്തുമതം സ്വീകരിക്കുന്നതിനുമുമ്പ് യഹൂദപാരമ്പര്യം അനുസരിച്ച് ശവസംസ്ക്കാരം നടത്തിയിരുന്നു എന്നതിന്റെ തെളിവുകളാണ് കാരക്കസെസ് പർവത നിരകളിലും തമിഴ്നാട്ടിലെ പഴനിയിലും പശ്ചിമഘട്ടമലയോരത്തും വയനാട്ടിലും കാണുന്ന ഒരേ രീതിയിലുള്ള ശവക്കല്ലറകൾ. ഇത്തരം കല്ലറകളുടെ ചിത്രങ്ങളും പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചരിത്ര കുതുകികളായ വായനക്കാർക്ക് ലളിതമായി വായിച്ചു പോകാവുന്ന രീതിയിലാണ് ഗ്രന്ഥരചന. ഡി.സി ബുക്സ് പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിന് 430 രൂപയാണ് വില.


### ● കുളിർമയുള്ള തീച്ചൂള



ആഗോളതലത്തിലുള്ള കത്തോലിക്കാ യുവജന മുന്നേറ്റമായ ജീസസ് യൂത്തിന്റെ മാധ്യമ മുഖമായ കെയ്റോസിന്റെ ആരംഭത്തെക്കുറിച്ചും വളർച്ചയുടെ നാളുകളെക്കുറിച്ചും പ്രതിപാദിക്കുന്ന ഗ്രന്ഥം. കെയ്റോസ് യൂത്ത് മാഗസിൻ അസോസിയേറ്റ് എഡിറ്റർ സണ്ണി കൊക്കാപ്പിള്ളിലാണ് ഗ്രന്ഥകർത്താവ്. കെയ്റോസ് മീഡിയ പ്രസിദ്ധീകരിച്ചിരിക്കുന്നു.

വില 200 രൂപ. കോപ്പികൾക്ക്: 04842984327

### ● സ്വർണ്ണമത്സ്യം



താമരശ്ശേരി കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസിയുടെ കീഴിലുള്ള പടത്തുകടവ് ഹോളി ഫാമിലി ഹൈസ്ക്കൂൾ അധ്യാപികയായ ബിൻസി ജെയിംസ് രചിച്ച ഗ്രന്ഥം. ജീവിതമൂല്യങ്ങൾ കുഞ്ഞു മനസുകളിലേക്ക് പകർന്നു നൽകുന്ന പത്തു കൊച്ചു കഥകളുടെ സമാഹാരം. നന്മ തിന്മകൾ വേർതിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്ന, കുഞ്ഞുമനസുകൾക്ക് ഭാവനയുടെ ചിറകു നൽകുന്ന വായനാനുഭവം. ഫിംഗർ ബുക്സ് പ്രസിദ്ധീകരിച്ചിരിക്കുന്നു. വില 80 രൂപ.
കോപ്പികൾക്ക്: 9656907850

ഉപകാരസ്മരണ



വിശ്വാസി- മഞ്ഞക്കുന്ന്

14-ാം ചരമ വാർഷികം
15-12-2021



ചാക്കോ (കൊച്ചേട്ടൻ)
കിഴക്കേക്കര, പടത്തുകടവ്
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

24-ാം ചരമ വാർഷികം
(21-12-2021)



സൂണ പി ചാക്കോ
പടന്നമാക്കൽ (സ്നേഹാലയം)
എരവിമംഗലം, പെരിന്തൽമണ്ണ
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# അവിശ്വാസിയും രോഗീലേപനവും



റവ. ഡോ. എബ്രഹാം
കാവിൽപുരയിടത്തിൽ

**ഹൃദയം കാണുന്ന ദൈവത്തിന്റെ കരുണാർദ്രമായ സമീപനമായിരിക്കണം രോഗീലേപനമെന്ന കൂദാശ പരികർമ്മം ചെയ്യുന്ന വൈദികന് ഇത്തരം സാഹചര്യങ്ങളിൽ ഉണ്ടാകേണ്ടത്. നല്ല കള്ളനെ പറുദീസായിൽ സ്വീകരിച്ച ഈശോയുടെ മനോഭാവവും (ലൂക്കാ 23:43) തളർവാത രോഗിയെ വീടിന്റെ മേൽക്കൂരപൊളിച്ച് തന്റെ മുന്നിലെത്തിച്ചവരുടെ വിശ്വാസം കണ്ട് തളർവാതരോഗിയുടെ പാപങ്ങൾ ക്ഷമിച്ച് അവനെ സുഖപ്പെടുത്തിയ ഈശോയുടെ മനോഭാവവുമാണ് (മർക്കോ 2:4–6) ഇത്തരം സാഹചര്യങ്ങളിൽ അവസാന നിയമമായി സ്വീകരിക്കേണ്ടത്.**

? അവിശ്വാസിയായി ജീവിച്ച ഒരു കത്തോലിക്കന് രോഗീലേപനം സ്വീകരിക്കാൻ അർഹതയുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ ഫലം ലഭിക്കുമോ?

**● ഡോ. ജോസ് ഷിഫിൻ, എറണാകുളം**

രോഗീലേപനം എന്ന കൂദാശയുടെ സ്വീകരണവുമായി ബന്ധപ്പെട്ട ചോദ്യമാണ് ജോസ് ഷിഫിൻ ഉന്നയിച്ചിരിക്കുന്നത്. ചോദ്യത്തിന് നേരിട്ട് ഉത്തരം പറയുന്നതിനുമുമ്പ് രോഗീലേപനമെന്ന കൂദാശയെക്കുറിച്ചുള്ള പൊതുവായ കാര്യങ്ങൾ വളരെ ചുരുക്കി പ്രതിപാദിക്കുന്നത് ഉചിതമെന്നു കരുതുന്നു.

അപ്രിയ യാഥാർത്ഥ്യമായ മരണത്തോട് അടുക്കുമ്പോൾ പരികർമ്മം ചെയ്യേണ്ട കൂദാശയാണ് രോഗീലേപനം എന്ന പരമ്പരാഗത കാഴ്ചപ്പാട് ഈ കൂദാശയുടെ ജനകീയത വളരെയധികം നഷ്ടപ്പെടുത്തിയിട്ടുണ്ട്. രോഗീലേപനം എന്നത് സൗഖ്യദായകമായ ഒരു കൂദാശയാണെന്നും മറ്റേതു കൂദാശയെയുംപോലെ ജീവിച്ചിരിക്കുന്നവരുടെ ആത്മീയ സുസ്ഥിതിക്കുവേണ്ടി പരികർമ്മം ചെയ്യപ്പെടുന്ന കൂദാശയാണെന്നും ഇന്ന് കൂടുതൽ ബോധ്യമായിക്കൊണ്ടിരിക്കുന്നു. രോഗാവസ്ഥയിലുള്ളവർ ഈ കൂദാശ സ്വീകരിക്കുമ്പോൾ രോഗത്തെ ശാന്തമായി സ്വീകരിക്കുന്നതിനുള്ള കൃപ ലഭിക്കുന്നു. മരണാസന്നർ ഈ കൂദാശ സ്വീകരിക്കുമ്പോൾ പാപങ്ങൾ ക്ഷമിക്കപ്പെട്ട് നിത്യയാത്രയ്ക്കുള്ള ഒരുക്കമായി അത് മാറുന്നു.

## രോഗീലേപനത്തിനുള്ള അർഹത

ആർക്കാണ് രോഗീലേപനം സ്വീകരിക്കാൻ അർഹതയുള്ളത് എന്നതാണ് ചോദ്യത്തിന്റെ ഒരു ഭാഗം. മാമ്മോദീസയിലൂടെ തിരുസ്സഭയിൽ അംഗമായിത്തീർന്ന് വിശ്വാസജീവിതം നയിക്കുന്ന ഏതൊരു വ്യക്തിക്കും ഈ കൂദാശ സ്വീകരിക്കാനുള്ള അർഹതയുണ്ട്. വിശ്വാസികൾക്കാണ് ഈ കൂദാശ സ്വീകരിക്കാൻ അർഹതയുള്ളതെന്ന് സഭാനിയമം വ്യക്തമാക്കുന്നുണ്ട് (cf. CCEO cc. 737, 738, 740; CIC cc. 998, 1003, 1004). ലത്തീൻ സഭയുടെ കാനൻനിയമം ഇക്കാര്യം അൽപംകൂടി വ്യക്തമാക്കുന്നുണ്ട്. അജപാലനദൗത്യം ഏൽപ്പിക്കപ്പെട്ടിരിക്കുന്ന വൈദികർ തങ്ങളുടെ വിശ്വാസികൾക്ക് ഈ കൂദാശ പരികർമ്മം ചെയ്യാൻ കടമയും ഉത്തരവാദിത്വവുമുള്ളവരാണ് എന്ന് നിയമം വ്യക്തമാക്കുന്നു (CIC c. 1003 § 2). തങ്ങൾക്ക് അർഹതപ്പെട്ട ഈ കൂദാശ വിശ്വാസികൾ സ്വയം ചോദിച്ചുവാങ്ങേണ്ടതാണ് എന്നും നിയമം പറയുന്നു (CCEO c. 738).

ഈ കൂദാശ സ്വമനസാ ആവശ്യപ്പെടാൻ കഴിയാത്ത സാഹചര്യത്തിലും ഒരു വ്യക്തിക്ക് ഈ കൂദാശ നല്കുന്നതിനെപ്പറ്റി സഭാനിയമം ഇപ്രകാരമാണ് പറയുന്നത്: "ഗുരുതരമായ അസുഖമുള്ളവരും അബോധാവസ്ഥയിലോ ബുദ്ധിശക്തി നഷ്ടപ്പെട്ട അവസ്ഥയിലോ ഉള്ളവരുമായ ക്രൈസ്തവവിശ്വാസികൾ മരണാവസ്ഥയിലോ, വൈദികന്റെ തീരുമാനപ്രകാരം മറ്റൊരു സമയത്തുപോലുമോ തങ്ങൾക്കുവേണ്ടി ഈ കൂദാശ പരികർമ്മം ചെയ്യപ്പെടണമെന്ന് ആഗ്രഹിക്കുന്നതായി കരുതപ്പെടുന്നു." (CCEO c. 740; CIC cc. 1005, 1006).

കൗദാശിക ജീവിതത്തിലൂടെ സഭയോടും സമൂഹത്തോടും ചേർന്നുജീവിച്ച ഒരു വ്യക്തിക്ക് സ്വയം ആവശ്യപ്പെടാൻ സാധിക്കാത്ത സാഹചര്യത്തിലും ഈ കൂദാശ പരികർമ്മം ചെയ്യണം എന്ന് സഭാനിയമം വ്യക്തമാക്കുന്നു.

## അവിശ്വാസിയുടെ അർഹത

ഇത്രയും പറഞ്ഞതിന്റെ പശ്ചാത്തലത്തിൽ ചോദ്യത്തിനുള്ള ഉത്തരം കൂടുതൽ വ്യക്തമാകുന്നുണ്ട്. 'അവിശ്വാസിയായി ജീവിച്ച' എന്ന വിശേഷണം മനുഷ്യന്റെ കാഴ്ചപ്പാടാണ്. വിശ്വാസജീവിതത്തിന്റെ ബാഹ്യമാനദണ്ഡങ്ങൾക്കപ്പുറം ഹൃദയം കാണുന്ന ദൈവത്തിന്റെ പ്രവർത്തനം കൂദാശയുടെ പരികർമ്മത്തിൽ സംഭവിക്കാനുള്ള സാധ്യത നിഷേധിക്കാൻ നമുക്കു അവകാശമില്ല. 'അവിശ്വാസി' എന്ന് സമൂഹം വിശേഷിപ്പിക്കുന്ന വ്യക്തി രോഗീലേപനം എപ്പോഴെങ്കിലും ആവശ്യപ്പെട്ടാൽ ഒരു കാരണവശാലും അത് നിഷേധിക്കാൻ പാടില്ല. മാമ്മോദീസാ സ്വീകരിച്ച വ്യക്തിയാണെങ്കിൽ ഈ കൂദാശ സ്വീകരിക്കാനുള്ള അർഹതയും അവകാശവും ആ വ്യക്തിക്കുണ്ട്. സുവിശേഷത്തിലെ നല്ല കള്ളന്റെ മാനസാന്തര അനുഭവത്തിന്റെ നേർസാക്ഷി ഈശോ മാത്രമായിരുന്നു. നല്ല കള്ളനെപ്പോലെ മാനസാന്തരപ്പെടാനുള്ള അവസരവും അവകാശവും എല്ലാവർക്കുമുണ്ട്. അതിനാൽ ചോദിക്കുന്ന ആർക്കും രോഗീലേപനം നിഷേധിക്കാൻ പാടില്ല. മറിച്ച്, ഇങ്ങനെയൊരവസരത്തിൽ ആ വ്യക്തിയെ മാനസാന്തരത്തിലേക്ക് നയിക്കാനുള്ള കരുണാർദ്രമായ സമീപനമാണ് വൈദികർ സ്വീകരിക്കേണ്ടത്. കുരിശിലെ തന്റെ ജീവത്യാഗത്തിലൂടെ ഈശോ എല്ലാവർക്കുമായി നല്കിയ രക്ഷ ആർക്കും നിഷേധിക്കാനുള്ള അവകാശം വൈദികർക്കില്ല എന്നതും ഓർമ്മിക്കേണ്ടതുണ്ട്.

## ആർക്കു നിഷേധിക്കാം?

അതേസമയം, പരസ്യപാപത്തിൽ നിർബന്ധബുദ്ധിയോടെ തുടരുന്ന ഒരു വ്യക്തിക്ക് രോഗീലേപനം നൽകരുത് എന്ന് ലത്തീൻ സഭാനിയമം കൂട്ടിച്ചേർക്കുന്നുണ്ട് (CIC c. 1007). ഇവിടെ രണ്ട് സാഹചര്യങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്: ഒന്ന്, സഭയെയും ദൈവത്തെയും തള്ളിപ്പറഞ്ഞ് പരസ്യപാപത്തിൽ ജീവിക്കുന്ന വ്യക്തി സ്വന്തം തീരുമാനത്തിൽ രോഗീലേപനം സ്വീകരിക്കുന്നതിന് ആഗ്രഹം പ്രകടിപ്പിച്ചാൽ അത് ആ വ്യക്തിയുടെ മാനസാന്തര നിമിഷമായി കണ്ട് രോഗീലേപനം നൽകണം എന്നതാണ് സഭാനിയമത്തിന്റെ അന്തഃസത്ത. കുമ്പസാരമെന്ന കൂദാശയിലൂടെ പാപമോചനം നല്കാൻ സാധ്യതയുണ്ടെങ്കിൽ അതിനുശേഷമാണ് രോഗീലേപനം നൽകേണ്ടത്. രണ്ടാമത്തേത്, ഇപ്രകാരം പാപത്തിൽ ജീവിക്കുന്ന വ്യക്തി സ്വന്തം തീരുമാനത്തിൽ കൂദാശ ആവശ്യപ്പെടാത്ത സാഹചര്യമാണ്. കൂദാശ ആ വ്യക്തിക്കുവേണ്ടി ആവശ്യപ്പെടുന്നത് മറ്റുള്ളവരാണ്. രോഗബാധിതനായ വ്യക്തി സുബോധത്തോടെ കൂദാശയെ നിഷേധിക്കുകയും ചെയ്യുന്നു. ഇത്തരം സാഹചര്യത്തിൽ നിർബന്ധമായി ആ വ്യക്തിക്ക് രോഗീലേപനം നൽകാൻ പാടില്ല. കാരണം, കൂദാശ സ്വീകരിക്കുന്നതിന് ആവശ്യമായ ആന്തരിക മനോഭാവം ഇല്ലായെന്നുമാത്രമല്ല, ദൈവനിഷേധം തുടരുകയും ചെയ്യുന്നു. ഇത്തരം സാഹചര്യങ്ങളിൽ 'ബലം പ്രയോഗിച്ചു' നൽകുന്ന രോഗീലേപനത്തിന് കൗദാശികമായ യാതൊരു ഫലവും ആ വ്യക്തിക്കു ലഭിക്കുന്നില്ല എന്നതും വ്യക്തമാണ്.

ഇത്തരം സാഹചര്യത്തിന്റെ മറ്റൊരു വശം ചിന്തിക്കാം. മറ്റുള്ളവരുടെ മുമ്പിൽ ദൈവനിഷേധിയും അവിശ്വാസിയുമായി അറിയപ്പെട്ടിരുന്ന ഒരു വ്യക്തി അബോധാവസ്ഥയിൽ ആയിരിക്കുമ്പോൾ അദ്ദേഹവുമായി അടുത്തബന്ധമുള്ളവർ മറ്റാർക്കും അറിയാത്ത ആ വ്യക്തിയുടെ വിശ്വാസജീവിതം വൈദികനുമുമ്പിൽ സാക്ഷ്യപ്പെടുത്തുകയും രോഗീലേപനം നൽകുന്നതിന് ആവശ്യപ്പെടുകയും ചെയ്താൽ ആ വ്യക്തിക്ക് കൂദാശ പരികർമ്മം ചെയ്യേണ്ടതാണ്. അതേപോലെ ദൈവനിഷേധിയും അവിശ്വാസിയും പരസ്യപാപിയുമായി ജീവിച്ചിരുന്ന വ്യക്തിയുടെ കാര്യത്തിലാണെങ്കിലും അടുത്ത ബന്ധുക്കളുടെ ആവശ്യം പരിഗണിച്ച് ആ വ്യക്തിക്ക് കൂദാശ പരികർമ്മം ചെയ്യേണ്ടതാണ്.

## ഹൃദയം കാണുന്ന ദൈവം

ചുരുക്കത്തിൽ, ഹൃദയം കാണുന്ന ദൈവത്തിന്റെ കരുണാർദ്രമായ സമീപനമായിരിക്കണം രോഗീലേപനമെന്ന കൂദാശ പരികർമ്മം ചെയ്യുന്ന വൈദികന് ഇത്തരം സാഹചര്യങ്ങളിൽ ഉണ്ടാകേണ്ടത്. നല്ല കള്ളനെ പറുദീസായിൽ സ്വീകരിച്ച ഈശോയുടെ മനോഭാവവും (ലൂക്കാ 23:43) തളർവാത രോഗിയെ വീടിന്റെ മേൽക്കൂരപൊളിച്ച് തന്റെ മുന്നിലെത്തിച്ചവരുടെ വിശ്വാസം കണ്ട് തളർവാതരോഗിയുടെ പാപങ്ങൾ ക്ഷമിച്ച് അവനെ സുഖപ്പെടുത്തിയ ഈശോയുടെ മനോഭാവവുമാണ് (മർക്കോ 2:4–6) ഇത്തരം സാഹചര്യങ്ങളിൽ അവസാന നിയമമായി സ്വീകരിക്കേണ്ടത്.

**ചോദ്യങ്ങൾ അയയ്ക്കേണ്ട**
**വിലാസം: എഡിറ്റർ,**
**മലബാർ വിഷൻ, പിഎംഒസി,**
**മേരിക്കുന്ന് പിഒ, കോഴിക്കോട് –12**
**വാട്സാപ്പ്: 97 44 99 5553**

4–ാം ചരമവാർഷികം



ജേക്കബ്
(09-11-2017)



ശോശാമ്മ
(25-11-2017)

പുരമഠത്തിൽ, കാളികാവ്

മരിക്കാത്ത ഓർമകളോടെ, കുടുംബാംഗങ്ങൾ

ഉപകാരസ്മരണ
St. Joseph of Cupertino Prayers

Dear St. Joseph of Cupertino, who by your prayer retain from God the Grace to be asked in your examination only by the question you know. Grant me the favor which I am about to take. I am restrains; I promise to make you know and loved.

Please St. Joseph of Cupertino teach me the right answer in the examination without fear and doubt. Give me a retainable mind to recall the things I have learned and reviewed previously to feel secure. Enlighten me and bless my pen, My St. Joseph of Cupertino that I will choose and write the right answer. Please stay on my side. Guide me for I trust in your divine power and knowledge.

Bless also the examiners and correctors that they will be considerate in my papers so as to aid my passing in the examination given. Thank you very muchO St. Joseph of Cupertino, pray for me. Give me more strength, help me to recalwhatever necessary for the board questions, and please help me to avoid mental blocks.

St. Joseph of Cupertino, please help me too, that I may succeed in the examination for greater Glory of God, Amen.

അജിലു മരിയ ജോസ് – മരുതോങ്കര

ഉപകാരസ്മരണ



വിശ്വാസി– പടത്തുകടവ്

# ന്യൂജൻ കുഞ്ഞാടും മാതാപിതാക്കളും



കുട്ടീസ് കോർണർ
ജെയിംസ് വെങ്ങിണിക്കൽ


കാട്ടിലെ ഗുഹയിൽ തള്ളയാടും മുട്ടാടും വിഷാദിച്ചു കഴിയുകയാണ്. അവരുടെ ഏക ഓമനപുത്രി പുറത്തേയ്ക്ക് പോയിട്ട് ദിവസം രണ്ടുകഴിഞ്ഞു. ഇതുവരെ തിരിയെ വന്നിട്ടില്ല. സന്തോഷത്തോടെ കഴിഞ്ഞിരുന്ന കുടുംബമായിരുന്നു. മകളെ തങ്ങളിൽ നിന്നകറ്റിയത് കുറുക്കച്ചന്റെ കാഞ്ഞബുദ്ധിയായിരുന്നു. കുറുക്കന്റെ കൂടെ പോകരുതെന്ന് വിലക്കിയതാണ്. അപ്പോൾ അവൾ പറഞ്ഞു, മാതാപിതാക്കൾ പഴഞ്ചനാണ് അവർക്ക് ന്യൂജെൻ എന്നുപറഞ്ഞാൽ ഒന്നും അറിയില്ല. മാതാപിതാക്കളുടെ പഴഞ്ചൻ കൂട്ടുകെട്ട് അവൾക്കിഷ്ടമല്ലായിരുന്നു. പുതുപുത്തൻ കൂട്ടുകാർ വേണമായിരുന്നു. കുറുക്കച്ചനുമായുള്ള കൂട്ടുകെട്ട് ശരിയല്ലെന്ന് അവർ പറഞ്ഞിട്ടും അവൾക്ക് അത് മനസിലായില്ല.

നല്ല ചക്കരവാക്കുകൾ കൊണ്ട് കുറുക്കച്ചൻ അവളെ മയക്കി. അവന്റെ ചങ്ങാതിയായ ചെന്നായയുടെ മാളത്തിലേക്ക് ആനയിച്ചുവരികയായിരുന്നു. ഏതു കുടുക്കിൽ പെട്ടാലും അവിടെ നിന്ന് തടിയൂരുന്നതിനുള്ള വിദ്യ അവൾ പഠിച്ചുവച്ചിട്ടുണ്ട്. ഏതു പൂട്ടും തുറക്കാനുള്ളവിദ്യ അവൾ മനസിലാക്കിയിട്ടുണ്ട്. മാതാപിതാക്കൾ പറഞ്ഞുകൊടുത്തു ശത്രുക്കളോടുള്ള കൂട്ടുകെട്ട് നന്നല്ലെന്ന്.

കുറുക്കൻ പെണ്ണാടിനെ വശീകരിച്ച് ചെന്നായയുടെ അടുത്തെത്തി അപകടം മണത്തറിഞ്ഞ് ആട്ടിൻ കുട്ടി അവിടെ നിന്ന് രക്ഷപ്പെടണമെന്ന് തീരുമാനിച്ചു. കൂട്ടുകാർ എപ്പോഴും നല്ലവരാണെന്നുള്ള ചിന്തയിപ്പോൾ അവൾക്കില്ല. ചെന്നായയുടെ ചിരിയും കുറുക്കച്ചന്റെ ചിരിയും ഒന്നു തന്നെ. തന്റെ മാംസത്തിലാണ് അവരുടെ കണ്ണ്. തനിച്ച് രക്ഷപ്പെടുക ബുദ്ധിമുട്ടായിരിക്കും എന്ന് അവൾ ചിന്തിച്ചിരിക്കുമ്പോൾ "ഹമ്മോ" എന്ന് അറിയാതെ വിളിച്ചു പോയി.









തന്റെ മകളെ അന്വേഷിച്ച് ഇറങ്ങിയിരിക്കുന്ന മാതാപിതാക്കൾ കരാട്ടെ ഒക്കെ പഠിച്ചവരാണ്. അവർ മകളെ അന്വേഷിച്ചിറങ്ങിയിരിക്കുകയാണ്. അവർ പാഞ്ഞെത്തുമ്പോൾ കണ്ട കാഴ്ച്ച അതിഭീകരമായിരുന്നു. കുറുക്കച്ചൻ കള്ളച്ചിരി പാസാക്കി നിൽക്കുന്നു, ചെന്നായ് കുഞ്ഞാടിനെ വട്ടമിട്ടു നിൽക്കുന്നു.

അപ്പോഴാണ് കുഞ്ഞാടിന്റെ മാതാപിതാക്കളുടെ രംഗപ്രവേശം. അവർ പാഞ്ഞടുത്തു ചെന്നായയുടെ ഇരുവശങ്ങളിലായി അവർ നിലയുറപ്പിച്ചു.

രംഗം അത്ര നന്നല്ല എന്നു മനസിലാക്കി കുറുക്കച്ചൻ പിൻവലിഞ്ഞു. മാതാപിതാക്കളായ ആടുകൾ പിന്നോട്ട് വലിഞ്ഞ് മുന്നോട്ടു ഒറ്റ കുതിപ്പ്. ഈ ചാട്ടത്തിൽ രണ്ടും കൂടി ചെന്നായയുടെ പള്ളയ്ക്ക് ആഞ്ഞ് ഒറ്റക്കുത്ത്. കുറുക്കന് സന്തോഷമായി ചെന്നായയുടെ വയറുപിളർന്ന് രക്തം ചാടുന്നതുകണ്ട് ആ രക്തം കുടിക്കാൻ മുമ്പോട്ടാഞ്ഞു. ഈ തക്കത്തിന് മകളെയും കൂട്ടി ആട്ടിൻ കുടുംബം രക്ഷപ്പെട്ടു. കുറുക്കന് ഹാപ്പിയായി. രക്തം കുടിച്ചു കുടിച്ച് വയറു നിറഞ്ഞു. ചെന്നായ് വീണുകിടക്കുന്നു, രക്തം വാർന്ന് ചെന്നായയുടെ കഥ കഴിഞ്ഞു കൊണ്ടിരിക്കുന്നു. ഉറ്റ സുഹൃത്തായ കുറുക്കച്ചൻ ചെന്നായുടെ രക്തം ആവോളം കുടിക്കുന്നു. ആടുകുടുംബത്തിന്റെ പൊടിപോലും ഇല്ല മാതാപിതാക്കൾ മകളെ രക്ഷപ്പെടുത്തി അവരുടെ കുടുംബത്തിലെത്തി.

മക്കൾ വഴിതെറ്റി പോകാതിരിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം എന്ന സന്ദേശമാണ് ഇതിലൂടെ നാം മനസിലാക്കുന്നത്. മക്കൾക്ക് വളരാനുള്ള സുഖസൗകര്യങ്ങൾ കൊടുത്താൽ മാത്രം പോരാ അവർ പോകുന്ന വഴികൾ, ചതിക്കുഴികൾ ഇതൊക്കെ അവരും മനസിലാക്കിയാൽ നന്ന്.

# ക്വിസ് കോർണർ 2021

*സെപ്റ്റംബർ – ഒക്ടോബർ ലക്കം വിജയികളായവർ:*

● **ഒന്നാം സമ്മാനം, 1000 രൂപ**
**പുഷ്പമ്മ ജോസഫ്**
**ഇല്ലുകുടിയിൽ, കരിമ്പ്**

● **രണ്ടാം സമ്മാനം, 500 രൂപ**
**മേഴ്സി മാത്യു**
**കാരക്കാട്ട്, വയലട**

● **മൂന്നാം സമ്മാനം, 250 രൂപ**
**ജൂലിയ ബിജു**
**മരോട്ടിക്കൽ, കൂരോട്ടുപാറ**

● **പ്രോത്സാഹന സമ്മാനം**
**റോസമ്മ**
**കിഴക്കേക്കുന്നേൽ, മഞ്ഞുവയൽ**

**ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ് നമ്പർ**
**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## 2021 നവംബർ – ഡിസംബർ ലക്കം ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. വ്യത്യസ്ത മതസമൂഹങ്ങളുള്ള കേരളത്തിൽ ഒരു ക്രിസ്ത്യാനിയുടെ ധർമ്മം എന്താണ്?
2. ലോകത്തിന് ക്രിസ്തുവിനെ പരിജയപ്പെടുത്താനുള്ള ഏറ്റവും നല്ല വിശേഷണം ഏതാണ്?
3. സഭയുടെ ജീവിതത്തിലും ദൗത്യത്തിലും മുഴുവൻ ദൈവജനത്തിന്റെയും പങ്കാളിത്തം എന്ന ആശയം സൂചിപ്പിക്കുന്ന പദം?
4. താമരശ്ശേരി രൂപതയുടെ പബ്ലിക്ക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ആരംഭിച്ച ഹെൽപ് ഡെസ്ക്കിന്റെ പേര്?
5. മഹാജനപദം എന്ന ഗ്രന്ഥം ആര് രചിക്കുന്ന കൃതിയാണ്?
6. ജീവിച്ചിരിക്കുന്നവരുടെ ആത്മീയ സുസ്ഥിതിക്കും സൗഖ്യത്തിനും വേണ്ടി പരികർമ്മം ചെയ്യുന്ന കൂദാശ?
7. നല്ല ക്രിസ്ത്യാനി കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു എന്നു പറഞ്ഞത് ആര്?
8. കേരളത്തിലെ യൂണിവേഴ്സിറ്റികൾക്ക് കീഴിലുള്ള കോളജുകളിൽ എംബിഎ അർഹത നേടുന്നതിനുള്ള പ്രവേശന പരീക്ഷയുടെ പേര് എന്ത്?
9. കുറച്ചു വെള്ളവും വളവും അധ്വാനവും കൊണ്ട് കുറഞ്ഞ സ്ഥലത്ത് പരമാവധി ഉത്പാദനം ഉണ്ടാകുന്ന പുത്തൻ കൃഷി സമ്പ്രദായത്തിന്റെ പേര്?
10. യഥാർത്ഥ ക്രിസ്തു ശിഷ്യൻ ജീവിതം കെട്ടിപടുക്കുന്നത് എന്തിലാണ്?

തയ്യാറാക്കിയത്: **ഫാ. സായി പാറൻകുളങ്ങര**

**ഉത്തരങ്ങൾ 2021 ജനുവരി 10ന് മുമ്പ് ലഭിക്കണം**

## സെപ്റ്റംബർ – ഒക്ടോബർ ലക്കം ഉത്തരങ്ങൾ

1. ഹോം 2. മാംഗോ മെഡോസ് 3. ഫ്രഷ് ടു ഹോം 4. സംസാരം 5. യഹൂദരെ 6. കോവിഡ് വായ്പ 7. വിശുദ്ധ കുർബാന 8. പെരിഫറൽ ആർട്ടറി ഡിസീസ് 9. ചെറുതാണ് സുന്ദരം 10. പ്രതിഭ സ്കോളർഷിപ്പ്

## പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്.
● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല.
● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673528.** ● സംശയങ്ങൾക്ക് വിളിക്കുക: **97 44 99 5553**

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1 ______
2 ______
3 ______
4 ______
5 ______
6 ______
7 ______
8 ______
9 ______
10 ______

പേര്: ......................................
വീട്ടുപേര്: ......................................
ഇടവക: ......................................
ഫോൺ: ......................................

# പുൽക്കൂടുകളാകട്ടെ കുടുംബങ്ങളും ഹൃദയങ്ങളും

**ഉണ്ണീശോയ്ക്ക് പ്രഥമ സ്ഥാനം നൽകുന്ന പുൽക്കൂടുകളായി മാറട്ടെ കുടുംബങ്ങളും ഹൃദയങ്ങളും. എല്ലാവർക്കും ഇടമുള്ള ഒരിടം.**



ചിന്തയും ചർച്ചയും

ആന്റണി ചടയംമുറി

അൾത്താരയുടെ മുമ്പിൽ ചമ്രം പടിഞ്ഞിരിക്കുന്ന കുട്ടികളോടായിരുന്നു വികാരിയച്ചന്റെ ചോദ്യം. "എന്തിനാ മക്കളേ നാം പുൽക്കൂടുണ്ടാക്കുന്നത്?" കൂട്ടത്തിൽ കുറുമ്പുകാരനായ ഒരു കൊച്ചുമിടുക്കൻ വിളിച്ചു പറഞ്ഞു "ഒരു രസത്തിന്." അടുത്തയാൾ കൈപൊക്കി, അവൻ പറഞ്ഞു "ഉണ്ണീശോയ്ക്ക് കിടക്കാൻ". അച്ചൻ പറഞ്ഞു "ശരി അങ്ങനെയെങ്കിൽ പുൽക്കൂട്ടിൽ ഉണ്ണിയീശോ മാത്രമല്ലല്ലോ ഉള്ളത്. പുൽക്കൂട്ടിൽ ഉണ്ണീശോയെ കൂടാതെ വേറെ ആരെല്ലാമുണ്ട്? ഒന്നു പറഞ്ഞേ" ഉടനെ കലപിലയായി. യൗസേപ്പിതാവും മാതാവും പൂജ്യരാജാക്കന്മാരും ആടും മാനും കുതിരയും കഴുതയുമെല്ലാം കുഞ്ഞുങ്ങൾ വിളിച്ചു കൂവിയ പട്ടികയിൽ നിരന്നു.

വികാരിയച്ചൻ കൈയുയർത്തി ഇനി മതിയെന്ന മട്ടിൽ. തുടർന്ന് അച്ചൻ പ്രസംഗം തുടങ്ങി: നമ്മുടെ വീടുകളിൽ ഉള്ള പുൽക്കൂടിന്റെ മാതൃക വിശുദ്ധ ഫ്രാൻസിസ് അസീസി ലോകത്തിനു നൽകിയതാണെന്നു നമുക്കറിയാം. അങ്ങനെയെങ്കിൽ, ആ വിശുദ്ധന്റെ ഹൃദയം നിറയെ ദൈവത്തിന്റെ സൃഷ്ടിയായ ഈ പ്രപഞ്ചത്തോടുള്ള സ്നേഹമായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതിയെന്താണ്? വന്യമൃഗങ്ങൾ ഇന്ന് നമുക്ക് ശത്രുക്കളായി മാറിക്കഴിഞ്ഞിരിക്കുന്നു. നമ്മുടെ കൃഷികൾ നശിപ്പിക്കുന്ന അവയെക്കുറിച്ച് നല്ലതൊന്നും പറയാനുമില്ല. അതായത്, നമ്മുടെ പുൽക്കൂട്ടിൽ നിരത്തി വച്ചിരിക്കുന്ന പലതും ഇപ്പോൾ മനുഷ്യന്റെ ശത്രുക്കളായി തീർന്നിരിക്കുന്നു. പ്രപഞ്ചത്തെ, പ്രപഞ്ചത്തിലുള്ള ദൈവസൃഷ്ടികളെ സ്നേഹിക്കാനാവാത്ത വിധം മനുഷ്യരും പ്രകൃതിയും തമ്മിൽ ഒരു തരം അകൽച്ചയുണ്ടായിക്കഴിഞ്ഞു. ഈ ശത്രുതയുടെ പാതയിൽ നിന്ന് എങ്ങനെ നമുക്ക് പിന്തിരിഞ്ഞു നടക്കാനാകുമെന്നതാണ് കത്തോലിക്കാ സഭയുടെ പുതിയ പ്രബോധനങ്ങളുടെ കാതൽ. കോവിഡാനന്തര കാലത്ത് പ്രപഞ്ചത്തെ സ്നേഹം നിറഞ്ഞ കണ്ണുകളോടെ നോക്കിക്കാണാനുള്ള പുതിയ ജീവിതശൈലി ഈ കാലഘട്ടത്തിലും സാധ്യമാണെന്ന് ഫ്രാൻസിസ് പാപ്പ ക്രൈസ്തവരോട് മാത്രമല്ല ലോകത്തോടു തന്നെയും നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നു.

## ദൈവം രചിച്ച അമൂല്യഗ്രന്ഥം

ഫ്രാൻസിസ് പാപ്പ എഴുതിയ 'കർത്താവേ അങ്ങേക്കു സ്തുതി' എന്ന ചാക്രിക ലേഖനത്തിൽ ഇങ്ങനെ പറയുന്നു: ദൈവം ഒരമൂല്യ ഗ്രന്ഥം രചിച്ചിട്ടുണ്ട്. അതിലെ അക്ഷരങ്ങൾ പ്രപഞ്ചത്തിലുള്ള സൃഷ്ടവസ്തുക്കളുടെ സമൂഹമാണ്. (നമ്പർ 85) ഈ കണ്ടെത്തൽ കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിലും വായിക്കാനാകും. സൃഷ്ടികളുടെ പരസ്പരാശ്രയത്വം ദൈവനിശ്ചിതമാണ്. സൂര്യനും ചന്ദ്രനും കേദാരവൃക്ഷവും ചെറുപൂക്കളും കഴുകനും ചെറുകുരുവികളും എണ്ണമറ്റ ഇവയുടെ വൈവിധ്യത്തിന്റെയും അസമത്വങ്ങളുടെയും ദൃശ്യങ്ങൾ വ്യക്തമാക്കുന്നത് ഒരു സൃഷ്ടിയും സ്വയംപര്യാപ്തമല്ലെന്നാണ്. പരസ്പരാശ്രയത്വമില്ലാതെ സൃഷ്ടികൾക്ക് നിലനിൽപ്പില്ല. പരസ്പരമുള്ള സഹായത്തിലൂടെ അവ പൂർണതയിലെത്തുന്നു". (നമ്പർ 340).

ഫ്രാൻസിസ് മാർപാപ്പ വീണ്ടും സ്വാഭാവികമായ ആവാസവ്യവസ്ഥയെക്കുറിച്ച് നമ്മെ പഠിപ്പിക്കുന്നുണ്ട്. പാപ്പ പറയുന്നു: സ്വാഭാവികമായ ആവാസ വ്യവസ്ഥ ഒരു സംഘാതാത്മകതയാണ്. (കർത്താവേ അങ്ങേക്ക് സ്തുതി–നമ്പർ–95) സൃഷ്ടിയോടുള്ള പൂർണ്ണ ഐക്യത്തിൽ യേശുനാഥൻ ജീവിച്ചിരുന്നുവെന്ന വചന സാക്ഷ്യവും ഫ്രാൻസിസ് പാപ്പ തുടർന്നു ചൂണ്ടിക്കാണിക്കുന്നു. അതുകൊണ്ടാണ് യേശുവിനെ നോക്കി മറ്റുള്ളവർചോദിക്കുന്നത്, "ഇവൻ ആര്? കാറ്റും കടലും പോലും ഇവനെ അനുസരിക്കുന്നല്ലോ." (മത്തായി 8.27)

## ഉറവെടുക്കട്ടെ സ്നേഹപ്രവാഹങ്ങൾ

പ്രകൃതിയിൽ, പ്രപഞ്ചത്തിൽ എല്ലാവർക്കും ഇടമെന്ന ആശയത്തിന്റെ സൗകുമാര്യം ധ്യാനിക്കുവാൻ ക്രൈസ്തവരായ നമുക്ക് ഇന്ന് കഴിയുന്നില്ല. വീടുകളിൽ അപ്പനും മക്കളുമോ, ചേട്ടന്മാരും ചേച്ചിമാരും കുഞ്ഞനുജൻമാരുമൊക്കെ ഒരുമിച്ച് കളിച്ചും ചിരിച്ചും കെട്ടിയുണ്ടാക്കിയ പുൽക്കൂടുകൾക്ക് പകരം നാമിന്ന് റെഡിമെയ്ഡ് പുൽക്കൂടുകൾ വാങ്ങിത്തുടങ്ങിയിരിക്കുന്നു. പ്രപഞ്ച സൃഷ്ടികളോടുള്ള സ്നേഹമത്രയും ഊറ്റിക്കളഞ്ഞ്, ചപ്പായി മാറിയ എല്ലിൻകഷ്ണങ്ങൾ കൂട്ടിയോജിപ്പിച്ചവ എന്ന മട്ടിൽ കടകളിൽ വിൽപ്പനയ്ക്കെത്തുന്ന പുൽക്കൂടുകൾ ക്രിസ്തുമസ് എന്ന ആഘോഷത്തിന്റെ വിരസമായ വഴിപാടു കാഴ്ചകളാണിപ്പോൾ.

മനുഷ്യഹൃദയങ്ങളിൽ സ്നേഹത്തിന്റെ ഉറവകൾ വീണ്ടും പൊട്ടിപ്പുറപ്പെടാൻ ഇനിയും സമയമുണ്ട്. ദൈവത്തിന് മനുഷ്യരോടുള്ള സമൃദ്ധമായ സ്നേഹപ്രവാഹം ഒരിക്കലും വറ്റിവരളുന്നില്ല. എന്നാൽ നാം പലപ്പോഴും ദൈവത്തിൽ നിന്ന് കണക്കുപറഞ്ഞുവാങ്ങിയ സ്നേഹത്തുട്ടുകളുമായി, അവിടുത്തെ കൺപാതയിൽ നിന്ന് ഓടിയകലുവാൻ ശ്രമിക്കുകയാണ് ധൂർത്തപുത്രനെപോലെ.

ക്രിസ്തുമസ് എന്ന ആഘോഷത്തിലൂടെ, ആചരണത്തിലൂടെ നമ്മുടെ വിശ്വാസ ജീവിതത്തിൽ എന്തെങ്കിലും കാതലായ മാറ്റം സംഭവിക്കുന്നുണ്ടോയെന്ന കാര്യം ഓരോ ക്രിസ്തീയ കുടുംബവും ധ്യാനവിഷയമാക്കണം. കോവിഡ് മഹാമാരി നമ്മുടെ മാനുഷികമായ കണക്കുകൂട്ടൽ തെറ്റിച്ചിട്ടുണ്ടാകാം. എന്നാൽ നമ്മുടെ ദൃഢമായ വിശ്വാസത്തിലൂടെ ദൈവത്തോടൊപ്പം സഹഗമിക്കാൻ ഇതൊരവസരമാണ്.

## എല്ലാവർക്കും ഇടം വേണം

വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ക്രിസ്തീയ കുടുംബത്തെക്കുറിച്ച് അതിമനോഹരമായ വിവരണം നൽകിയിട്ടുണ്ട് . 'ഒരു നല്ല അപ്പന്റെ ചാവരുൾ' എന്ന കത്ത് ആരംഭിക്കുന്നതു തന്നെ "നല്ല ക്രിസ്ത്യാനി കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു" എന്നു പറഞ്ഞുകൊണ്ടാണ്. ക്രിസ്തുമസിനോടനുബന്ധിച്ച് എല്ലാവർക്കും ഇടമൊരുക്കുന്ന ഹൃദയങ്ങളും കുടുംബങ്ങളുമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്റെ മുമ്പായി കോവിഡാനന്തര കാലഘട്ടത്തിൽ പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പ ഓരോ ക്രിസ്തീയ വിശ്വാസിക്കുമായി വരച്ചിടുന്ന ഒരു മാതൃകാവ്യതിയാനത്തെക്കുറിച്ച് ചിന്തിക്കാം. വിശ്വാസത്തിന്റെ ആനുകാലികമായ ഈ രൂപമാറ്റം, ഒരിക്കലും സഭ പിന്തുടരുന്ന രീതിശാസ്ത്രത്തിന് വിരുദ്ധമല്ല. കാരണം, ഫ്രാൻസിസ് പാപ്പ ഇതിനായി ചൂണ്ടിക്കാണിക്കുന്നത് നല്ല സമരിയാക്കാരന്റെ ഉപമയാണ്. പാവപ്പെട്ടവനെയും മുറിവേറ്റവനെയും സഭയുടെ സമഗ്രശുശ്രൂഷ പദ്ധതിയിൽ കൂടുതലായി ഉൾപ്പെടുത്തുന്ന സാഹോദര്യ ദർശനമാണ് പാപ്പ ഇതിനായി നിഷ്കർഷിക്കുന്നത്.

നമ്മുടെ കുടുംബങ്ങളുടെ അസ്തിത്വം ദൈവകരങ്ങളിലാണെന്ന് അധരം കൊണ്ട് ഏറ്റുപറയുമ്പോഴും, ഓരോ മനുഷ്യനും അവന്റെ ആസൂത്രണത്തിൽ അമിതമായി ആശ്രയിച്ചിരുന്ന നാളുകളാണ് കടന്നുപോയത്. ആർത്തലച്ചെത്തിയ മഹാമാരി നമ്മുടെ ഹൃദയത്തിൽ കൂടുതലായി വേരോടേണ്ട ആദ്ധ്യാത്മികതയെ സ്പർശിച്ചുവോ? തീർച്ചയായും മനുഷ്യൻ അവന്റെ ജീവിതം ആസൂത്രണം ചെയ്യുന്നതിൽ തെറ്റൊന്നുമില്ല. എന്നാൽ, ദൈവത്തോട് ആദ്യം ആലോചന ചോദിച്ചാണോ നമ്മുടെ പ്ലാനിംഗ്?

മകനെ ഡോക്ടറാക്കണമെന്നും മകളെ കളക്ടറാക്കണമെന്നും ആഗ്രഹിക്കുന്ന മാതാപിതാക്കൾ, ആദ്യം ദൈവത്തിന് ഈ മക്കളെ ഉപാധികളില്ലാതെ വിട്ടുകൊടുക്കണം. തുടർന്നുള്ള പ്രാർത്ഥന ഇങ്ങനെയാകാം. "ദൈവമേ നിന്റെ ദാനമായ മക്കളെ ഞാനിതാ അങ്ങയുടെ സന്നിധിയിൽ സമർപ്പിക്കുന്നു. ഇവരുടെ ജീവിത വഴികളിൽ നിന്റെ വിരൽത്തുമ്പ് പിടിച്ചു നടക്കാൻ ഇവരെ പ്രാപ്തരാക്കാനുള്ള ശക്തിയും ശേഷിയും എനിക്കും എന്റെ കുടുംബത്തിനും നൽക്കണമേ..."

## തോറ്റുപോകുന്നവർക്കും ഇടം നൽകണം

മക്കളിൽ ചിലർ ജീവിതത്തിൽ ഇടറിപ്പോകുമ്പോൾ അവരെ ചേർത്തുപിടിക്കുന്ന കരുണാർദ്രമായ മനസുള്ളവരാണോ നാം? ചിന്തിക്കുക, ക്രിസ്തുമസ് മനുഷ്യരോടുള്ള ദൈവകരുണയുടെ അത്യുച്ചകോടിയാണ്. ദൈവം നമ്മുടെമേൽ ചൊരിഞ്ഞ കരുണയുടെ ദീപക്കാഴ്ച്ചയിലാകണം നമ്മുടെ കുടുംബങ്ങളുടെ ജീവിതയാത്ര. കൂറ്റാക്കൂറ്റിരുട്ടിലാണ് ഇന്ന് എല്ലാവരുടെയും ദൈനംദിനജീവിതം. വരുമാനം നിലച്ചവർ, കൃഷി നഷ്ടപ്പെട്ടവർ, തൊഴിൽ നഷ്ടപ്പെട്ടവർ, വീടുകൾ നഷ്ടപ്പെട്ടവർ, മാറി മാറി വരുന്ന രോഗങ്ങൾ, ചികിത്സയ്ക്കും അനുദിനാവശ്യങ്ങൾക്കും പണമില്ലാത്തവർ– ഇല്ലായ്മകളുടെ കുത്തൊഴുക്കിൽ കാലിടറിപ്പോകാതിരിക്കാൻ ഓരോ കുടുംബങ്ങളും ഇടവകകളും കൈകോർത്തു പിടിച്ചുനിൽക്കണം. അതിനായി ഹൃദയങ്ങളിലെ പുൽക്കൂട്ടിൽ നമുക്ക് ആദ്യം ഉണ്ണീശോയെ പ്രതിഷ്ഠിക്കാം.

2-ാം ചരമവാർഷികം
(22-12-2021)



T. V തോമസ് (മാമച്ചൻ)
തകിടിയിൽ, പെരിന്തൽമണ്ണ
ജനനം: 01-04-1956 മരണം: 22-12-2019
പ്രാർത്ഥനയോടെ, കുടുംബാംഗങ്ങൾ

41-ാം ചരമദിനം
(01-12-2021)



ജാൻസി മാത്യു (ജെസി)
പനന്താനത്ത്, നരിനട
പ്രാർത്ഥനയോടെ, കുടുംബാംഗങ്ങൾ

# സന്യാസ സഭകൾക്ക് പുതിയ നേതൃത്വം

## തിരുഹൃദയ സന്യാസ സഭ (എസ്എച്ച് )




സി. എൽസീന ജോൺ (പ്രൊവിൻഷ്യൽ)

എസ്എച്ച് താമരശ്ശേരി പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി സിസ്റ്റർ എൽസീന ജോൺ മൂലയിൽ തിരഞ്ഞെടുക്കപ്പെട്ടു. കുപ്പായക്കോട് മൂലയിൽ പരേതനായ ജോൺ - ഏലി ദമ്പതികളുടെ മകളാണ്.

അസിസ്റ്റന്റ് പ്രൊവിൻഷ്യലായി സിസ്റ്റർ ലിസി കുര്യനും കൗൺസിലർമാരായി സിസ്റ്റർ അമലാ ജെയിംസ്, സിസ്റ്റർ സീന ആന്റോ, സിസ്റ്റർ വിമല ജോസ് എന്നിവരും പ്രൊവിൻഷ്യൽ ഓഡിറ്ററായി സിസ്റ്റർ ജെസി ഫിലിപ്പ്, പ്രൊവിൻഷ്യൽ പ്രൊക്യുറേറ്ററായി സിസ്റ്റർ റീന മാത്യു എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.



- സി. ലിസി കുര്യൻ (അസി. പ്രൊവിൻഷ്യൽ)
- സി. ജെസി ഫിലിപ്പ് (പ്രൊവിൻഷ്യൽ ഓഡിറ്റർ)
- സി. റീന മാത്യു (പ്രൊവിൻഷ്യൽ പ്രൊക്യുറേറ്റർ)



● സി. അമലാ ജെയിംസ് ● സി. സീന ആന്റോ ● സി. വിമല ജോസ് (കൗൺസിലർമാർ)

## ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സഭ (എഫ്സിസി)



സി. ലില്ലി ജോൺ (പ്രൊവിൻഷ്യൽ)

എഫ്സിസി താമരശ്ശേരി പ്രൊവിൻസിന്റെ പ്രൊവിൻഷ്യലായി സിസ്റ്റർ ലില്ലി ജോൺ തെരഞ്ഞെടുക്കപ്പെട്ടു. കൂടരഞ്ഞി മലപ്രവനാൽ ജോൺ - ത്രേസ്യ ദമ്പതികളുടെ മകളാണ്. അസിസ്റ്റന്റ് പ്രൊവിൻഷ്യലായി സിസ്റ്റർ ജ്യോതിസ് കല്ലിടുക്കിൽ, കൗൺസിലർമാരായി സിസ്റ്റർ റിറ്റി ജോസ് കലയത്തുംകുഴിയിൽ, സിസ്റ്റർ ജയ കരിങ്ങടയിൽ, സിസ്റ്റർ ലെറ്റിൻ ജോസ് ആയിരംമല എന്നിവരും പ്രൊവിൻഷ്യൽ ട്രഷററായി സിസ്റ്റർ ആനീസ് മേനാച്ചേരിൽ, പ്രൊവിൻഷ്യൽ സെക്രട്ടറിയായി സിസ്റ്റർ ജാസ്മിൻ പനക്കംപതാലിൽ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.



● സി. ജ്യോതിസ് (അസി. പ്രൊവിൻഷ്യൽ) ● സി. ആനീസ് (പ്രൊവിൻഷ്യൽ ട്രഷറർ) ● സി. ജാസ്മിൻ (പ്രൊവിൻഷ്യൽ സെക്രട്ടറി)



● സി. റിറ്റി ജോസ്, ● സി. ജയ ● സി. ലെറ്റിൻ ജോസ് (കൗൺസിലർമാർ)



കുണ്ടായിത്തോട് സെന്റ് ആന്റണീസ് ഇടവക ഇടവഴിക്കൽ സ്മിജു - ആൻ സെറ്റ് ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന്റെ (ഫൗസ്റ്റിന) മാമോദിസയും മൂത്തമകൻ റിയോൺ സ്മിജുവിന്റെ ആദ്യ കുർബാന സ്വീകരണവും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. വികാരി ഫാ. തോമസ് കോളങ്ങായിൽ സമീപം



ഈസ്റ്റ്ഹിൽ ഫാത്തിമ മാതാ ഇടവക കണ്ടത്തിൻകര ടോജി - റിന്റ ദമ്പതികളുടെ എട്ടാമത്തെ കുഞ്ഞിന്റെ (ഡൊമിനിക്) മാമ്മോദീസ ചടങ്ങിൽ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ടോജിയോടും കുടുംബത്തോടുമൊപ്പം

## മലബാർ വിഷൻ മാട്രിമോണിയൽ



താമരശ്ശേരി രൂപത RC യുവാവ്, 31 വയസ്, 5.2 Inch ഉയരം, SSLC. സ്വന്തമായി ഇൻഡസ്ട്രിയൽ വർക്ക് നടത്തുന്നു. സാമ്പത്തികം പ്രശ്നമല്ല. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9745402455, 8547514556



താമരശ്ശേരി രൂപത RC യുവാവ്, 30 വയസ്, 166 cm ഉയരം, BTech (EC). ബാംഗ്ലൂരിൽ ബയോമെഡിക്കൽ എഞ്ചിനിയർ ആയി ജോലി ചെയ്യുന്നു. ദൈവഭയമുള്ള വിദ്യാസമ്പന്നരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9947042159, 9446823066

ജീവിതപങ്കാളിയെ തേടിയുള്ള നിങ്ങളുടെ യാത്രയിൽ ഞങ്ങൾ നിങ്ങളെ സഹായിക്കാം. മാട്രിമോണിയൽ പരസ്യങ്ങൾ വരൻ/വധുവിന്റെ ഫോട്ടോയോടുകൂടി പ്രസിദ്ധീകരിക്കും. ഒരു ലക്കത്തിലേക്ക് വിവാഹ പരസ്യം നൽകുന്നതിന് 1000 രൂപയും 2 ലക്കങ്ങളിലേക്ക് 1500 രൂപയുമാണ് നിരക്ക്. വ്യക്തി വിവരങ്ങളും ഫോട്ടോയും 97 44 99 555 3 എന്ന വാട്സാപ്പ് നമ്പറിലേക്ക് അയയ്ക്കാം. വിവരങ്ങൾക്ക്: 97 44 99 555 2

വീട്ടിലിരുന്നും
മലബാർ വിഷനിൽ
പരസ്യം നൽകാം

ജന്മദിനം, വിവാഹം, വിവാഹവാർഷികം, ചരമ പരസ്യങ്ങൾ, ബാപ്റ്റിസം, കുർബാന സ്വീകരണം, ജൂബിലി

പരസ്യങ്ങൾ വാട്സാപ് വഴി നൽകുവാനുള്ള സൗകര്യം മലബാർ വിഷൻ ഒരുക്കുന്നു. ഓഫീസിലേക്കു വരാതെ തന്നെ വായനക്കാർക്കു നിമിഷനേരം കൊണ്ട് തങ്ങളുടെ പരസ്യങ്ങൾ മലബാർ വിഷനിൽ പ്രസിദ്ധീകരണത്തിനായി നൽകാം. ആദരാഞ്ജലികൾ, വിവാഹ ആശംസ, വിവാഹവാർഷികം, വിവാഹവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ, ജന്മദിന ആശംസകൾ തുടങ്ങിയ പേഴ്സണൽ പരസ്യങ്ങളാണ് വാട്സാപ് വഴി നൽകാവുന്നത്.

വിവരങ്ങൾക്ക്: 9497564558, 9745967733
വാട്സാപ്: 9744995553

മലബാർ വിഷൻ

DIVINE SHOPPE
(GIFT HOUSE)
CHAKKITTAPARA
Ph: 0496 2965132
കൊന്തകൾ, രൂപങ്ങൾ, ഭക്തവസ്തുക്കൾ
വമ്പിച്ച വിലക്കുറവിൽ....
LED രൂപങ്ങൾ, Statues, ആത്മീയ പുസ്തകങ്ങൾ
കൂടാതെ നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് സമ്മാനങ്ങൾ എത്തിക്കാൻ
വിളിക്കൂ... 0496 2965132 , 9447356853

DIVINE MATRIMONIAL
Since 2002
CHAKKITTAPARA, KOZHIKODE
Ph: 0496 2965132 , 9447356853
www.divinematrimonial.in
a christian matrimony for malayalees

അതൊന്നും കേട്ട് പേടിക്കേണ്ട!!!

ഉത്തമ പങ്കാളിയെ കണ്ടെത്താൻ മൊബൈൽ പരിജ്ഞാനം ഇനി തടസമാകില്ല. ഞങ്ങളുടെ കസ്റ്റമർ കെയർ എക്സിക്യൂട്ടീവുകൾ നിങ്ങളെ സഹായിക്കും. വിളിക്കൂ...
● 85909 90889 ● 623 544 5544
എല്ലാ മേഖലയിൽ ഉള്ളവർക്കും അനുയോജ്യമായ പങ്കാളിയെ കുറഞ്ഞ ചെലവിൽ കണ്ടെത്താൻ പ്രോ-ലൈഫ് മാട്രിമോണിയിലൂടെ അവസരം!!!
എല്ലാവിധ ആധുനിക സംവിധാനങ്ങളോടും കൂടിയ മാട്രിമോണിയൽ സർവീസ് ഞങ്ങളുടെ ഉറപ്പാണ്
സ്ത്രീകൾക്ക് തികച്ചും സൗജന്യം | പുരുഷന്മാർക്ക് 500 രൂപ മാത്രം
ProLifeMarry.com
KCBC മലബാർ പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ വൈദികരുടെ മേൽനോട്ടത്തിലുള്ള ക്രിസ്ത്യൻ മാട്രിമോണിയൽ സർവീസ്
www.ProlifeMarry.com
Download Mobile App: tinyurl.com/prolifemarry

